بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّ اَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

വാള്യം 3

ലക്കം 7

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 ഫെബ്രുവരി 15/ഹി:ശം:1397 തബ്ലീഗ് 15/ഹി:ഖ:1439 ജമാദുൽഅവ്വൽ 28


## അല്ലാഹുവിന്റെ വചനം

کُلُوۡا مِنۡ طَیِّبٰتِ مَا رَزَقۡنٰکُمۡ

(سورۃ البقرۃ:58)

*കുലൂ മിൻ ത്വയ്യിബാത്തി മാ റസഖ്നാക്കും(2:58)*

നാം ഏതൊരു ജീവിതവിഭവമാണോ നിങ്ങൾക്കു നല്കിയിട്ടുള്ളത് അതിൽ നിന്നു പരിശുദ്ധമായത് തിന്നുകൊള്ളുവിൻ.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## അടിസ്ഥാനപരമായ ഈ മൂന്നു കാര്യമാണുള്ളത്. ഇത് നമ്മുടെ ജമാഅത്ത് കാത്തുസൂക്ഷിക്കേണ്ടതാണ്. ഇതിൽ അത്യുന്നതമായ മാതൃകകൾ കാണിക്കേണ്ടതാണ്.

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

"നമ്മുടെ സകല ഉപദേശങ്ങളുടേയും സംക്ഷിപ്തം മൂന്നു കാര്യത്തിലാണ്. ഒന്നാമത്തേത് അല്ലാഹുവിനോടുള്ള കടമകളെ ഓർത്തുകൊണ്ട് അവന്റെ ആരാധനയിലും അനുസരണത്തിലും മുഴുകിയിരിക്കുക. അവന്റെ മഹത്ത്വം മനസ്സിൽ കുടിയിരുത്തുക. അവനെ എല്ലാത്തിനെക്കാളും അധികം സ്നേഹിക്കുക. അവനെ ഭയന്നുകൊണ്ട് ശരീരേച്ഛകളെ കൈവെടിയുക. അവനെ ഏകനും പങ്കുകാരനില്ലാത്തവനുമായി അറിയുക. അവനുവേണ്ടി പരിശുദ്ധ ജീവിതം നയിക്കുക. ഏതെങ്കിലും മനുഷ്യനോ മറ്റു സൃഷ്ടികൾക്കോ അവന്റെ സ്ഥാനം നല്കാതിരിക്കുക. യഥാർഥത്തിൽ എല്ലാ ആത്മാക്കളേയും ശരീരങ്ങളേയും സൃഷ്ടിക്കുന്നവനും ഉടമസ്ഥനുമായി അവനെ ദൃഢമായും വിശ്വസിക്കുക. രണ്ടാമത്തേത് മനുഷ്യകുലത്തോടു സഹതാപത്തോടുകൂടി പെരുമാറുക. കഴിയുന്നത്ര എല്ലാ ഓരോരുത്തർക്കും നന്മ ചെയ്യുകയും കുറഞ്ഞപക്ഷം നന്മ ചെയ്യണമെന്ന വിചാരമെങ്കിലും ഉണ്ടാകുകയും ചെയ്യുക. മൂന്നാമത്തേത് ഏതൊരു സർക്കാറിന്റെ തണലിലാണോ അല്ലാഹു നമ്മെ ആക്കിയിട്ടുള്ളത് അതായത് ബ്രിട്ടീഷ് സർക്കാർ അവർ നമ്മുടെ അഭിമാനത്തേയും ജീവനേയും ധനത്തേയും സംരക്ഷിക്കുന്നു. അവരുടെ സത്യസന്ധമായ ഗുണകാംക്ഷിയായിരിക്കുക. അവർക്ക് അസ്വസ്ഥത ഉണ്ടാക്കുന്ന സമാധാനത്തിനു വിരുദ്ധമായ കാര്യങ്ങളിൽനിന്ന് അകന്നിരിക്കുക. അടിസ്ഥാനപരമായ ഈ മൂന്നു കാര്യമാണുള്ളത്. ഇത് നമ്മുടെ ജമാഅത്ത് കാത്തുസൂക്ഷിക്കേണ്ടതാണ്. ഇതിൽ അത്യുന്നതമായ മാതൃകകൾ കാണിക്കേണ്ടതാണ്."

(കിതാബുൽ ബരിയ്യ, റൂഹാനീ ഖസാഇൻ വാള്യം 13 പേജ് 14)

(2017-ൽ നടന്ന 123-ാമത് ജൽസസാലാനയുടെ സംക്ഷിപ്ത റിപ്പോർട്ട്(തുടങ്ങിയതുമുതൽ 126-ാമത്)

## അഹ്മദിയ്യാകേന്ദ്രമായ ഖാദിയാൻ ദാറുൽഅമാനിൽ 123-ാമത് ജൽസസാലാന വിജയകരമായനിലയിൽ സമാപിച്ചു.

**മുസ്ലിം ടെലിവിഷൻ അഹ്മദിയ്യാ ഇന്റർനാഷണൽ മുഖേന സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അത്യുജ്ജ്വലമായ ആത്മീയ പ്രഭാഷണം.**

**●44 രാജ്യങ്ങളിൽനിന്ന് പ്രതിനിധികൾ. 20,048 പേർ ജൽസയിൽ പങ്കെടുത്തു.**

**●ഹുദൂറിന്റെ സമാപന പ്രഭാഷണത്തിൽ ലണ്ടനിൽ 5300 പ്രതിനിധികൾ സന്നിഹിതരായി.**

**●തഹജ്ജുദ് നമസ്കാരം. ●ദർസുൽഖുർആൻ. ●ദിക്റെ ഇലാഹിയുടെ തികവാർന്ന അന്തരീക്ഷം. ●ആദരണീയരായ ആലിംകളുടെ ഉജ്ജ്വല പ്രസംഗങ്ങൾ. ●സർവമത സമ്മേളനം. ●അതിഥികളുടെ പരിചയപ്പെടുത്തൽ ഭാഷണം. ●ദേശീയവും അന്തർദേശീയവുമായ ഭാഷകളിൽ പരിഭാഷ. ●അഹ്മദികളുടെ അറിവുകളിൽ വർധനവരുത്തുന്നതിന് ശിക്ഷണപരമായ കാര്യങ്ങളടങ്ങിയ ഡോക്യുമെന്ററികളും പ്രദർശനങ്ങളും. ●32 വിവാഹ വിളംബരങ്ങൾ. ●പ്രിന്റ്-ഇലക്ട്രോണിക് മാധ്യമങ്ങളിൽ ജൽസയുടെ കവറേജ്. ●സമാധാനപരവും സന്തോഷഭരിതവുമായ അന്തരീക്ഷത്തിൽ ജൽസയ്ക്ക് സമാപനം. ●ഡിസംബർ 20 മുതൽ 22വരെ എം.ടി.എ ഇന്റർ നാഷണൽ ഖാദിയാൻ സ്റ്റുഡിയോയിൽനിന്ന് അറബി പ്രോഗ്രാം "ഇസ്മഊ സൗത്തസ്സമാ ജാഅൽ മസീഹ് ജാഅൽ മസീഹ്"ന്റെ തൽസമയ സംപ്രേഷണം. ●ജനുവരി 3 മുതൽ 5 വരെ 'The Messiah of the Age' എന്ന ശീർഷകത്തിൽ ആഫ്രിക്കൻ രാജ്യങ്ങൾക്കുവേണ്ടി തൽസമയ സംപ്രേഷണം.**

### ഖാദിയാൻ ജൽസ (ഭാഗം 3)

ഈ യോഗത്തിലെ രണ്ടാമത്തെ പ്രസംഗം അഡീഷണൽ നാളിർ അഅ്ലാ ജുനൂബി ഹിന്ദ് വ നാളിർ തഅ്ലീം ഖാദിയാൻ, ശിറാസ് അഹ്മദ് സാഹിബിന്റേതായിരുന്നു. 'ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹയുടെ ഈമാൻ ദൃഢീകരിക്കും വിധമുള്ള ജോലിത്തിരക്കുകളും ജമാഅത്ത് അംഗങ്ങളുടെ ഉത്തരവാദിത്വങ്ങളും' എന്ന ശീർഷകത്തിലായിരുന്നു അദ്ദേഹം പ്രസംഗിച്ചത്. അദ്ദേഹം തന്റെ പ്രസംഗത്തിൽ പറഞ്ഞു: 'നമ്മുടെ ജീവിതോദ്ദേശ്യം സമിഅ്നാ വ അത്വഅ്നാ എന്നതാണ്.' 'കേൾക്കുക, അനുസരിക്കുക' എന്നത് നമ്മൾ ആവർത്തിച്ച് ആവർത്തിച്ച് കേട്ടിട്ടുള്ളതാണ്. ഖുലഫാഉർറാശിദീന്റെ ഉപദേശവും സുന്നത്തുമനുസരിച്ച് ജീവിക്കുക എന്ന് നബി(സ) തിരുമേനി നമ്മളെ ഉപദേശിച്ചു. നിങ്ങളുടെ അമീർ ഒരു നീഗ്രോ ആണെങ്കിലും അല്ലാഹുവിനോട് ഭയഭക്തി ഉള്ളവരായിരിക്കണമെന്നും കാര്യങ്ങൾ കേൾക്കണമെന്നും അനുസരിക്കണമെന്നും ഹദീഥിൽ വന്നിരിക്കുന്നു. കാരണം, ഒരു കാലം വരാൻ പോകുന്നു; നിങ്ങളിലാരെങ്കിലും എന്റെ കാലശേഷം ജീവിച്ചിരിക്കുകയാണെങ്കിൽ വളരെ വലിയ ഭിന്നിപ്പ് കാണുന്നതായിരിക്കും. അതുകൊണ്ട് നിങ്ങൾ ആ ദാരുണാവസ്ഥയിൽ എന്റേയും എന്റെ നേർമാർഗം പ്രാപിച്ച ഖുലഫാഉർറാശിദീന്റേയും സുന്നത്തിനെ പിൻപറ്റണം, അതിൽ ശക്തമായി നിലകൊള്ളുകയും വേണം.' (മുസ്നദ്)

കാലത്തിന്റെ ഖലീഫ നമ്മുടെ റോൾമോഡലാണെന്ന് നമുക്ക് എല്ലാവർക്കും അറിയാം. അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിന് കാലത്തിന്റെ ഖലീഫയുടെ ഉപദേശങ്ങളും അവിടത്തെ സുന്നത്തുമനുസരിച്ച് നടക്കേണ്ടത് വളരെ നിർബന്ധമാണ്. കാരണം കാലത്തിന്റെ ഖലീഫ അല്ലാഹുവിന്റെ പ്രതിനിധിയാണ്. നബി(സ)തിരുമേനിയുടേയും മസീഹ് മൗഊദിന്റേയും ജീവിതചര്യ അനുസരിച്ച് എങ്ങനെ കർമം ചെയ്യണമെന്ന് കാലത്തിന്റെ ഖലീഫ നമ്മെ പഠിപ്പിക്കുന്നു. അഞ്ചാം ഖിലാഫത്തിന്റെ അനുഗൃഹീത കാലഘട്ടത്തിൽ നമുക്ക് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലായുടെ ജീവിതചര്യയുടെ നിരവധി വശങ്ങൾ ആബിദ്ഖാൻ സാഹിബിന്റെ ഡയറിയിൽ നിന്ന് ലഭിക്കുന്നുണ്ട്. ഖലീഫയോടുള്ള അനുസരണവും സ്നേഹവും എങ്ങനെ വർധിപ്പിക്കാൻ കഴിയുമെന്ന് ഖലീഫത്തുൽ മസീഹിനോട് ചോദിച്ചു. ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: 'ഖലീഫ പറയുന്ന കാര്യങ്ങൾ സശ്രദ്ധം കേൾക്കുക, കാലത്തിന്റെ ഖലീഫയെ ഏറ്റവും കൂടുതൽ സ്നേഹിക്കുക, അങ്ങനെയായാൽ ഖലീഫയെ അനുസരിക്കുന്നതിലും സ്നേഹിക്കുന്നതിലും അഭിവൃദ്ധിപ്പെടുന്നതാണ്.' ഹുദൂർ പറയുന്നു: 'എന്തെങ്കിലും

(ശേഷം പേജ് 10ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദർ ബോർഡ്,ഖാദിയാൻ

**ജൽസയിൽ പങ്കെടുക്കാൻവേണ്ടി വന്നിരിക്കുന്ന നിങ്ങൾ നമസ്കാരം അതിന്റെ നേരത്ത് മസ്ജിദിൽപോയി ജമാഅത്തായി നമസ്കരിക്കുന്നതാണെന്ന് പ്രതിജ്ഞ ചെയ്യുക.**

**നിങ്ങളുടെ ഉള്ളിൽ പരിശുദ്ധ പരിവർത്തനമുണ്ടാക്കുക. നിങ്ങൾ കളവിൽനിന്ന് രക്ഷപ്പെടുക. വഞ്ചനയിൽനിന്ന് രക്ഷപ്പെടുക. അഹങ്കാരത്തിൽനിന്ന് രക്ഷപ്പെടുക. നിങ്ങളുടെ ആത്മീയനിലവാരത്തെ ഉയർത്തുക. ആരാധനകളുടെ ഉന്നത നിലവാരം സ്ഥാപിക്കുക.**

**ഖിലാഫത്ത് എന്ന നിഅ്മത്തിനെ വിലമതിക്കുക. ഇതിന്റെ നിർദേശങ്ങളും മാർഗോപദേശങ്ങളുമനുസരിച്ച് നിങ്ങളുടെ ജീവിതത്തെ വാർത്തെടുക്കാൻ ശ്രമിക്കുക.**

---

**2017 ഡിസംബർ 10 ന് മാൾട്ട(Malta) ജമാഅത്തിന്റെ ആദ്യത്തെ ജൽസസാലാനയുടെ അവസരത്തിൽ സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ പ്രത്യേക സന്ദേശം**

മാൾട്ട(Malta) അഹ്മദിയ്യാ ജമാഅത്തിലെ
എന്റെ പ്രിയപ്പെട്ട സഹോദരങ്ങളേ!

*അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു*

*അൽഹംദുലില്ലാഹ്!* മാൾട്ട അഹ്മദിയ്യാ ജമാഅത്തിന് തങ്ങളുടെ ആദ്യത്തെ ജൽസസാലാന സംഘടിപ്പിക്കുന്നതിന് സൗഭാഗ്യം സിദ്ധിച്ചിരിക്കുകയാണ്. അല്ലാഹു ഈ ജൽസയുടെ എല്ലാ ഒരുക്കങ്ങളിലും അനുഗ്രഹം ചൊരിയുമാറാകട്ടെ. ഈ ജൽസയെ എല്ലാ അടിസ്ഥാനത്തിലും നന്മകൾക്കും അനുഗ്രഹങ്ങൾക്കും കാരണമാക്കട്ടെ. നിങ്ങൾക്ക് ഇതിന്റെ ആത്മീയാനുഗ്രഹങ്ങളിൽനിന്ന് പൂർണമായ നിലയിൽ അനുഗ്രഹമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ

അല്ലാഹുവിന്റെ യഥാർഥ ദാസരായിത്തീരാൻ അവനെ ആരാധിക്കുക എന്ന കടമ നിറവേറ്റേണ്ടത് വളരെ നിർബന്ധമായ കാര്യമാണ്. നമസ്കാരം ആരാധനയുടെ ഒരു ഉത്തമരൂപമാണ്. അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കാനുള്ള ഉദാത്ത മാർഗമാണ്. മുഅ്മിന്റെ ആത്മീയജീവിതത്തിന്റെ സംരക്ഷണത്തിന് അനിവാര്യമാണ്. അഹ്മദിയ്യത്ത് ലോകത്ത് ഇസ്ലാമിനെ വിജയിപ്പിക്കേണ്ടത് അല്ലാഹുവിനെ ആരാധിക്കുന്നതിന്റെ ശക്തികൊണ്ടുമാത്രമാണ്. അഹ്മദിയ്യത്തിന്റെ വാഹനം തടസങ്ങളൊന്നുമില്ലാതെ മുന്നോട്ടുപോകുന്നതിന്റെ മാർഗവും ഇതുതന്നെയാണ്.

ജൽസയിൽ പങ്കെടുക്കാൻവേണ്ടി വന്നിരിക്കുന്ന നിങ്ങൾ ഇങ്ങനെ പ്രതിജ്ഞ ചെയ്യുക: നമസ്കാരം അതിന്റെ നേരത്ത് നമസ്കരിക്കുന്നതാണ്; മസ്ജിദിൽപോയി ജമാഅത്തോടുകൂടി നമസ്കരിക്കാൻ ശ്രമിക്കണമെന്ന് ഞാൻ മുമ്പേയും പറഞ്ഞിട്ടുള്ളതാണ്. മസ്ജിദ് ഇല്ലെങ്കിൽ എവിടെയാണോ കുറച്ചു ആളുകൾ താമസിക്കുന്നത് അവിടെ നമസ്കാര സെന്റർ ഉണ്ടാക്കുക. അവിടെ അഹ്മദികൾ കൂട്ടം ചേർന്ന് നമസ്കരിക്കുക. വീടുകളിൽ നിങ്ങളുടെ ഭാര്യാമക്കളോടൊപ്പം ജമാഅത്തായി നമസ്കരിക്കാനുള്ള ഏർപാടുകൾ ചെയ്യുക. അല്ലാഹുവിന്റെ ആരാധനയാൽ അലങ്കരിക്കപ്പെടുന്ന വിധത്തിൽ നിങ്ങളുടെ വീടുകളെ അണിയിച്ചൊരുക്കുക. അല്ലാഹു നിങ്ങൾക്കതിന് തൗഫീഖ് നല്കുമാറാകട്ടെ.

രണ്ടാമത്തെകാര്യം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ ചേർന്നിട്ടുള്ള എല്ലാ ഓരോ അഹ്മദിയും മതപരവും ധാർമികവും വൈജ്ഞാനികവുമായ ഉന്നതിക്കായി ഒരു പ്രതിജ്ഞ ചെയ്യുന്നുവെന്നതാണ്. ഞാൻ നിങ്ങൾക്കു നല്കുന്ന സന്ദേശവും എപ്പോഴും ബയ്അത്തിന്റെ നിബന്ധനകൾ നിങ്ങളുടെ കൺമുമ്പിൽ വെക്കുക എന്നതാണ്. നിങ്ങളുടെ ഉള്ളിൽ പരിശുദ്ധ പരിവർത്തനമുണ്ടാക്കുക. നിങ്ങൾ കളവിൽനിന്ന് രക്ഷപ്പെടുക. വഞ്ചനയിൽനിന്ന് രക്ഷപ്പെടുക. അഹങ്കാരത്തിൽനിന്ന് രക്ഷപ്പെടുക. നിങ്ങളുടെ ആത്മീയനിലവാരത്തെ ഉയർത്തുക. ആരാധനകളുടെ ഉന്നത നിലവാരം സ്ഥാപിക്കുക.

നിങ്ങളിൽ വമ്പിച്ച ഔദാര്യമാണ് അല്ലാഹു ചെയ്തിട്ടുള്ളത്. അവൻ നിങ്ങൾക്കു ഖിലാഫത്തിന്റെ നിഅ്മത്തു നല്കി അനുഗ്രഹിച്ചു. ഇതുമുഖേന ഓരോ നിമിഷവും നിങ്ങൾ ചെയ്ത ബയ്അത്തിന്റെ പ്രതിജ്ഞയിലേക്ക് ക്ഷണിക്കപ്പെടുന്നു. ഈ നിഅ്മത്തിനെ വിലമതിക്കുക. ഇതിന്റെ നിർദേശങ്ങളും മാർഗോപദേശങ്ങളുമനുസരിച്ച് നിങ്ങളുടെ ജീവിതത്തെ വാർത്തെടുക്കാൻ ശ്രമിക്കുക. അല്ലാഹുവിനെ എപ്പോഴും ഭയന്നുകൊണ്ട് ജീവിക്കുക. വിനയവും വണക്കവും സ്വന്തമാക്കുക.

അല്ലാഹു നിങ്ങളെ അഹ്മദിയ്യാ ഖിലാഫത്തിന്റെ സമ്പൂർണ അനുയായികളാക്കുമാറാകട്ടെ. അനുസരണത്തിന്റെ ഉത്തമ മാതൃകകൾ അവതരിപ്പിക്കാൻ തൗഫീഖു നല്കുമാറാകട്ടെ. അല്ലാഹു നിങ്ങളോടൊപ്പം ഉണ്ടാകട്ടെ. നിങ്ങൾക്ക് എണ്ണമറ്റ അനുഗ്രഹങ്ങൾ നല്കുമാറാകട്ടെ. ആമീൻ

വസ്സലാം
വിനീതൻ
മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് അൽഖാമിസ്

# ഉടനെ എഴുതുക or ഫോൺ ചെയ്യുക

താങ്കൾ വിശുദ്ധ ഖുർആന്റെ കല്പനകൾ, ഹദീഥുകൾ, ഹദ്റത്ത് മസീഹ് മൗഊദിന്റെ മാർഗനിർദേശങ്ങൾ എന്നിവയോടൊപ്പം ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ ജുമുഅ ഖുത്ബകളിൽ നിന്നും പ്രഭാഷണങ്ങളിൽനിന്നും അനുഗ്രഹം തേടാനാഗ്രഹിക്കുന്നെങ്കിൽ! താങ്കൾ താങ്കളുടെ കുടുംബത്തിന്റേയും കുഞ്ഞുകുട്ടികളുടേയും സത്യമായ പരിഷ്കരണത്തിന് വിശുദ്ധഖുർആന്റെ ജ്ഞാനങ്ങൾ അറിയാനാഗ്രഹിക്കുന്നെങ്കിൽ! താങ്കൾ ബദ്ർ പത്രം നിർബന്ധമായും വായിക്കുക. ബദ്ർ പത്രത്തിൽ എന്താണുള്ളത്? അതറിയാൻ നിങ്ങൾ നിങ്ങളുടെ ഭാഷയിൽ അതിന്റെ ഒരു മാതൃക വാങ്ങി നോക്കുക. ഉടനെ എഴുതുക, അല്ലെങ്കിൽ ഫോൺ ചെയ്യുക.

**മാനേജർ ബദ്ർ വീക്കിലി ഫോൺ: 094170–20616**




**"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു." (ബുഖാരി)**

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം– 689 695. Phone: 9744653179.

# ഖുത്ബ ജുമുഅ

**നബി(സ)തിരുമേനിയുടെ പ്രബലമായ പരിശുദ്ധ ശക്തിപ്രഭാവത്തിന്റെ ചൈതന്യവത്തായ വിവരണം**
**നബി(സ)തിരുമേനിയുടെ പരിശുദ്ധ ശക്തിയാൽ സ്വഹാബാക്കളിൽ അസാധാരണമായ വിപ്ലവമുണ്ടായി.**
**അങ്ങേയറ്റം സംസ്കാരശൂന്യതയിലും മാലിന്യത്തിലും മുഴുകികിടന്നിരുന്ന അജ്ഞരായവരെ നബി(സ)തിരുമേനി വിദ്യാസമ്പന്നരാക്കുകയും ദൈവബന്ധമുള്ളവരാക്കുകയും ചെയ്തു.**

**സ്വഹാബാക്കളുടെ ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങളുടെ ചർച്ചയും**
**സ്വഹാബാക്കളുടെ ചര്യ സ്വായത്തമാക്കാൻ ജമാഅത്തംഗങ്ങൾക്ക് ഉപദേശവും.**

**യു.കെ നാഇബ് അമീറും കേന്ദ്ര ജാഇദാദ് വകുപ്പിന്റെ ഇൻചാർജുമായ ചൗദ്‌രി നാസിർ അഹ്മദ് സാഹിബിന്റെ ഭാര്യ അമത്തുൽ മജീദ് അഹ്മദ് സാഹിബയുടെ വഫാത്തും അനുസ്മരണവും**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2018 ജനുവരി 12/1397 സ്വുൽഹ് 12**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഹദ്റത്ത് മസീഹ് മൗഊദ്(അ) നബി(സ)തിരുമേനിയുടെ ഖുവ്വത്തെ ഖുദ്സി അഥവാ പരിശുദ്ധ ശക്തിയെ സംബന്ധിച്ച് പറയുന്നു:"ലോകത്ത് മറ്റൊരു നബിക്കും ലഭിച്ചിട്ടില്ലാത്ത പരിശുദ്ധശക്തിയാണ് നബി(സ)തിരുമേനിയ്ക്ക് ലഭിച്ചിട്ടുള്ളതെന്നാണ് എന്റെ മതം. ഇസ്‌ലാമിന്റെ അഭിവൃദ്ധിയുടെ രഹസ്യവും അതുതന്നെയാണ്. നബി(സ)തിരുമേനിയുടെ വശ്യശക്തി പ്രബലമായിരുന്നു. അവിടത്തെ സംസാരങ്ങളുടെ വശ്യത കാരണത്താൽ അത് കേൾക്കുന്നർ അതിനോട് ആസക്തിയുള്ളവരാകുമായിരുന്നു. പറയുന്നു, 'താൻ ആകർഷിച്ചെടുത്തവരെ അവിടന്ന് പരിശുദ്ധരാക്കി."

നബി(സ)തന്റെ സ്വഹാബാക്കളിൽ എത്തരത്തിലുള്ള മാറ്റങ്ങളാണുണ്ടാക്കിയതെന്ന് വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: സ്വഹാബാക്കളുടെ അവസ്ഥ നോക്കുകയാണെങ്കിൽ കളവ് പറയുന്ന ആരേയും അവരിൽ കാണുകയില്ല. അറബികളുടെ ആദ്യകാല അവസ്ഥ നോക്കുമ്പോൾ അവർ പാതാളലോകത്ത് കിടന്നിരുന്നവരായി കാണാൻ കഴിയുന്നു. അവർ ബഹുദൈവാരാധനയിൽ മുഴുകിയിരുന്നു. അനാഥരുടെ മുതൽ തിന്നുന്നവരും ദുർവൃത്തികളിലെല്ലാം ശൂരരും കടിഞ്ഞാണില്ലാത്തവരുമായിരുന്നു. കൊള്ളക്കാരെപോലെയായിരുന്നു അവരുടെ ജീവിതം. അതായത് അടിമുതൽ മുടിവരെ മാലിന്യത്തിൽ മുങ്ങിക്കിടന്നിരുന്നു. (പക്ഷേ, മറ്റു ജനതകളിൽ ഉദാഹരണം ലഭിക്കാത്ത തരത്തിലുള്ള വിപ്ലവമാണ് അവരിൽ അവിടന്ന് ഉണ്ടാക്കിയത്. നബി(സ) തിരുമേനിയുടെ ഈ അത്ഭുതദൃഷ്ടാന്തം എത്രമാത്രം വലുതായിരുന്നുവെന്നാൽ ഒരിടത്ത് അവിടന്ന് പറഞ്ഞു):"ലോകത്തിന്റെ കണ്ണുകൾ തുറപ്പിക്കുന്നതിന് അത് മതിയായതായിരുന്നു."

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഒരു മനുഷ്യനെ നേരെയാക്കുക എന്നത് ദുഷ്കരമാണ്." (ഏതെങ്കിലും ഒരു മനുഷ്യനെപോലും പരിഷ്കരിച്ചെടുക്കുക എന്നത് വളരെയേറെ ബുദ്ധിമുട്ടാണ്). "എന്നാൽ, ഇവിടെ ഒരു ജനത തയ്യാറാക്കപ്പെട്ടു. അവർ തങ്ങളുടെ വിശ്വാസത്തിന്റേയും ആത്മാർഥതയുടേയും ഏതു മാതൃകയാണ് കാണിച്ചതെന്നാൽ അവർ സ്വീകരിച്ച സത്യത്തിനുവേണ്ടി ആടുമാടുകളെപോലെ ബലി അറുക്കപ്പെട്ടു. യഥാർഥത്തിൽ അവർ ഭൂമിയിൽനിന്നുള്ളവരായിരുന്നില്ല. മറിച്ച് നബി(സ) തിരുമേനിയുടെ അധ്യാപനവും സന്മാർഗവും വശ്യമാർന്ന ഉപദേശവും അവരെ ആകാശീയമാക്കിയിരുന്നു. പരിശുദ്ധമായ ഗുണവിശേഷങ്ങൾ അവരിൽ ഉണ്ടായിക്കഴിഞ്ഞിരുന്നു. നമ്മൾ ലോകത്തിന്റെ മുമ്പിൽ സമർപിക്കുന്ന ഇസ്‌ലാമിന്റെ മാതൃക ഇതാണ്." അവിടന്ന് പറയുന്നു: "ഇതേ ഇസ്‌ലാമിന്റേയും സന്മാർഗത്തിന്റേയും കാരണമായിരുന്നു അല്ലാഹു പ്രവചനമെന്ന നിലയിൽ നബി(സ) തിരുമേനിയുടെ നാമം മുഹമ്മദ് എന്നു വെച്ചത്. ഇതുമുഖേന ഭൂമിയിൽ അദ്ദേഹത്തിന് പ്രശംസയുണ്ടായി. കാരണം അവിടന്ന് ഭൂമിയെ ശാന്തിയുടേയും അനുരഞ്ജനത്തിന്റേയും ഉത്കൃഷ്ടസ്വഭാവത്തിന്റേയും സദ്ധർമംകൊണ്ട് നിറച്ചു."(മൽഫൂദാത്ത് വാള്യം 3 പേജ് 84-86 1985 ലണ്ടൻ പതിപ്പ്)

അങ്ങേയറ്റം സംസ്കാരശൂന്യതയിലും മാലിന്യത്തിലും മുഴുകികിടന്നിരുന്ന അജ്ഞരായവരെ നബി(സ)തിരുമേനി വിദ്യാസമ്പന്നരാക്കുകയും ദൈവബന്ധമുള്ളവരാക്കുകയും ചെയ്തുവെന്ന് നീതിബോധമുള്ളവർ അംഗീകരിക്കുന്നതായി ഇന്നും നമ്മൾ കാണുന്നു.

കുറച്ചു വർഷമായി, എന്നെ കാണുന്നതിനുവേണ്ടി വന്ന ഒരു യഹൂദി സ്കോളർ പറഞ്ഞു: യഹൂദികൾക്ക് മസ്ജിദ് അഖ്സായിൽ പോകാൻ അനുവാദമില്ലാതിരുന്നിട്ടും ഞാൻ അവിടെ പോയിരുന്നു. എല്ലാം കണ്ട് മടങ്ങിവന്നു. ആ കണ്ടതിന്റെ വിവരണം അദ്ദേഹം എന്നോടു പറഞ്ഞത് വളരെ ദീർഘമാണ്. എന്തായാലും പറയുന്നു: എല്ലാം കാണിച്ചുതരുന്നതിനുവേണ്ടി എന്റെ കൂടെവന്ന മേൽനോട്ടക്കാരൻ ഞാൻ മുസൽമാനാണോ എന്ന് പലപ്രാവശ്യവും സംശയിച്ചു. ഓരോ പ്രാവശ്യവും ഞാൻ മുസൽമാനാണെന്ന് അദ്ദേഹത്തിന് തോന്നുംവിധം സംസാരിച്ചുകൊണ്ടിരുന്നു. എത്രത്തോളമെന്നാൽ, അവിടെത്തെ മേൽനോട്ടക്കാരനു ബോധ്യം വരുന്നതിനുവേണ്ടി ഈ യഹൂദി പറയുന്നു, ലാ ഇലാഹാ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ്എന്ന കലിമവരെ ചൊല്ലിക്കൊടുത്തു. ഞാൻ മസ്ജിദ് മുഴുവൻ നല്ലവണ്ണം നോക്കിക്കണ്ടതിനുശേഷം അവിടെത്തെ മേൽനോട്ടക്കാരൻ എന്നോട് പറഞ്ഞു: താങ്കൾ കലിമ ചൊല്ലി എന്നത് ശരിയാണ്. പക്ഷേ, എനിക്ക് ഇപ്പോഴും താങ്കൾ മുസ്‌ലിമാണോ എന്ന് സംശയമുണ്ട്. എനിക്ക് തൃപ്തിയായിട്ടില്ല. ഇപ്പോൾ നിങ്ങൾ എല്ലാം കണ്ടുകഴിഞ്ഞില്ലേ? ഇനി യാഥാർഥ്യമെന്താണെന്ന് എന്നോട് പറയുക.' ഞാൻ അദ്ദേഹത്തോട് പറഞ്ഞു: 'നിങ്ങൾ പറഞ്ഞത് ശരിയാണ്. ഞാൻ മുസ്‌ലിമല്ല. യഹൂദിയാണ്. കലിമ ചൊല്ലിയതിന്റെ പ്രശ്നമെന്താണെന്നാൽ ലാ ഇലാഹ ഇല്ലല്ലാഹിൽ ഞാൻ ദൃഢമായും വിശ്വസിക്കുന്നു. അല്ലാഹു അല്ലാതെ ഒരു ആരാധ്യനുമില്ല. മുഹമ്മദുർറസൂലുല്ലാഹ് എന്ന് പറഞ്ഞതും ഞാൻ അംഗീകരിക്കുന്നു. കാരണം അറബികളുടെ ചരിത്രം എനിക്കറിയാം. എന്തായിരുന്നു ആദ്യകാലത്ത് അറബികളുടെ അവസ്ഥ? നബി(സ)തിരുമേനിയുടെ വാദത്തിനു മുമ്പേയുള്ള അറബികളുടെ അവസ്ഥ നോക്കുമ്പോൾ ഒരു നബിക്കു മാത്രമേ അവരെ നന്നാക്കിയെടുക്കാൻ സാധിക്കുമായിരുന്നുള്ളൂ. ഭൗതികനായ ഒരു ലീഡർക്കും ആ അവസ്ഥ മാറ്റിയെടുക്കാൻ സാധിക്കുമായിരുന്നില്ല. അതുകൊണ്ട് മുഹമ്മദ്(സ)നുമേൽ വിശ്വസിച്ചാലും ഇല്ലെങ്കിലും ഞാൻ അദ്ദേഹത്തെ അല്ലാഹുവിൽനിന്നുള്ള നബിയായി മനസ്സിലാക്കുന്നു.' എന്തായാലും അദ്ദേഹം ഭൗതികനായിരുന്നിട്ടും നബി(സ)തിരുമേനി വരുത്തിയ ഈ മഹത്തായ വിപ്ലവം അംഗീകരിച്ചു.

അതിനാൽ ഇന്നും നബി(സ)തിരുമേനിയുടെ പരിശുദ്ധശക്തികൊണ്ടു സ്വഹാബാക്കളിലുണ്ടായ ഈ അസാധാരണമായ മാറ്റങ്ങൾ നീതിദൃഷ്ടിയോടുകൂടി നോക്കുന്നവർക്ക് നബി(സ) തിരുമേനി അല്ലാഹുവിന്റെ റസൂലാണെന്ന യാഥാർഥ്യം അംഗീകരിക്കാതിരിക്കാൻ പറ്റുകയില്ല. സ്വഹാബാക്കളെ കുറിച്ച്, അവരുടെ അസാധാരണമായ സ്ഥാനത്തെ കുറിച്ച്, അവരിലുണ്ടായ അസാധാരണമായ മാറ്റങ്ങളെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "സ്വഹാബത്തിന്റെ ഉദാഹരണം നോക്കുക. വാസ്തവത്തിൽ ആദരണീയരായ സ്വഹാബാക്കളുടെ മാതൃകകൾ എല്ലാ നബിമാരുടേയും ഉദാഹരണമാണ്. അല്ലാഹുവിന് കർമങ്ങൾ മാത്രമാണ് ഇഷ്ടം. അവർ ആടുകളെപോലെ തങ്ങളുടെ ജീവൻ നല്കി. അവരുടെ ഉദാഹരണങ്ങൾ എങ്ങനെയുള്ളതാണെന്നാൽ, നുബുവ്വത്തിന്റെ ഒരു പ്രൗഢി ആദ(അ)മിൽനിന്ന് നടന്നുവരുന്നതാണ്. (അതായത് നുബുവ്വത്തിന്റെ രൂപവും ആകൃതിയും സ്ഥാനവും ആദമിന്റെ കാലം മുതൽ നടന്നുവരുന്ന ഒരു ചിത്രമാണ്. പക്ഷേ,)പറയുന്നു: 'അത് മനസ്സിലായിരുന്നില്ല. എന്നാൽ, ആദരണീയരായ സ്വഹാബാക്കൾ അതിനെ തിളക്കമാർന്നതാക്കികാണിച്ചു. സത്യസന്ധതയും കൂ

റും അതാണെന്ന് പറഞ്ഞു തന്നു.' പിന്നീട് അവിടന്ന് പറയുന്നു: 'പിന്നീട് അവർ നയിച്ച അവിശ്രമ ജീവിതത്തിനും സമാനത എവിടെയും ലഭിക്കുകയില്ല. ആദരണീയരായ സ്വഹാബാക്കളുടെ സംഘം അത്ഭുതസംഘമായിരുന്നു. ആദരാർഹരും അനുധാവനാർഹരുമായ സംഘമായിരുന്നു. അവരുടെ മനസ്സുകൾ ദൃഢവിശ്വാസംകൊണ്ട് നിറഞ്ഞിരുന്നു. ദൃഢവിശ്വാസമുണ്ടാകുമ്പോൾ പതുക്കെ പതുക്കെ ആദ്യം ധനം തുടങ്ങിയവ കൊടുക്കാൻ ആഗ്രഹിക്കുന്നു. പിന്നീട് വർദ്ധിക്കുമ്പോൾ ദൃഢവിശ്വാസമുണ്ടായ വ്യക്തി അല്ലാഹുവിനുവേണ്ടി ജീവൻ കൊടുക്കാൻ തയ്യാറാകുന്നു.(മൽഫൂദാത്ത് വാല്യം 5 പേജ് 42 1985 ലണ്ടൻ പതിപ്പ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്വഹാബാക്കളുടെ ശ്രേഷ്ഠത വിവരിച്ചുകൊണ്ട് ഒരു അവസരത്തിൽ പറഞ്ഞു: *ലാ തുൽഹീഹും തിജാറത്തുൻ വലാ ബയ്ഉൻ അൻ ദിക്‌രില്ലാഹ്*(നൂർ:38) (വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു: അവരെ ഏതെങ്കിലും കച്ചവടമോ മറ്റെന്തെങ്കിലും കൊടുക്കൽ വാങ്ങലോ അല്ലാഹുവിനെ സ്മരിക്കുന്നതിൽനിന്ന് അശ്രദ്ധരാക്കുകയില്ല). അവിടന്ന് ഇത് വിശദീകരിച്ചുകൊണ്ട് പറയുന്നു: 'അവർ വലിയ വലിയ പരിവർത്തനങ്ങൾ ഉണ്ടാക്കിയിരുന്നുവെന്ന ഒരേയൊരായത്ത് സ്വഹാബാക്കളെ സംബന്ധിച്ചിടത്തോളം മതിയായതാണ്. അതിനുള്ള ഉദാഹരണം ലഭിക്കുക എന്നത് പ്രയാസകരമാണെന്ന് ഇംഗ്ലീഷുകാരും സമ്മതിക്കുന്നു. ഉന്നതപീഠങ്ങളിൽ ഉപവിഷ്ഠരായിരിക്കുന്നവർ ഇത്രമാത്രം ധീരതയിലും ധൈര്യത്തിലും അത്ഭുതംകൂറുന്നു.' മൽഫൂദാത്ത് വാല്യം 5 പേജ് 304 1985 ലണ്ടൻ പതിപ്പ്)

പറയുന്നു: അവർ എങ്ങനെയുള്ള പുരുഷന്മാരായിരുന്നുവെന്നാൽ കച്ചവടമൊന്നും അവരെ ദൈവസ്മരണയിൽനിന്ന് തടഞ്ഞിരുന്നില്ല. അതായത് ദൈവസ്നേഹത്തിൽ അവർ പരിപൂർണത നേടിയിരുന്നു. ഭൗതികമായ തിരക്കുകൾ എത്ര അധികമായുണ്ടായാലും അവരുടെ അവസ്ഥയിൽ അതിന് വിള്ളലുണ്ടാക്കാൻ കഴിയുമായിരുന്നില്ല.' (ബറാഹീനെ അഹ്മദിയ്യാ വാല്യം 1 പേജ് 617 അടിക്കുറിപ്പ്)

വീണ്ടും പറയുന്നു: ഓർമിച്ചുകൊള്ളുക, അല്ലാഹുവിന്റെ പരിപൂർണരായ മനുഷ്യർ ഇവരാണ്. അവരെ സംബന്ധിച്ച് പറയുന്നു, *ലാ തുൽഹീഹും തിജാറത്തുൻ വലാ ബയ്ഉൻ അൻ ദിക്‌രില്ലാഹ്* അല്ലാഹുവിനോട് സത്യസന്ധമായ ബന്ധവും പ്രേമവും ഉണ്ടാക്കിയെടുക്കുമ്പോൾ അത് അവരിൽനിന്ന് ഒരിക്കലും വേർപെടുകയില്ല. അവരുടെ ഈ അവസ്ഥ ഇങ്ങനെ നമുക്ക് മനസ്സിലാക്കാവുന്നതാണ്. ഒരാളുടെ കുട്ടി രോഗിയാകുകയും അയാൾ എവിടെയെങ്കിലും പോവുകയും ഏതെങ്കിലും ജോലിയിൽ മുഴുകുകയും ചെയ്താലും അയാളുടെ മനസ്സ് എപ്പോഴും ആ കുട്ടിയിൽത്തന്നെ നിലനില്ക്കുന്നതായിരിക്കും. ഇപ്രകാരം അല്ലാഹുവിനോട് സത്യസന്ധമായ ബന്ധവും സ്നേഹവും ഉണ്ടാക്കുന്നവർ ഒരവസ്ഥയിലും ദൈവത്തെ വിസ്മരിക്കുകയില്ല.'(മൽഫൂദാത്ത് വാല്യം 7 പേജ് 20-21 1985 ലണ്ടൻ പതിപ്പ്)

ആദരണീയരായ സ്വഹാബാക്കൾ രിള്‌വാനുല്ലാഹി അലയ്ഹിം ആ സത്യസന്ധമായ ബന്ധവും സ്നേഹവുമാണ് അല്ലാഹുവുമായിട്ടുണ്ടാക്കിയത്. അപ്പോൾ അവർ ഏതെങ്കിലും രീതിയിൽ അല്ലാഹുവിൽനിന്ന് അശ്രദ്ധരാകുകയോ ഏതെങ്കിലും ത്യാഗത്തിൽനിന്ന് പിന്മാറുകയോ ചെയ്യുന്ന പ്രശ്നം തന്നെ ഉദിക്കുമായിരുന്നില്ല. സഹാബാക്കളുടെ ധാരാളം ഉദാഹരണങ്ങൾ ഉണ്ട്.

ഹദ്റത്ത് ഖബ്ബാബുബ്നുൽ അറത്ത്(റ)നെ കുറിച്ച് വന്നിരിക്കുന്നു. അദ്ദേഹം മരണാസന്നനായപ്പോൾ എത്രമാത്രം പേടിയും ദൈവഭയവുമാണ് അദ്ദേഹത്തിലുണ്ടായിരുന്നതെന്നാൽ തന്റെ കഫൻപുട കാണുന്നതിനുവേണ്ടി വരുത്തിച്ചു. അത് വളരെ മേത്തരം തുണിയായിരുന്നു. തന്റെ അന്ത്യസംസ്കാരത്തിനായി ഒരുക്കിവച്ച തുണിനോക്കി അത് ആർഭാടവും അമിതവുമായിപ്പോയോ എന്നോർത്ത് കണ്ണീർതൂവി. പറഞ്ഞു: നോക്കൂ ഇതാണെന്റെ കഫൻ പുടവ. എന്നാൽ, നബിയുടേ പിതൃവ്യൻ ഹംസ രക്തസാക്ഷിയായപ്പോൾ നീളമില്ലാത്ത ഒരു തട്ടമേ പൊതിയാൻ കിട്ടിയിരുന്നുള്ളു. അത് തലയിലിട്ടാൽ കാലു കാണും; കാലിലിട്ടാൽ തല കാണും. അപ്പോൾ നബി(സ) തിരുമേനിയുടെ നിർദ്ദേശമനുസരിച്ച് തല മറയ്ക്കുകയും കാലുകൾ പുല്ലുകൾവച്ച് മൂടുകയും ചെയ്തു. പിന്നീട് അങ്ങേയറ്റം ഭയത്തോടുകൂടി പറഞ്ഞു: നബി(സ) തിരുമേനിയുടെ കാലഘട്ടത്തിൽ ഒരു ദീനാറിന്റെ അല്ലെങ്കിൽ ദിർഹമിന്റെ ഉടമസ്ഥനായിരുന്നില്ല ഞാൻ. ഇന്ന് നബി(സ) തിരുമേനിയുടെ അനുഗ്രഹംകൊണ്ട് അല്ലാഹു നല്കിയ സമ്മാനങ്ങളും ത്യാഗങ്ങൾ സ്വീകരിക്കപ്പെട്ടതും കാരണത്താൽ എന്റെ വീടിന്റെ മൂലയിൽ ഇരിക്കുന്ന ആ പെട്ടിയിൽ 40,000 ദിർഹമുണ്ട്. അദ്ദേഹം കരഞ്ഞു. എന്തിനാണ് കരയുന്നതെന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ കൂട്ടുകാർ ദുൻയാവിൽനിന്ന് തീരെ പ്രതിഫലംപറ്റാതെ വിടവാങ്ങി. ഞാൻ ബാക്കിയായി. എനിക്കു സ്വത്തു കിട്ടി. അത് എന്റെ ത്യാഗങ്ങൾക്കുള്ള പ്രതിഫലമായിപ്പോവുമോ എന്നോർത്താണ് ഞാൻ കരയുന്നത്."

അന്ത്യദശയിൽ അദ്ദേഹം രോഗിയായപ്പോൾ സ്വഹാബാക്കൾ അദ്ദേഹത്തെ കാണുന്നതിനു പോയി. താങ്കളും നമ്മുടെ മഹാത്മാക്കളായ സ്വഹാബാക്കളെ കാണാൻ പോകുകയാണെന്ന് തോന്നുന്നുവെന്ന് പറഞ്ഞ് സാന്ത്വനിപ്പിച്ചപ്പോൾ അദ്ദേഹം കരയാൻ തുടങ്ങി. പറഞ്ഞു: 'ഞാൻ മരണത്തെ ഭയന്നു കരയുകയാണെന്ന് നിങ്ങൾ ധരിക്കരുത്. മറിച്ച്, ഏതൊരു സഹാബാക്കളെയാണോ നിങ്ങൾ എന്റെ സഹോദരരെന്ന് പറഞ്ഞത് അവരുടെ സ്ഥാനം വളരെ ഉയർന്നതായിരുന്നു. അവരുടെ സഹോദരനാകാൻ എനിക്ക് അർഹതയുണ്ടോ എന്ന് എനിക്കറിയില്ല. നമുക്ക് മുമ്പേ കഴിഞ്ഞുകടന്നവർ ഭൗതികമായ സമ്പത്തുകളിൽനിന്നും മുതലുകളിൽനിന്നും -അതിൽനിന്നാണ് നമ്മൾ ഇന്ന് ഫലമെടുത്തുകൊണ്ടിരിക്കുന്നത്- അവർ ഫലമെടുത്തില്ല. ഇതോർത്താണ് ഞാൻ കരയുന്നത്.'

ദൈവഭയത്തിന്റേയും ഭയഭക്തിയുടേയും സ്ഥാനമെന്തായിരുന്നുവെന്നാൽ തന്നെ അങ്ങേയറ്റം ദുർബലനായി അദ്ദേഹം മനസ്സിലാക്കിയിരുന്നു. മരിച്ചതിനുശേഷം അല്ലാഹു തൃപ്തിപെടുമോ എന്ന പേടിയും ചിന്തയുമുണ്ടായിരുന്നു. അല്ലാഹു തൃപ്തിപെടണമെന്ന ദുആയായിരുന്നു എപ്പോഴും.(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നു സഅ്ദ് വാല്യം 3 പേജ് 88-89 ഖബ്ബാബുബ്നുൽ അറത്ത്, ദാറു അഹ്‌യാഉത്തുറാഥുൽ അറബി ബേറൂത്ത് 1996)

അദ്ദേഹത്തിന്റെ ത്യാഗവും ദീനിനുവേണ്ടിയുള്ള സേവനവും ആരിൽനിന്നും ഒട്ടും കുറവായിരുന്നില്ല. ഹദ്റത്ത് അലി(റ) അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചു. അപ്പോൾ ഹദ്റത്ത് അലി ഖലീഫയായിരുന്നു. അദ്ദേഹത്തെ കുറിച്ച് ഹദ്റത്ത് അലി പറഞ്ഞ ചരിത്രപരമായ കാര്യങ്ങളിൽനിന്നുതന്നെ ഹദ്റത്ത് ഖബ്ബാബിന്റെ സ്ഥാനം നമുക്ക് അളക്കാൻ കഴിയും. അവിടന്ന് പറഞ്ഞു: 'ഖബ്ബാബിനുമേൽ അല്ലാഹു കരുണ ചൊരിയുമാറാകട്ടെ. പൂർണമനസ്സോടെ അദ്ദേഹം മുസ്ലിമായി. സംതൃപ്തിയോടെ അദ്ദേഹം പലായനം ചെയ്തു. സമരയോദ്ധാവായി അദ്ദേഹം ജീവിച്ചു. കഠിനമായ പരീക്ഷണങ്ങളിലൂടെ കഴിഞ്ഞു.സഹനത്തിന്റേയും സ്ഥൈര്യത്തിന്റേയും മാതൃക കാഴ്ചവച്ചു. ഹദ്റത്ത് അലി പിന്നീടു പറഞ്ഞു: "പുണ്യം ചെയ്തവരുടെ പ്രതിഫലം അല്ലഹു പാഴാക്കുകയില്ല." (അസദുൽഗാബ വാല്യം 1 പേജ് 677 ഖബ്ബാബുബ്നുൽ അറത്ത്, ദാറുൽഫിക്ർ ബേറൂത്ത് 2003)

ഹദ്റത്ത് ഉമർ(റ)ന്റെ ദൃഷ്ടിയിൽ ഹദ്റത്ത് ഖബ്ബാബിന്റെ സ്ഥാനം എത്രമാത്രം മഹത്തരമായിരുന്നുവെന്നു നോക്കുക. ഒരിക്കൽ ഹദ്റത്ത് ഉമർ ഹദ്റത്ത് ഖബ്ബാബിനെ വിളിപ്പിച്ചു. ഒരു ഉന്നത പീഠത്തിലിരുത്തി. ഹദ്റത്ത് ഉമർ(റ)പറഞ്ഞു: 'ഈ ഇരിപ്പിടത്തിന് ബിലാലിനെ കഴിച്ചാൽ താങ്കളെ അർഹനുള്ളു. ഹദ്റത്ത് ബിലാലും ആരംഭകാലത്ത് ഇസ്ലാം സ്വീകരിച്ചുകൊണ്ട് ഒരുപാട് പ്രയാസങ്ങൾ സഹിച്ചിരുന്നു.' ഹദ്റത്ത് ഖബ്ബാബ് പറഞ്ഞു: 'അമീറുൽ മുഅ്മിനീൻ! ബിലാലും അവകാശപ്പെട്ടയാളാണെന്നതിൽ സംശയമില്ല. പക്ഷേ, സംഭവമിതാണ്. ബിലാലിനെ ബഹുദൈവവിശ്വാസികളിൽനിന്ന് രക്ഷപ്പെടുത്താൻ ആളുണ്ടായിരുന്നു. ഹദ്റത്ത് അബൂബക്കർ അദ്ദേഹത്തെ വിലയ്ക്കു വാങ്ങി സ്വതന്ത്രനാക്കി. പക്ഷേ, എന്നെ ഈ അക്രമത്തിൽനിന്ന് രക്ഷപ്പെടുത്താൻ ആരുമുണ്ടായിരുന്നില്ല. എന്നെ അവിശ്വാസികൾ പിടിക്കുകയും തീയിലിടുകയും എനിക്ക് ആ തീയിൽനിന്ന് പുറത്തുവരാൻ സാധിക്കാത്തവിധം ഒരു അക്രമി എന്റെ നെഞ്ചിൽ കാല് അമർത്തിവെക്കുകയും ചെയ്ത ഒരു ദിവസവും എനിക്കു വന്നിരുന്നു. എന്റെ പുറം ആ തീക്കനലിൽ കിടന്ന് കിടന്ന് കത്തിപ്പോയി.' തീക്കനൽ കൂട്ടി അദ്ദേഹത്തെ അതിൽ മറിച്ചിട്ടു. പിന്നീട് ഖബ്ബാബ് തട്ടംനീക്കി തന്റെ പുറം കാണിച്ചുകൊടുത്തു. അവിടെ വെളുത്ത വരകളുടെ അടയാളങ്ങളുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: ജ്വലിച്ചുകൊണ്ടിരുന്ന തീക്കനലിൽ കിടത്തിയ കാരണത്താലാണ് ഈ അടയാളങ്ങളുണ്ടായത്. എന്റെ പുറത്തെ മാംസം എല്ലിൽനിന്ന് ഉതിർന്നുവീണു. എന്റെ ദേഹത്തുനിന്ന് ഒലിച്ചിറങ്ങിയ നീരുതട്ടിയാണ് തീ കെട്ടിരുന്നത്. അതിനുശേഷമാണ് ഈ വെളുത്തതൊലി താഴെനിന്ന് വന്നത്. ഹദ്റത്ത്

**ഇർശാദെ നബ്‌വി(സ):-**

**"നമസ്കാരം അതിന്റെ നിശ്ചിതസമയത്ത് നിർവഹിക്കലാകുന്നു അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട കർമം."**
**(ബുഖാരി, മുസ്ലിം)**

**ത്വാലിബെ ദുആ:**
**മുഹമ്മദ് സ്വഫ്‌വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)**

**ഇർശാദെ നബ്‌വി(സ):-**

**"നിന്റെ ഏറ്റവും നല്ല സഹവാസത്തിന് കടമപ്പെട്ടത് നിന്റെ മാതാവാകുന്നു; അതുകഴിഞ്ഞാൽ നിന്റെ പിതാവ്"**
**(ബുഖാരി, മുസ്ലിം)**

**ത്വാലിബെ ദുആ:**
**ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)**

ഖബ്ബാബ് ബദ്ർ യുദ്ധത്തിലും ഖന്തക്ക് യുദ്ധത്തിലും പങ്കെടുത്തിരുന്നു. ഉഹുദിലും പങ്കെടുത്തിരുന്നു. ഇതെല്ലാം ഉണ്ടായിട്ടും മരണസമയത്ത് അല്ലാഹു തന്നെ ഇഷ്ടപ്പെടുമോ എന്ന ചിന്തയായിരുന്നു അദ്ദേഹത്തിന്. (അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നുസഅ്ദ് വാല്യം 3 പേജ് 88 ഖബ്ബാബുബ്നുൽ അറത്ത്, ദാറു അഹ്‌യാഉത്തുറാഥുൽഅറബി ബേറൂത്ത് 1996)

മുആദുബ്നു ജബൽ ഒരു സ്വഹാബിയായിരുന്നു. അദ്ദേഹത്തെക്കുറിച്ച് പറയുന്നത് തഹജ്ജുദ് നിർവഹിക്കുന്നയാളും ദീർഘമായി ആരാധനാകർമങ്ങൾ അനുഷ്ഠിക്കുന്നയാളുമായിരുന്നു എന്നാണ്. അദ്ദേഹത്തിന്റെ തഹജ്ജുദ് നമസ്കാരത്തെക്കുറിച്ച് അദ്ദേഹത്തിന്റെ അടുത്തയാളുകൾ ഇങ്ങനെയാണ് ചിത്രീകരിക്കുന്നത്: 'അദ്ദേഹം ദൈവസന്നിധിയിൽ അപേക്ഷിക്കുന്നു: എന്റെ അല്ലാഹുവേ! ഈ നേരത്ത് എല്ലാവരും ഉറങ്ങിക്കിടക്കുകയാണ്. കണ്ണുകൾ അടഞ്ഞിരിക്കുകയാണ്. അല്ലാഹുവേ! നീ ജീവിച്ചിരിക്കുന്നവനും എല്ലാത്തിനേയും നിലനിറുത്തുന്നവനുമാണ്. ഞാൻ നിന്നോട് സ്വർഗത്തെ ചോദിക്കുന്നു. എന്നാൽ, അതിൽ കുറച്ച് മടിയുണ്ട്. അതായത് കർമങ്ങൾ ചെയ്യുന്നതിൽ ഞാൻ മടിയനാണ്. തീയിൽനിന്ന് ദൂരത്തേക്ക് ഓടുന്നതിൽ ദുർബലനാണ്. നരകത്തിന്റെ അഗ്നിയും ഉണ്ടെന്ന് എനിക്കറിയാം. അതിൽനിന്ന് രക്ഷപ്പെടുന്നതിന് നന്മകൾ ചെയ്യേണ്ടിവരും. പക്ഷേ, ഞാൻ ദുർബലനാണ്. അല്ലാഹുവേ! നീ എനിക്ക് നിന്റെ അടുക്കൽനിന്ന് സന്മാർഗം നല്കിയാലും; പുനരുഥാനനാളിലും ആ സന്മാർഗം എനിക്ക് ലഭിക്കേണമേ. ആ നാൾ നീ വാഗ്ദാനം ലംഘിക്കുകയില്ല." ഹദ്റത്ത് മുആദുബ്നു ജബൽ അല്ലാഹുവിന്റെ വഴിയിൽ ഒരുപാട് ചെലവഴിക്കാറുണ്ടായിരുന്നു. അങ്ങനെ ചെലവഴിച്ച കാരണത്താൽ അദ്ദേഹത്തിന് വളരെ കടവും വർധിക്കാറുണ്ടായിരുന്നു. (അസദുൽഗാബ വാല്യം 4 പേജ് 402 മുആദുബ്നു ജബൽ, ദാറുൽഫിക്ർ ബേറൂത്ത് 2003)

ഹദ്റത്ത് കഅ്ബുബ്നു മാലിക്കിന്റെ മകൻ ഹദ്റത്ത് മുആദിനെ കുറിച്ച് പറയുന്നു: "ഹദ്റത്ത് മുആദിനോടുള്ള അല്ലാഹുവിന്റെ പെരുമാറ്റം അത്ഭുതകരമായിരുന്നു. അദ്ദേഹം അങ്ങേയറ്റം സൗന്ദര്യമുള്ള ആളായിരുന്നു. ധർമ്മിഷ്ഠനുമായിരുന്നു. അദ്ദേഹത്തിന്റെ ദുആകളും ഒരുപാട് സ്വീകരിക്കപ്പെട്ടിരുന്നു. അല്ലാഹുവിനോട് എന്ത് ചോദിച്ചാലും അല്ലാഹു അദ്ദേഹത്തിന് നല്കുകയും ചെയ്തിരുന്നു. അദ്ദേഹത്തോട് അല്ലാഹുവിന് പ്രത്യേക ബന്ധമായിരുന്നു. കടം കൂടിയാലും അത് വീട്ടുന്നതിനുള്ള സാഹചര്യവും അല്ലാഹു ഒരുക്കിയിരുന്നു. അത്ഭുതകരമായ ബുദ്ധിയും ജ്ഞാനവും അല്ലാഹു അദ്ദേഹത്തിന് പ്രദാനം ചെയ്തിരുന്നു. (അൽമുഅ്ജമുൽ കബീർ ലിത്ത്വബ്റാനീ വാല്യം 20 പേജ് 30-33 ഹദീഥ് 44 ദാറു അഹ്‌യാഉത്തുറാഥുൽ അറബി ബേറൂത്ത് 200).

ഈ സ്വഹാബാക്കൾക്ക് അല്ലാഹുവുമായുള്ള സ്നേഹം കാരണത്താൽ നബി(സ)തിരുമേനിയോടും സ്നേഹമുണ്ടായിരുന്നു. അല്ലെങ്കിൽ നബി(സ)തിരുമേനിയോടുള്ള സ്നേഹം കാരണത്താൽ അല്ലാഹുവിനോടും അവർക്ക് സ്നേഹമുണ്ടായിരുന്നു. കാരണം നബി(സ)തിരുമേനിയുടെ പരിശുദ്ധശക്തിതന്നെയാണ് അവരിൽ അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ ഗ്രാഹ്യമുണ്ടാക്കിയിരുന്നത്. മുകളിൽ പറഞ്ഞതുപോലെ നബി(സ)തിരുമേനിയുടെ പരിശുദ്ധശക്തി അവരിൽ ഒരു വമ്പിച്ച വിപ്ലവമുണ്ടാക്കി. ഇല്ലെങ്കിൽ ഈ പ്രീതിയുടേയും സ്നേഹത്തിന്റേയും വിവരണങ്ങൾ ഒരിക്കലും എഴുതപ്പെടുമായിരുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദും(അ) പറഞ്ഞതുപോലെ, അല്ലാഹുവിനുവേണ്ടിയുള്ള അവരുടെ നബി(സ)തിരുമേനിയോടുള്ള സ്നേഹത്തിനും തുല്യത ലഭിക്കുകയില്ല.

ഹദ്റത്ത് ശമ്മാസുബ്നു ഉഥ്മാനെ സംബന്ധിച്ച് ചരിത്രത്തിൽ ഇത്തരം സംഭവങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. നബി(സ)തിരുമേനിയോടുള്ള അദ്ദേഹത്തിന്റെ സ്നേഹം ഒരു മാതൃകാപരമായിരുന്നു. ഇസ്‌ലാമിനുവേണ്ടി ത്യാഗത്തിന്റെ ഏറ്റവും ഉന്നതമായ നിലവാരം സ്ഥാപിക്കുന്നതിന്റെ ഉദാഹരണവുമായിരുന്നു. ഉഹുദ് യുദ്ധത്തിൽ ഹദ്റത്ത് ത്വൽഹായുടെ പ്രീതിയേയും സ്നേഹത്തേയും കുറിച്ച് നമുക്ക് വിവരണം ലഭിക്കുന്നുണ്ട്; ഒരു അമ്പും നബിയുടേമേൽ വന്ന് പതിയാതിരിക്കാൻ എങ്ങനെയാണ് അദ്ദേഹം തന്റെ കൈകൾ നബി(സ) തിരുമേനിയുടെ അനുഗൃഹീതമുഖത്തിനു മുമ്പിൽ മറയായി പിടിച്ചിരുന്നതെന്ന്! അവിടെ ഹദ്റത്ത് ശമ്മാസും വലിയ പങ്കാണ് വഹിച്ചിരുന്നത്. നബി(സ)തിരുമേനിയുടെ മുന്നിൽ മറയായി ഹദ്റത്ത് ശമ്മാസ് നിന്നു. എല്ലാ ആക്രമണങ്ങളും തന്റെമേലേറ്റുവാങ്ങി. നബി(സ)തിരുമേനി ഹദ്റത്ത് ശമ്മാസിനെക്കുറിച്ച് പറഞ്ഞത്, ശമ്മാസിനെ ഞാൻ ഏതെങ്കിലും വസ്തുവിനോട് ഉപമിക്കുകയാണെങ്കിൽ അത് പരിചയോടായിരിക്കുമെന്നാണ്. അദ്ദേഹം ഉഹുദ് രണാങ്കണത്തിൽ എനിക്കൊരു പരിചയായിത്തീർന്നിരുന്നു. അദ്ദേഹം എന്റെ മുമ്പിലും പിമ്പിലും ഇടത്തും വലത്തും കാവൽനിന്നുകൊണ്ട് അവസാനശ്വാസംവരെ പൊരുതിക്കൊണ്ടിരുന്നു. നബി(സ)തിരുമേനി ഏതുഭാഗത്ത് നോക്കുമ്പോഴും അവിടന്ന് പറയുന്നു, 'ശമ്മാസ്, അങ്ങേയറ്റം വീറോടുകൂടി അവിടെ പോരാടുന്നത് എനിക്ക് കാണാൻ കഴിഞ്ഞിരുന്നു. ശത്രു, നബി(സ)തിരുമേനിയുടെമേലുള്ള ആക്രമണത്തിൽ വിജയിക്കുകയും അവിടന്ന് ബോധരഹിതനായി വീഴുകയും ചെയ്തപ്പോഴും സ്വയം ഗുരുതരമായ പരിക്കേറ്റു വീഴുന്നതുവരെ ശമ്മാസ് തന്നെയാണ് പരിചയായി മുന്നിൽ നിന്നിരുന്നത്. ആ ഗുരുതരാവസ്ഥയിൽ അദ്ദേഹത്തെ മദീനയിൽ കൊണ്ടുവന്നു. ഹദ്റത്ത് ഉമ്മുസൽമ പറഞ്ഞു: ഇദ്ദേഹം എന്റെ പിതൃവ്യന്റെ മകനാണ്. ഞാൻ അദ്ദേഹത്തിന്റെ അടുത്തബന്ധുവാണ്. അതുകൊണ്ട് എന്റെ വീട്ടിൽ അദ്ദേഹത്തിന്റെ ചികിത്സയും ശുശ്രൂഷയും ഉണ്ടായിരിക്കേണ്ടതാണ്.' പക്ഷേ, ഗുരുതരമായ പരിക്കു കാരണത്താൽ ഒന്നു രണ്ട് ദിവസത്തിനുശേഷം അദ്ദേഹം വഫാത്തായി. നബി(സ)തിരുമേനി പറഞ്ഞു: ശമ്മാസിനേയും മറ്റു ശുഹാദാക്കളെ മടയടക്കിയതുപോലെ അദ്ദേഹം ധരിച്ചിട്ടുള്ള വസ്ത്രത്തിൽത്തന്നെ മറയടക്കുക.'(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നുസഅ്ദ് വാല്യം 3 പേജ് 131 ശമ്മാസുബ്നു ഉഥ്മാൻ, പേജ് 115 ത്വൽഹ ബിൻ ഉബയ്ദ്(റ), ദാറു അഹ്‌യാഉത്തുറാത്തുൽഅറബി ബേറൂത്ത് 1996)

ഒരു സ്വഹാബിയായിരുന്നു സഈദുബ്നു സയ്ദ്. ഇദ്ദേഹം ഹദ്റത്ത് ഉമറി(റ)ന്റെ ഭാര്യാസഹോദരനായിരുന്നു. ഇസ്‌ലാം സ്വീകരിച്ച കാരണത്താൽ ഇദ്ദേഹത്തെ മർദ്ദിക്കുന്നതിന് ഹദ്റത്ത് ഉമർ കൈ പൊക്കിയപ്പോൾ ഇദ്ദേഹത്തിന്റെ ഭാര്യയും ഹദ്റത്ത് ഉമറിന്റെ സഹോദരിയും മുമ്പിൽ വന്നു. അവർക്ക് പരിക്കേറ്റു. അതിന്റെ സ്വാധീനം ഹദ്റത്ത് ഉമറിലുമുണ്ടായി. അങ്ങനെയാണ് ഇസ്‌ലാം സ്വീകരിക്കുന്നതിലേക്ക് അദ്ദേഹത്തിന്റെ ശ്രദ്ധ ഉണ്ടാകുന്നത്.(സീറത്ത് ഇബ്നുഹിശാം പേജ് 251-252 ഇസ് ലാം ഉമർ ബിൻ ഖത്വാബ്(റ), ദാറുൽ ഖുതുബുൽ ഇൽമിയ്യ ബേറൂത്ത് 2001)

ഹദ്റത്ത് സഈദിന്റെ ഐശ്വര്യതയുടേയും ദൈവഭയത്തിന്റേയും നിലവാരത്തെക്കുറിച്ചും ഒരു സംഭവവും ലഭിക്കുന്നുണ്ട്. അദ്ദേഹത്തിന് ഒരു സ്ഥലമുണ്ടായിരുന്നു. അതിൽനിന്നുള്ള വരുമാനത്തിലാണ് അദ്ദേഹത്തിന്റെ ജീവിതം നടന്നിരുന്നത്. ഒരു സ്ത്രീയുടെ സ്ഥലവും അതിനോടു ചേർന്നുണ്ടായിരുന്നു. തന്റെ സ്ഥലം കൈയേറിയതാണെന്ന് പറഞ്ഞ് ആ സ്ത്രീ വാദമുന്നയിച്ചു. ഇതിനുവേണ്ടി ഒരു കേസും നടത്തേണ്ടതില്ലെന്ന് പറഞ്ഞ് തന്റെ ആ സ്ഥലം മുഴുവനും ഹദ്റത്ത് സഈദ്(റ) അവർക്ക് വിട്ടുകൊടുത്തു. അദ്ദേഹം പറഞ്ഞു: ആരാണോ അന്യായമായ നിലയിൽ ആരുടെയെങ്കിലും ഒരു ചാൺ ഭൂമിപോലും കൈയേറുന്നത് അയാൾക്ക് പുനരുഥാനനാളിൽ ഏഴ് സ്ഥലത്തിന്റെ ഭാരം ചുമക്കേണ്ടി വരുമെന്ന് നബി(സ)തിരുമേനി പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. അതുകൊണ്ട് ഈ ആരോപണം എന്റെമേൽ എടുക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പോരാടാനും ആഗ്രഹിക്കുന്നില്ല. പക്ഷേ, ഞാൻ കൈയേറിയെന്ന് ലോകർ പറയരുത്.' ഒരു സ്ത്രീയുടെ ഭൂമി അവിടന്ന് കൈയേറിയെന്ന് ആരെങ്കിലും പറഞ്ഞേക്കാം. ഇതറിഞ്ഞതുകൊണ്ട് ഇപ്പോൾ ഈ ഭൂമി അവർക്ക് വിട്ടുകൊടുക്കുകയാണ്. അങ്ങനെ ഈ ആരോപണത്തിൽനിന്ന് രക്ഷപ്പെടുന്നതിന് ദുആ ചെയ്തുകൊണ്ടിരുന്നു. ഈ സ്ത്രീ മർദ്ദിത അല്ലാതെ മർദ്ധകയാണെങ്കിൽ അല്ലാഹു അവരെ പിടിക്കാനും അവരുടെ അന്ത്യം ശുഭമാകാതിരിക്കാനും കൂടുതൽ ദുആ ചെയ്തു. പറയുന്നു: ആ സ്ത്രീ അന്ധയായി നാശമടഞ്ഞു. അങ്ങനെ അവർ ഒരു ഗുണപാഠമായിത്തീർന്നു.(സ്വഹീഹ് മുസ്‌ലിം കിതാബുൽഫറാഇള്, ബാബു തഹ്‌രീമുൽ ള്ള്വുൽമ് ........ ഹദീഥ് 4134)

സത്യം പറയുകയും അത് പറയുന്നതിൽ ആരേയും ഭയക്കാതിരിക്കുകയും ചെയ്യുക എന്നത് സ്വഹാബാക്കളുടെ ശീലമായിരുന്നു. ഹദ്റത്ത് സഈദുബ്നു സയ്ദിനെ കുറിച്ച് പറയുന്നു. അമീർ മുആവിയ നിയമിച്ച ഗവർണർ ഒരു ദിവസം കൂഫയിലെ ജാമിഅ മസ്ജിദിൽ ഇരിക്കുകയായിരുന്നു. ഹദ്റത്ത് സഈദും അവിടെ വന്നു. ഗവർണർ വലിയ ആദരവോടും ബഹുമാനത്തോടുംകൂടി അദ്ദേഹത്തെ സ്വീകരിച്ചു. തന്റെ അടുത്തിരുത്തി. ആയിടയിൽ കൂഫയിലെ ഒരാൾ അവിടെ വന്നു. അയാൾ ഹദ്റത്ത് അലി

## ഇർശാദെ നബ്‌വി(സ):-

**"ഉപജീവനത്തിൽ ഐശ്വര്യമുണ്ടാകാനും ദീർഘായുസ്സ് ലഭിക്കാനും വല്ലവനും ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്റെ കുടുംബബന്ധം പുലർത്തിക്കൊള്ളട്ടെ.'**

**(ബുഖാരി, മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)**

## ഇർശാദെ നബ്‌വി(സ):-

**"പ്രത്യുപകാരം ചെയ്യുന്നവൻ കുടുംബബന്ധം പുലർത്തുന്നവനല്ല. പക്ഷേ, കുടുംബബന്ധം മുറിക്കപ്പെടുമ്പോൾ അതിനെ നിലനിറുത്തുന്നവനാണ് കുടുംബബന്ധം ചേർക്കുന്നവൻ."**

**(ബുഖാരി)**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)**

യെ ചീത്തപറയാൻ തുടങ്ങി. ഹദ്റത്ത് സഈദ് കുപിതനായി. താൻ ഗവർണരുടെ മുമ്പിലാണ് സംസാരിക്കുന്നതെന്നൊന്നും മിണ്ടാതിരിക്കുന്നതാണ് യുക്തിയെന്നൊന്നും മനസ്സിലാക്കിയില്ല. പറഞ്ഞു: "അബൂബക്കർ, ഉമർ, ഉഥ്മാൻ, അലി, ത്വൽഹ, സുബയ്റുബ്നുൽ അവ്വാം, സഅ്ദ്, അബ്ദുർറഹ്മാനിബ്നു ഔഫ് എന്നിവർ സ്വർഗത്തിലായിരിക്കുമെന്ന് നബി(സ) തിരുമേനിയിൽനിന്ന് ഞാൻ കേട്ടിട്ടുണ്ട്.' പറഞ്ഞു: 'പത്താമതൊരാളുമുണ്ട്. അയാളുടെ പേര് ഞാൻ പറയുന്നില്ല.' സമ്മർദ്ദം ചെലുത്തി ചോദിച്ചപ്പോൾ പറഞ്ഞു: ആ പത്താമത്തെയാൾ ഞാൻ അതായത് സഈദുബ്നു സയ്ദാണ്.(സുനൻ അബൂദാവൂദ്, കിതാബുസ്സുന്നത്തി,ബാബു ഫിൽ ഖുലഫാഇ ഹദീഥ് 4649–4650)

അദ്ദേഹത്തിൽനിന്ന് ഇങ്ങനേയും ഒരു നിവേദനമുണ്ട്. 'ഏറ്റവും വലിയ പലിശ അതായത് നിഷിദ്ധവസ്തു മുസ്‌ലിംകളുടെ അഭിമാനത്തിനുമേൽ അന്യായമായി ആക്രമണം നടത്തുകയാണ്.'(സുനൻ അബൂദാവൂദ്,കിതാബുൽഅദബ്, ബാബു ഫിൽ ഗയ്ബത്തിഹി, ഹദീഥ് 4876)

ഇന്ന് ഇക്കാര്യം മുസ്‌ലിംകൾ മറന്നുകളഞ്ഞു. വലിയ അളവു മുതൽ ചെറിയ അളവുവരെ നമ്മൾ കാണുന്നത് മുസ്‌ലിം മുസ്‌ലിമിന്റെ അഭിമാനത്തിനുമേൽ സ്വാർഥനേട്ടത്തിനുവേണ്ടി ആക്രമണം നടത്തുന്നതാണ്.

ഒരു സഹാബിയായ ഹദ്റത്ത് സ്വുഹയ്ബുബ്നു സന്നാൻ റൂമിയുടെ പരാമർശം ലഭിക്കുന്നുണ്ട്. അല്ലാഹുവിന്റെ കല്പനയാൽ മുസ്‌ലിംകൾക്ക് ഹിജ്റ ചെയ്യാൻ കല്പന കിട്ടിയപ്പോൾ ഹദ്റത്ത് സ്വുഹയ്ബും ഹിജ്റത്ത് ചെയ്യാൻ തീരുമാനിച്ചു. അവിടന്ന് മെല്ലെ മെല്ലെയാണ് അഭിവൃദ്ധിപ്പെട്ടു വന്നത്. ഒരു അടിമയുടെ നിലയിൽനിന്ന് പിന്നീട് സ്വതന്ത്രനായി. വീണ്ടും അഭിവൃദ്ധിപ്പെട്ടു. കച്ചവടം തുടങ്ങി. വലിയ സമ്പന്നനായ വ്യാപാരിയായി. കച്ചവടത്തിലൂടെ വൻതോതിൽ ധനം സമ്പാദിച്ചു. ഹിജ്റത്ത് ചെയ്ത് പോകുമ്പോൾ, നീ ഒരു ദരിദ്രനായ അടിമ എന്ന നിലയിലാണ് ഞങ്ങളുടെ പട്ടണത്തിൽ വന്നതെന്നും ഇവിടെ വന്ന് സമ്പാദിച്ച ധനവുമായി പോകാൻ തങ്ങൾ ഒരിക്കലും നിന്നെ അനുവദിക്കുകയില്ലെന്നും മക്കക്കാർ പറഞ്ഞു. അദ്ദേഹം പറഞ്ഞു: 'ഞാൻ എന്റെ ധനം ഉപേക്ഷിക്കുകയാണ്. ഇനി എന്നെ പോകാൻ അനുവദിക്കുമോ?' എന്തായാലും അദ്ദേഹം തന്റെ പകുതി ധനം മക്കക്കാരെ ഏല്പിച്ചു. ഹിജ്റ ചെയ്യാനുള്ള പരിപാടി തയ്യാറാക്കി. തന്റെ കുടുംബത്തോടൊപ്പം മദീനാഭാഗത്തേക്ക് യാത്ര പുറപ്പെട്ടപ്പോൾ ചില ഖുറയ്ശികൾ അദ്ദേഹത്തെ പിന്തുടർന്നു. സ്വുഹയ്ബ് വലിയ ധീരനായിരുന്നു. അമ്പ് കുലയ്ക്കുന്നതിൽ വളരെ വിദഗ്ദ്ധനായിരുന്നു. അവിശ്വാസികളെ കണ്ട് തന്റെ ആവനാഴിയിൽനിന്ന് അമ്പുകളെല്ലാമെടുത്ത് താഴെയിട്ടു. അവരെ നോക്കിക്കൊണ്ടു പറഞ്ഞു: ഖുറയ്ശികളേ! ഞാൻ നിങ്ങളെക്കാളൊക്കെ മികച്ച അമ്പെയ്ത്തുകാരനാണെന്ന് നിങ്ങൾക്കറിയാം. എന്റെ അവസാനത്തെ അമ്പ് തീരുന്നതുവരെ നിങ്ങൾക്ക് എന്റെയടുത്ത് എത്താൻ സാധ്യമല്ല. അതു കഴിഞ്ഞാൽ എന്റെ കൈയിൽ വാളുണ്ട്. അതുമായും നിങ്ങൾക്ക് പോരാടേണ്ടിവരും. നിങ്ങൾ എന്നെ സമാധാനത്തോടുകൂടി പോകാൻ അനുവദിക്കുക. അതിനു പകരം എന്റെ ബാക്കി ധനവും ഞാൻ ഇന്ന സ്ഥലത്തു വെച്ചിട്ടുണ്ട്. അതെടുത്തുകൊള്ളുക.' അങ്ങനെ അദ്ദേഹം വളരെ തന്ത്രപൂർവ്വം തന്റെ ധനം ത്യാഗം ചെയ്തുകൊണ്ട് തന്റെ കുട്ടികളേയും രക്ഷിച്ചു. സമാധാനത്തോടെ മദീനയിലെത്തുകയും ചെയ്തു. താൻ എങ്ങനെയാണ് തന്റെ മുഴുവൻ ധനവും കൊടുത്ത് ജീവനും വിശ്വാസവുംകൊണ്ട് ഇവിടെ എത്തിയ കാര്യം നബി(സ)തിരുമേനിയോടു പറഞ്ഞു. നബി(സ)തിരുമേനി പറഞ്ഞു: 'ഇത് നഷ്ടക്കച്ചവടമല്ല. താങ്കൾ വളരെ നല്ല കച്ചവടമാണ് ചെയ്തിരിക്കുന്നത്.' (അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നുസഅ്ദ് വാള്യം 3 പേജ് 121 സ്വുഹയ്ബുബ്നു സന്നാൻ, ദാറു അഹ്യാഉത്തുറാത്തുൽഅറബി ബേറൂത്ത് 1996)

എല്ലാ ഓരോ സ്വഹാബിക്കും അവരവരുടേതായ ഒരു രീതിയുണ്ട്. ഒരു അവസരത്തിൽ ഹദ്റത്ത് സ്വുഹയ്ബി(റ)നോട് ഹദ്റത്ത് ഉമർ(റ) പറഞ്ഞു: നിങ്ങൾ ധാരാളമായി സാധുക്കൾക്ക് ഭക്ഷണവും മറ്റും നല്കുന്നു. അതിൽ അമിതത്വമുണ്ടാകുന്നുണ്ടോ എന്ന് ഞാൻ ഭയപ്പെടുന്നു. ഹദ്റത്ത് സ്വുഹയ്ബ് (റ)പറഞ്ഞു: ഞാൻ ഈ ആഹാരം കൊടുക്കുന്നതും നബി(സ) തിരുമേനിയുടെ ഒരു നിർദ്ദേശമനുസരിച്ചാണ്. നിങ്ങളിൽ തനിക്ക് ഏറ്റവും ഉത്തമരായവർ ജനങ്ങൾക്ക് ആഹാരം നല്കുന്നവരാണെന്നും സലാം പറയുന്നവരാണെന്നും അവിടന്ന് ഉപദേശിച്ചുകൊണ്ട് പറഞ്ഞിരുന്നു. *അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തഹു* പറയുന്നത് ഒരു നന്മയും നല്ലവരുടെ അടയാളവുമാണെന്ന് നബി(സ) തിരുമേനി പറഞ്ഞിരിക്കുന്നു.' അദ്ദേഹം പറഞ്ഞു: 'ഈ ഉപദേശം ഞാൻ മദീനയിൽ വന്നപ്പോൾ നബി(സ)തിരുമേനിയിൽനിന്ന് കേട്ടതാണ്. അവിടന്ന് എന്നോട് പറയുകയും ഞാൻ അത് മനസ്സിൽ ഉറപ്പിച്ചു വെക്കുകയും ചെയ്തു. ഞാൻ അനുവദനീയമല്ലാത്ത ഒരു ധനവും ചെലവഴിക്കുന്നില്ല. അമിതത്വം പ്രവർത്തിക്കുന്നുമില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 7 പേജ് 924 ഹദീഥ് 24422, മുസ്നദ് സ്വുഹയ്ബുബ്നു സന്നാൻ, ആലമുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1998)

ഹദ്റത്ത് സ്വുഹയ്ബി(റ)ന്റെ സ്ഥാനം ഹദ്റത്ത് ഉമറിന്റെ ദൃഷ്ടിയിലും വളരെ വലുതായിരുന്നു. അങ്ങനെ ഹദ്റത്ത് ഉമർ(റ) തന്റെ ജനാസ ഹദ്റത്ത് സ്വുഹയ്ബിനെക്കൊണ്ട് നമസ്കരിപ്പിക്കണമെന്ന് വസ്വിയ്യത്ത് ചെയ്തു. അടുത്ത ഖലീഫ തിരഞ്ഞെടുക്കപ്പെടുന്നതുവരെ നമസ്കാരങ്ങളുടെ ഇമാമത്തും ഇദ്ദേഹത്തെക്കൊണ്ടാണ് നിർവഹിപ്പിച്ചിരുന്നത്. (അസദുൽ ഗാബ വാള്യം 3 പേജ് 423, ഉബയ്ദുല്ലാഹ് ബിൻ ഉമർ(റ), ദാറുൽഫിക്ർ ബേറൂത്ത് 2003)

നബി(സ)തിരുമേനി അടിമത്വത്തിൽനിന്ന് മോചിപ്പിച്ച ഹദ്റത്ത് സയ്ദിന്റെ മകനായിരുന്നു ഹദ്റത്ത് ഉസാമ. നബി(സ) തിരുമേനി താൻ സ്നേഹിക്കുന്നുവെന്ന് സർട്ടിഫിക്കറ്റ് നല്കിയ ഭാഗ്യവാനായിരുന്നു അദ്ദേഹം.(അസദുൽഗാബ വാള്യം 1 പേജ് 91, ഉസാമ ബിൻ സയ്ദ്(റ), ദാറുൽഫിക്ർ ബേറൂത്ത് 2003)

നബി(സ)തിരുമേനി അദ്ദേഹത്തെ എത്ര കണ്ട് സ്നേഹിച്ചിരുന്നുവെന്നാൽ, നബി(സ) തിരുമേനി ഹദ്റത്ത് ഹുസയ്നേയും അദ്ദേഹത്തേയും രണ്ട് തുടകളിൽ ഇരുത്തുകയും എന്നിട്ട് അല്ലാഹുവിനോടു, ഞാൻ ഇവരെ സ്നേഹിക്കുന്നു നീയും ഇവരെ സ്നേഹിച്ചാലും എന്നു ദുആ ചെയ്യുകയും ചെയ്യുമായിരുന്നുവെന്ന് ഉസാമതന്നെ പറയുമായിരുന്നു. (അൽമുഅ്ജമുൽ കബീർ ലിത്ത്വബ്റാനീ വാള്യം 3 പേജ് 47ഹദീഥ് 2642, ദാറു അഹ്യാഉത്തുറാഥുൽഅറബി ബേറൂത്ത് 2002).

പക്ഷേ, തർബിയ്യത്തിന്റേയും ദീനിന്റേയും കാര്യങ്ങൾ വരുന്നിടത്ത് കേവലം അല്ലാഹുവിന്റെ കല്പനകളാണുണ്ടാകുന്നത്. അപ്പോൾ ഈ വ്യക്തിപരമായ സ്നേഹം അവസാനിച്ചു പോകുന്നു. നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ ഹദ്റത്ത് ഉസാമ ചെറിയ പ്രായമായിരുന്നു. എന്നല്ല നബി വഫാത്താകുമ്പോഴും ഉസാമയ്ക്ക് 18 വയസ്സായിരുന്നു. പക്ഷേ, ചില യുദ്ധങ്ങളിൽ പങ്കെടുക്കുന്നതിന് അദ്ദേഹത്തിന് അവസരം കിട്ടിയിട്ടുണ്ട്. ഒരു സംഭവം വിവരിക്കപ്പെടുന്നു: ഒരു യുദ്ധത്തിൽ ഒരു അവിശ്വാസി ഉസാമയുടെ മുമ്പിൽ വന്നുപെട്ടു. അയാൾ ക്ഷണത്തിൽ കലിമ ചൊല്ലി. എന്നാൽ, ഉസാമ എന്നിട്ടും അദ്ദേഹത്തെ വധിച്ചു. മരണം ഭയന്നുകൊണ്ടാണ് കലിമ ചൊല്ലിയത് എന്നാണ് പറഞ്ഞത്. ഹദ്റത്ത് ഉസാമ പറയുന്നു: ഞാൻ ഈ സംഭവം നബി(സ)തിരുമേനിയുടെ സന്നിധിയിൽ വിവരിച്ചു. അവിടന്ന് ചോദിച്ചു: 'അയാൾ കലിമ ചൊല്ലിയതിനുശേഷവും നീ അയാളെ വധിച്ചുവോ?' ഞാൻ പറഞ്ഞു: 'അവൻ രക്ഷപ്പെടുന്നതിനുവേണ്ടിയാണ് കലിമ ചൊല്ലിയത്.' നബി(സ) ചോദിച്ചു: നീ അയാളുടെ മനസ്സ് പിളർന്നുനോക്കിയിരുന്നോ?' പിന്നീട് ചോദിച്ചു: 'അയാൾ ശഹാദത്ത് കലിമ ചൊല്ലിയിട്ടും നീ അവനെ വധിച്ചുവോ?' ഉസാമ പറയുന്നു: 'നബി(സ)തിരുമേനി ഈ വാക്യം എത്ര തവണ ആവർത്തിച്ചുവെന്നാൽ, അഹോ കഷ്ടം! ഇന്നേക്ക് മുമ്പേ ഞാൻ മുസൽമാനായിരുന്നില്ലെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചുപോയി! ഉസാമ പറയുന്നു: 'തുടർന്ന് ഭാവിയിൽ ഒരിക്കലും ഒരു വ്യക്തിയേയും ലാ ഇലാഹ ഇല്ലല്ലാഹ് ചൊല്ലിയാൽ വധിക്കുകയില്ലെന്ന് ഞാൻ പ്രതിജ്ഞ ചെയ്തു.'(സ്വഹീഹുൽ ബുഖാരി, കിതാബുൽ മഗാസി ബാബ് ബഅ്ഥുന്നബിയ്യി(സ)ഉസാമ ബിൻ സയ്ദ്.....ഹദീഥ് 4269)(അസദുൽഗാബ വാള്യം 1, പേജ് 91–92, ഉസാമ ബിൻ സയ്ദ്, ദാറുൽഫിക്ർ ബേറൂത്ത് 2003)

അഹോ കഷ്ടം! ഈ കാര്യങ്ങൾ ഇന്നത്തെ മുസ്‌ലിംകൾക്ക് മനസ്സിലായിരുന്നെങ്കിൽ! ഇസ്ലാമിന്റെ പേരിൽ അന്യരുടെമേൽ എന്തായാലും അക്രമം ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. അത് അതിന്റെ സ്ഥാനത്താണ്. ഇവിടെ പരസ്പരം മുസ്‌ലിംകൾ മുസ്‌ലിംകളേയും കൊന്നൊടുക്കിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ സിറിയയിൽ യുദ്ധമാണ്. ഇതിനെക്കുറിച്ച് പറയുന്നത്, കഴിഞ്ഞ പല വർഷങ്ങളിലായി ഈ യുദ്ധം തുടങ്ങിയതുമുതൽ ലക്ഷക്കണക്കിന് ആളുകൾ അവിടെ വധിക്കപ്പെട്ടിട്ടുണ്ടെന്നാണ്. മുസ്‌ലിംകൾ മുസ്‌ലിംകളെ കൊന്നൊടുക്കി. അതേ കലിമ ചൊല്ലുന്നവരെയാണ് കലിമ ചൊല്ലുന്നവർ കൊന്നുകൊണ്ടിരിക്കുന്നത്. അല്ലെങ്കിൽ അതിന്റെ പേരിൽ വധിച്ചുകൊണ്ടിരിക്കുന്നത്. യമനിലും കലിമ ചൊല്ലുന്നവരെ കൊന്നുകൊണ്ടിരിക്കുന്നു. മറ്റു അക്രമങ്ങളും ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. പീഢിപ്പിച്ചുകൊണ്ടിരിക്കുകയാണ്. വെറും സ്വഹാബാക്കളോടും റസൂലിനോടുമുള്ള സ്നേഹത്തിന്റെ മുദ്രാവാക്യം മുഴക്കുന്നവരാകാതിരിക്കാനും അവരുടെ കർമങ്ങളനുസരിച്ച് കർമങ്ങൾ ചെയയുന്നവരാകാനും മുസ്‌ലിംകൾക്ക് അല്ലാഹു ബുദ്ധി നല്കുമാറാകട്ടെ. പക്ഷേ, യഥാർഥ കാര്യം എന്താണെന്നുവച്ചാൽ ഈ ആളുകൾ ഇസ്‌ലാമിന്റെ പേരിൽ തങ്ങളുടെ സ്വാർഥതയെ സമാധാനിപ്പിക്കുന്നവരാണ്. ഇസ്‌ലാമികാധ്യാപനത്തിന്റെ അലിഫ് ബാ പോലും അവർക്കറിയില്ല. സ്വന്തം മേന്മ സ്ഥാപിക്കാനുള്ള പരിശ്രമമാണ് അവരുടേത്. നാവിൽ അല്ലാഹുവിന്റെ നാമമുണ്ട്. പക്ഷേ, മനസ്സിൽ വെറും സ്വാർഥതയാണ്. ലോകത്ത് ഇക്കാലഘട്ടത്തിൽ യഥാർഥ ദൈവഭക്തിയുണ്ടാക്കുന്നതിനുവേണ്ടി അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചു. അതിനാൽ ഈ മുസ്‌ലിംകളുടെ അവസ്ഥ കാണുമ്പോൾ ഇവർ സ്വീകരിക്കാത്തിടത്തോളം ഇവരുടെ പരിഷ്കരണം നടക്കുകയില്ലെന്ന് തോന്നുന്നു. അവരുടെ ഈ അവസ്ഥ കണ്ടുകൊണ്ട് നമ്മൾ നന്ദി പ്രകടിപ്പിക്കേണ്ടതാണ്. നന്ദിപ്രകടനത്തിന്റെ വികാരത്താൽ നമ്മൾ

അഭിവൃദ്ധിപ്പെടേണ്ടതാണ്. ഈ കാലഘട്ടത്തിൽ നബി(സ) തിരുമേനിയുടെ സേവകനായിക്കൊണ്ട് താൻ അയച്ച മാർഗദർശിയെ വിശ്വസിക്കാൻ അല്ലാഹു നമുക്ക് ഭാഗ്യം നല്കി. അവിടന്ന് നമുക്ക് സ്വഹാബത്തിന്റെ പദവിയെക്കുറിച്ചു പറഞ്ഞുതന്നു. അവരുടെ പിന്നാലെ നടക്കാൻ ഉപദേശിച്ചു. സ്വഹാബാക്കളുടെ മാതൃക എത്തരത്തിലുള്ളതാണെന്നും വിവരിച്ചു. നിങ്ങൾ അവരുടെ ജീവിതമാതൃക മനസ്സിലാക്കേണ്ടതാണ്. അവരുടെ പിന്നാലെ നടക്കാൻ ശ്രമിക്കേണ്ടതാണ്. അതിനാൽ ഈയൊരു മാർഗ്ഗമേയുള്ളൂ. അത് നമ്മുടെ മുമ്പിൽ വെക്കുകയും അദ്ദേഹം പറഞ്ഞകാര്യങ്ങൾ മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുകയും ചെയ്താൽ യഥാർഥ മുസ്‌ലിമായിത്തീരുന്നതാണ്.

അവിടന്ന് ഒരിടത്ത് പറയുന്നു: "യാഥാർഥ്യമെന്താണെന്നുവച്ചാൽ മനുഷ്യൻ തന്റെ ആഗ്രഹങ്ങളും ഉദ്ദേശ്യങ്ങളും ഉപേക്ഷിച്ചുകൊണ്ട് ദൈവസന്നിധിയിൽ വരാത്തിടത്തോളം ഒന്നും കരസ്ഥമാകുകയില്ല. എന്നല്ല സ്വന്തം നഷ്ടം സഹിക്കേണ്ടിയും വരും. പക്ഷേ, എല്ലാ ശാരീരികേച്ഛകളിൽനിന്നും ഉദ്ദേശ്യങ്ങളിൽനിന്നും വേർപെടുകയും ശൂന്യമായ കൈകളും പരിശുദ്ധമായ മനസ്സുമായി ദൈവസന്നിധിയിൽ വന്നാൽ അല്ലാഹു അവന് നല്കുന്നതാണ്. അല്ലാഹു അവനെ സഹായിക്കുന്നതാണ്. മനുഷ്യൻ മരിക്കുന്നതിന് തയ്യാറാകുകയും അവന്റെ വഴിയിൽ നിന്ദ്യതയും മരണവും സന്തോഷത്തോടുകൂടി സ്വീകരിക്കുകയും ചെയ്യണം എന്ന നിബന്ധനയുണ്ട്."

വീണ്ടും അവിടന്ന് പറയുന്നു: "നോക്കൂ! ലോകം ഒരു നശ്വരവസ്തുവാണ്. എന്നാൽ, അതിന്റെ രുചിയും അല്ലാഹുവിനുവേണ്ടി അതിനെ ഉപേക്ഷിക്കുന്നവനാണ് ലഭിക്കുന്നത്. ഇക്കാരണത്താലാണ് അല്ലാഹുവിന്റെ സമീപസ്ഥനാകുന്ന വ്യക്തി (ഇപ്പോൾ സ്വഹാബക്കളുടെ സംഭവത്തിൽ നമ്മൾ കണ്ടതുപോലെ അല്ലാഹുവിനുവേണ്ടി ഉപേക്ഷിച്ചപ്പോൾ അല്ലാഹു വളരെയധികം നല്കി. പക്ഷേ, എന്നിട്ടും അവർക്ക് തങ്ങളുടെ പര്യവസാനത്തിന്റെ ചിന്തയായിരുന്നു. തന്റെ പരലോകത്തിന്റെ ചിന്തയായിരുന്നു. അങ്ങനെ നല്കിയിട്ടും തികവാർന്ന നിലയിൽ അവർ അല്ലാഹുവിന്റേതായി).ആരാണോ അല്ലാഹുവിന്റെ സമീപസ്ഥനാകുന്നത്. അല്ലാഹു ലോകത്ത് അവന് സ്വീകാര്യത വിരിക്കുന്നു. ഈ സ്വീകാര്യതയ്ക്കുവേണ്ടിയാണ് ലൗകികൻ ആയിരക്കണക്കിന് ശ്രമങ്ങൾ നടത്തുന്നത്; എങ്ങനെയെങ്കിലും ഒരു സ്ഥാനമാനം കിട്ടാൻ, ആദരവ് പിടിച്ചുപറ്റാൻ, ദർബാറിൽ കസേര ലഭിക്കാൻ, ഉയർന്നവരുടെ കൂട്ടത്തിൽ എണ്ണപ്പെടാൻ! ചുരുക്കത്തിൽ ആരാണോ അല്ലാഹുവിനുവേണ്ടി സർവ്വവും ഉപേക്ഷിക്കുകയും നഷ്ടപ്പെടുത്താൻ തയ്യാറാകുകയും നഷ്ടപ്പെടുത്തുക മാത്രമല്ല മറിച്ച് ഉപേക്ഷിക്കുകയും ചെയ്യുന്നത് അവന് എല്ലാ ഭൗതികമായ ആദരവുകളും നല്കുകയും എല്ലാ മനസ്സിലും അവന്റെ മഹത്ത്വവും സ്വീകാര്യതയും ഉണ്ടാക്കുകയും ചെയ്യുന്നു; അല്ലാഹുവിനുവേണ്ടി സ്വയം കളയുന്നവർക്ക് എല്ലാം നല്കപ്പെടുന്നു. അതുമുഖേന കൂടുതൽ പ്രാപിക്കാത്തിടത്തോളം അവർ മരിക്കുകയില്ല. അല്ലാഹു ആരുടേയും കടം തന്റെ ചുമതലയിൽ എടുക്കുകയില്ല. എന്നാൽ, വേദനയോടെ പറയട്ടെ ഈ കാര്യങ്ങൾ വിശ്വസിക്കുന്നവരും ഇതിന്റെ യാഥാർഥ്യത്തെക്കുറിച്ച് അറിയുന്നവരും വളരെ വിരളമാണ്."(മൽഫൂദാത്ത് വാള്യം 5 പേജ് 398-399, 1985 ലണ്ടൻ പതിപ്പ്)

നമ്മൾ അവിടന്ന് പറഞ്ഞ കാര്യങ്ങളനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും യഥാർഥമായ പിൻഗാമികളും കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നവരുമാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

നമസ്കാരങ്ങൾക്കുശേഷം ഒരു ജനാസ നമസ്കരിപ്പിക്കുന്നതാണ്. യു.കെ നാഇബ് അമീറും കേന്ദ്ര ജാഇദാദ് വകുപ്പിന്റെ ഇൻചാർജുമായ ചൗദ്‌രി നാസിർ അഹ്മദ് സാഹിബിന്റെ ഭാര്യ അമത്തുൽ മജീദ് അഹ്മദ് സാഹിബ 2018 ജനുവരി 9ന് വഫാത്തായി. *ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ.* ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് മൗലവി അബ്ദുല്ല സാഹിബ് സന്നൗരിയുടെ പ്രപൗത്രിയായിരുന്നു. വിവാഹത്തിനുശേഷം 1978-ൽ മസ്ജിദ് ഫള്ലിനടുത്ത് താമസം തുടങ്ങി. നോമ്പും നമസ്കാരവും കൃത്യനിഷ്ഠയോടെ നിർവഹിക്കുന്നവരായിരുന്നു. ചന്ദകൾ മുടങ്ങാതെ കൊടുത്തിരുന്നു. വളരെ സഹതാപിയും അതിഥികളെ സ്വീകരിക്കുന്നയാളും ആത്മാർഥയുമായിരുന്നു. എല്ലാവരുടേയും ദുഃഖത്തെ ഉൾക്കൊണ്ടിരുന്നു. ഖിലാഫത്തിനോട് നല്ല ബന്ധമായിരുന്നു. ഈ ബന്ധം നിലനിറുത്തുന്നതിനുവേണ്ടി തന്റെ മക്കളെ എപ്പോഴും ഉപദേശിക്കാറുണ്ടായിരുന്നു. നമസ്കാരം കൃത്യമായി അനുഷ്ഠിക്കാൻ ഉപദേശിച്ചുകൊണ്ടിരുന്നു. കുട്ടികൾക്ക് നല്ല ശിക്ഷണം നല്കാൻ പരിശ്രമിച്ചു. അതിനോടൊപ്പം മഹല്ലിലെ കുട്ടികളെ വിശുദ്ധഖുർആൻ പഠിപ്പിക്കാനും ഭാഗ്യം കിട്ടി. യു.കെ ലജനയിൽ ഖിദ്മത്തെ ഖൽഖ്, ളിയാഫത്ത് വകുപ്പുകൾക്കു പുറമെ ജൽസ സാലാന യു.കെയിൽ അതിഥികളുടെ സെക്രട്ടറി എന്ന നിലയിലും സേവനം അനുഷ്ഠിച്ചുകൊണ്ടിരുന്നു. സന്തപ്ത കുടുംബാംഗങ്ങളിൽ അവരുടെ ഭർത്താവ് ചൗദ്‌രി നാസിർ അഹ്മദ് സാഹിബും നാല് പെൺമക്കളുമുണ്ട്. അങ്ങേയറ്റം സ്നേഹിക്കുന്നവരായിരുന്നുവെന്നും അതുല്യമായ സ്നേഹം അവരെ കാണുന്ന ഓരോരുത്തരും അനുഭവിച്ചിരുന്നുവെന്നും ജൽസയിൽ ദീർഘകാലം അതിഥികളുടെ സെക്രട്ടറി എന്ന സ്ഥാനം അലങ്കരിച്ചിരുന്നുവെന്നും വലിയ ആത്മാർഥതയോടും സ്നേഹത്തോടുംകൂടി ഈ സേവനം ചെയ്തിരുന്നുവെന്നും സെക്രട്ടറി ളിയാഫത്ത് എന്ന നിലയിലും പ്രവർത്തിക്കാൻ ഭാഗ്യം കിട്ടിയിരുന്നുവെന്നും വളരെ വിനയത്തോടെ ഈ പ്രവൃത്തി ചെയ്തിരുന്നുവെന്നും ഇപ്പോഴത്തെ ലജ്ന യു.കെ സ്വദ്റും മുൻസ്വദ്റും എഴുതിയിരിക്കുന്നു.

അല്ലാഹു പരേതയുടെ പദവികൾ ഉയർത്തുമാറാകട്ടെ. അവരുടെ നന്മകൾ അവരുടെ പെൺകുട്ടികളിലും അല്ലാഹു തുടർന്നുകൊണ്ടിരിക്കുമാറാകട്ടെ. ഞാൻ പറഞ്ഞതുപോലെ നമസ്കാരങ്ങൾക്കു ശേഷം ജനാസ നമസ്കരിപ്പിക്കുന്നതാണ്.

**റബ്ബി യാ റബ്ബി ഇസ്മഅ് ദുആഈ ഫീ ഖൗമീ വ തളർറുഈ ഫീ ഇഖ്വത്തീ, ഇന്നീ അത്തവസ്സലു ഇലയ്ക്ക ബിനബിയ്യിക്ക ഖാത്തമിന്നബിയീന വ ശഫീഇൻ വ മുശഫ്ഫഇൻ ലിൽമുദ്നിബീന-റബ്ബി അഖ്രിജ്ഹും മിനള്ളുലുമാത്തി ഇലാ നൂരിക്ക വമിൻബയ്ദാഇൽബുഅ്ദി ഇലാ ഹുളൂരിക്ക-റബ്ബിർഹം അലല്ലദീന യൽഅനൂന അലയ്യ വഹ്ഫള് മിൻ നബിയ്യിക്ക ഖൗമൻ യക്ത്വഊന യദയ്യ വ അദ്ഖിൽ ഹുദാക്ക ഫീ ജദ്രി ഖുലൂബിഹിം വഅ്ഫു അൻ ഖത്വീആത്തിഹിം വ ദുനൂബിഹിം വഗ്ഫിർലഹും വ ആഫിഹിം വ വാദിഅ്ഹും വ സ്വാഫിഹിം വ അഅ്ത്വിഹിം ഉയൂനൻ യുബ്സിറൂന ബിഹാ വ ആദാനൻ യസ്മഊന ബിഹാ വ ഖുലൂബൻ യഫ്ഖഹൂന ബിഹാ വ അൻവാറൻ യഅ്രിഫൂന ബിഹാ വർഹം അലയ്ഹിം-വഅ്ഫു അമ്മാ യഖൂലൂന ഫ ഇന്നഹും ഖൗമുൻ ലാ യഅ്ലമൂൻ-റബ്ബി ബിവജ്ഹിൽ മുസ്തഫാ വ ദറജത്തിഹിൽഉൽയാ വൽഖാഇമീന ഫീ ആനാഇല്ലയ്‌ലി വൽഗാസീന ഫീ ളൗഇൽ ളുഹാ വ രികാബിൻല്ലക്ക തുഅദ്ദു ലിസ്സുറാ വ രിഹാലിൻ തുശദ്ദു ഇലാ ഉമ്മിൽഖുറാ-അസ്‌ലിഹ് ബയ്നനാ വ ബയ്ന ഇഖ്വാനിനാ-വഫ്ത്തഹ് അബ്സ്വാറഹും വ നവ്വിർ ഖുലൂബഹും വ ഫഹ്ഹിംഹും മാ ഫഹ്ഹംതനീ വ അല്ലിംഹും ത്വുറുഖത്തക്വാ-വഅ്ഫു അമ്മാ മളാ- വ ആഖിറു ദഅ്വാനാ അനിൽഹംദു ലില്ലാഹ് റബ്ബിസ്സമാവാത്തിൽഉലാ-**

ഓ എന്റെ രക്ഷിതാവേ, എന്റെ സമുദായത്തിനു വേണ്ടിയുള്ള എന്റെ ദുആയും എന്റെ സഹോദരന്മാർക്കു വേണ്ടിയുള്ള എന്റെ നിലവിളിയും കേൾക്കേണമേ. ഖാത്തമുന്നബിയ്യീനും പാപികളുടെ ശിപാർശകനുമായ നിന്റെ നബിയെ - ആ മഹാത്മാവിന്റെ ശിപാർശ സ്വീകരിക്കപ്പെടുന്നതാണ്- ഇടനിലക്കാരനാക്കിക്കൊണ്ട് നിന്നോട് തേടുന്നു; അല്ലയോ എന്റെ രക്ഷിതാവേ! അവരെ അന്ധകാരത്തിൽനിന്ന് നിന്റെ പ്രകാശത്തിലേക്ക് എടുത്തുകൊണ്ടുവരേണമേ. അകൽച്ചയുടെ മരുഭൂമിയിൽനിന്ന് നിന്റെ തിരുസന്നിധിയിൽ കൊണ്ടുവന്നാലും. എന്റെ നാഥാ! എന്റെമേൽ ശാപം ചൊല്ലുന്നവരുടെ മേലും, എന്റെ കൈകൾ മുറിക്കുന്നവരുടെ മേലും നീ കരുണ ചൊരിയേണമേ. ഈ സമുദായത്തെ നാശത്തിൽനിന്ന് രക്ഷിക്കുകയും നിന്റെ ഹിദായത്ത് അവരുടെ ഹൃദയങ്ങളിൽ പ്രവേശിപ്പിക്കുകയും അവരുടെ തെറ്റുകളും പാപങ്ങളും മാപ്പാക്കുകയും അവർക്ക് പൊറുത്തുകൊടുക്കുകയും അവർക്ക് സൗഖ്യം നൽകുകയും അവരെ പരിഷ്കരിക്കുകയും പരി ശുദ്ധീകരിക്കുകയും ചെയ്യേണമേ. അവർക്ക് കാണാൻ കഴിവുള്ള നയനങ്ങൾ പ്രദാനം ചെയ്യേണമേ. അവർക്ക് കേൾക്കാൻ കഴിവുള്ള കാതുകൾ പ്രദാനം ചെയ്യേണമേ. അവർക്ക് മനസിലാക്കാൻ കഴിയുന്ന ഹൃദയം നീ നൽകേണമേ. അവർക്ക് മനസിലാക്കാൻ കഴിയുന്ന പ്രകാശങ്ങൾ പ്രദാനം ചെയ്യേണമേ. അവരിൽ കരുണ ചൊരിയേണമേ. അവർ എന്തൊന്ന് പറയുന്നുവോ നീ അവർക്ക് പൊറുത്തുകൊടുക്കേണമേ. കാരണം അവർ അറിവില്ലാത്ത ജനതയാണ്.

***(ആയിനയെ കമാലാത്തെ ഇസ്‌ലാം റൂഹാനീ ഖസാഇൻവാള്യം 5, പേജ് 22-23)***

## ഇർശാദെ നബ്‌വി(സ):-

"രക്തബന്ധം അർശിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. എന്നോടു ബന്ധം ചേർക്കുന്നവനെ അല്ലാഹു ബന്ധപ്പെടുത്തട്ടെ."
(ബുഖാരി, മുസ്‌ലിം)

**ത്വാലിബെ ദുആ:**
റഹ്മാൻ ശക്കീറും കുടുബവും അഹ്മദിയ്യാ ജമാഅത്ത്, കരുളായി (കേരള)

## ഇർശാദെ നബ്‌വി(സ):-

"ഒരു വ്യക്തി തന്റെ പിതാവിന്റെ സ്നേഹിതന്മാരോടു നല്ല നിലയിൽ വർത്തിക്കലാണ് നന്മയിൽ വെച്ചേറ്റവും വലുത്."
(മുസ്‌ലിം)

**ത്വാലിബെ ദുആ:**
പരേതനായ അബ്ദുർറഹ്മാൻ തങ്ങൾ സാഹിബിന്റെ കുടുംബം
അഹ്മദിയ്യാ ജമാഅത്ത് ചാവക്കാട് (കേരള)

# സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസിന്റെ ജർമൻ സന്ദർശനം 2017 (ആഗസ്റ്റ്)

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

*(തുടർച്ച)*

**2017 ആഗസ്റ്റ് 29 ചൊവ്വ.**

### ജർമനിയിൽ നിന്നുള്ള നിർഗമനവും ലണ്ടനിൽ ആഗമനവും:

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ രാവിലെ 7:30ന് ബയ്ത്തുസ്സുബൂഹിൽ സുബ്ഹി നമസ്കരിപ്പിച്ചു. നമസ്കാരത്തിന് ശേഷം ഹുദൂർ തന്റെ താമസസ്ഥലത്തേക്ക് പോയി.

ഇന്ന് പരിപാടിയനുസരിച്ച് ഫ്രാങ്ക്ഫോർട്ടിൽ (ജർമനി)നിന്ന് ലണ്ടനിലേക്ക്(ബ്രിട്ടൻ) മടക്കയാത്രയായിരുന്നു. ഫ്രാങ്ക്ഫോർട്ട് റീജ്യണിൽ നിന്നും ചുറ്റുവട്ടത്തുള്ള ജമാഅത്തുകളിൽ നിന്നും പുരുഷന്മാരും സ്ത്രീകളും കുട്ടികളും വൃദ്ധരും വൻതോതിൽ തങ്ങളുടെ പ്രിയങ്കരനായ ഇമാമിനെ യാത്ര അയക്കാൻ രാവിലെ മുതൽ ബയ്ത്തുസ്സുബൂഹിന്റെ അങ്കണത്തിൽ സംഘടിക്കാൻ തുടങ്ങിയിരുന്നു. അമീറുൽ മുഅ്മിനീൻ രാവിലെ 10 മണിക്ക് താമസസ്ഥലത്തുനിന്ന് പുറത്തുവന്നു. ചെറിയ ആൺകുട്ടികളും പെൺകുട്ടികളും സംഘമായി ചേർന്ന് യാത്രാഗീതങ്ങൾ ആലപിച്ചുക്കൊണ്ടിരുന്നു. ജമാഅത്തംഗങ്ങൾ ഇരുവശങ്ങളിലും രണ്ടുവരിയായി നിന്നു. അമീറുൽ മുഅ്മിനീൻ 10 മിനുട്ട്വരെ ജമാഅത്ത് അംഗങ്ങളുടെ ഇടയിൽ നിന്നു. ചെറിയവരും വലിയവരുമായ എല്ലാവരും തങ്ങളുടെ പ്രിയ ഇമാമിനെ കൺകുളിർക്കെ കണ്ടുകൊണ്ടിരുന്നു. 10:10ന് ഹുദൂർ ദുആ ചെയ്യിച്ചു. എല്ലാവർക്കും അസ്സലാമു അലയ്ക്കും പറഞ്ഞു. തുടർന്ന് യാത്രാസംഘം യാത്ര പുറപ്പെട്ടു. ഇരുവശങ്ങളിലും നിലയുറപ്പിച്ചിരുന്ന പുരുഷന്മാരും സ്ത്രീകളും കുട്ടികളും തങ്ങളുടെ കൈകൾ ഉയർത്തി പ്രിയ ഇമാമിന് യാത്രപറഞ്ഞു. എല്ലാവരുടേയും കണ്ണുകളിൽ നിന്ന് കണ്ണീർ വീണുകൊണ്ടിരുന്നു. വേർപാടിന്റെ ഈ നിമിഷങ്ങൾ ആ പ്രേമഭാജനങ്ങൾക്ക് വളരെ അസഹ്യമായിരുന്നു.

ഫ്രാങ്ക്ഫോർട്ടിൽ നിന്ന് ലണ്ടനിലേക്ക് പോകും വഴി, ബൽജിയമിലെ മിഷൻ ഹൗസ് ബയ്ത്തുസ്സലാമിൽ (ബ്രസൽസ്) തങ്ങാൻ പരിപാടിയുണ്ടായിരുന്നു. ഫ്രാങ്ക്ഫോർട്ടിൽ നിന്ന് ബ്രസൽസ് വരെ ഏകദേശം 400 കിലോമീറ്റർ ദൂരമുണ്ട്.

ഫ്രാങ്ക്ഫോർട്ടിൽനിന്ന് ബ്രസൽസിൽ പോകുംവഴി ജർമനിയുടെ നഗരമായ ആഖൻ കഴിഞ്ഞ് ബൽജിയം രാജ്യത്തിന്റെ അതിർത്തി ആരംഭിക്കുന്നു. ഇവിടെ ബോർഡറിൽ ബൽജിയം ജമാഅത്തിൽ നിന്ന് ബൽജിയം അമീർ ഡോക്ടർ ഇദ്രീസ് അഹ്മദ് സാഹിബ്, മുബല്ലിഗും ജനറൽ സെക്രട്ടറിയുമായ അസദ് മുജീബ് സാഹിബ്, മുബല്ലിഗും സ്വദർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുമായ തൗസീഫ് അഹ്മദ് സാഹിബ്, നാഷണൽ സെക്രട്ടറി വസ്വായ അഫ്ളാൽ അഹ്മദ് സാഹിബ്, ഇൻചാർജ് മസ്ജിദ് കമ്മിറ്റി മുബശ്ശിർ ഹാശ്മി സാഹിബ് തുടങ്ങിയവരടങ്ങുന്ന സംഘം ഹുദൂറിനെ വരവേൽക്കാൻ സന്നിഹിതരായിരുന്നു. ഇവിടെ തങ്ങാതെ യാത്ര തുടർന്നു. മുന്നോട്ട് പോയപ്പോൾ ബൽജിയമിൽ നിന്ന് വന്ന കാർ യാത്ര സംഘത്തെ അനുഗമിച്ചു.

### ബയ്ത്തുസ്സലാമി(ബ്രസൽസ്)ൽ ഹുദൂർ അൻവറിന്റെ ആഗമനം:

ഹുദൂർ അയ്യദഹുല്ലാഹ് 2:10ന് അഹ്മദിയ്യാ മിഷ ൻ ഹൗസ് ബയ്ത്തുസ്സലാമിൽ എത്തി. തദ്ദേശ ജമാഅത്തിലെ പുരുഷന്മാരും സ്ത്രീകളും നാഷണൽ ആമില അംഗങ്ങളും തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ ആവേശോജ്ജ്വലമായി വരവേറ്റു. വരവേറ്റവരുടെ എണ്ണം 750 ന് അടുത്തായിരുന്നു. ഈയാളുകൾ, പുരുഷന്മാരും സ്ത്രീകളും, ബൽജിയമിലെ 13 ജമാഅത്തുകളിൽനിന്ന് വന്നവരായിരുന്നു. രാവിലെ മുതൽ തന്നെ മിഷൻ ഹൗസിൽ ആളുകൾ എത്താൻ തുടങ്ങിയിരുന്നു. അവരിൽ അറബികളായ പുതുവിശ്വാസികളും ഉണ്ടായിരുന്നു. എല്ലാവരും പ്രിയങ്കരനായ ഇമാമിനെ കൺകുളിർക്കെ കണ്ട സന്തോഷത്തിലായിരുന്നു. അമീർ ജമാഅത്ത് ബെൽജിയം ഡോക്ടർ ഇദ്രീസ് അഹ്മദ് സാഹിബും ബെൽജിയം മുബല്ലിഗ് ഇൻചാർജ് ഹാഫിസ് ഇഹ്സാൻ സെക്കന്ദർ സാഹിബും ഹുസൂറിൽ നിന്ന് ഹസ്തദാനം സ്വീകരിച്ചു. അസീസം തൻസീൽ അഹ്മദ് സാഹിബ് ഹുദൂറിന്റെ സന്നിധിയിൽ ബൊക്ക സമർപിച്ച് ഹുദൂറിനെ സ്വാഗതം ചെയ്തു. അസീസ അദീല ശരീഫ് ഹദ്റത്ത് ബീഗം സാഹിബ മദ്ദളില്ലഹല്ലായുടെ സന്നിധിയിൽ ബൊക്ക സമർപിച്ച് വരവേറ്റു. അതിന് ശേഷം ഹുദൂർ അയ്യദഹുല്ലാഹ് മിഷൻഹൗസിലെ താമസ സ്ഥലത്തേക്ക് പോയി.

നമസ്കാരത്തിന് വേണ്ടി മിഷൻ ഹൗസിന്റെ മുറ്റത്ത് പന്തലിട്ടിരുന്നു. ഹുദൂർ 2:30ന് പന്തലിൽ വന്ന് ളുഹ്റും അസ്റും ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം ഹുദൂർ, മുബല്ലിഗ് ഇൻചാർജ് സാഹിബിനോട് വിവിധ ജമാഅത്തുകളിൽനിന്ന് വന്ന സഹോദരങ്ങളേയും പുതുവിശ്വാസികളേയും സംബന്ധിച്ച് ചോദിച്ചു. പുതുവിശ്വാസികൾ എത്രപേർ വന്നിട്ടുണ്ട്? അവരിൽ എത്ര പുരുഷന്മാരുണ്ട്? സ്ത്രീകൾ എത്രയാണ്? ഇൻചാർജ് മുബല്ലിഗ് സാഹിബ് പറഞ്ഞു, പുതുവിശ്വാസികളിൽനിന്ന് 20 പുരുഷന്മാരും 15 സ്ത്രീകളും എത്തിയിട്ടുണ്ട്. ഹുദൂർ അയ്യദഹുല്ലാഹ് അതിഥികൾക്ക് ഒരുക്കിയിട്ടുള്ള ഭക്ഷണത്തെ സംബന്ധിച്ചും അന്വേഷിക്കുകയുണ്ടായി. ഇൻചാർജ് മുബല്ലിഗ് സാഹിബ് പറഞ്ഞു, എല്ലാ അതിഥികൾക്കും ഭക്ഷണത്തിനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്.

അതിനുശേഷം ഹുദൂർ താമസസ്ഥലത്തേക്ക് പോയി. 3:25ന് ഹുദൂർ താമസസ്ഥലത്ത് നിന്ന് പുറത്തുവന്ന് ലജ്ന ഹാളിലേക്ക് പോയി. അവിടെ സ്ത്രീകൾ ഹുദൂറിനെ ദർശിച്ചു. ഹുദൂർ കുട്ടികൾക്ക് ചോക്ലേറ്റ് നൽകി. ഹുദൂർ ഹാളിൽനിന്ന് വെളിയിൽ വന്നപ്പോൾ വരിയായി കുട്ടികൾ നിൽക്കുന്നുണ്ടായിരുന്നു. ഹുദൂർ അവർക്കെല്ലാം ചോക്ലേറ്റ് നൽകി. ഹുദൂർ അയ്യദഹുല്ലാഹ് ജാമിഅ അഹ്മദിയ്യാ യു.കെയിൽ പഠിക്കുന്ന അസീസം സഫീർ അഹ്മദ് സാഹിബിന്റെ അവധിയെ സംബന്ധിച്ച് ചോദിച്ചു.

ഹുദൂർ അയ്യദഹുല്ലാഹ് മുബല്ലിഗ് ഇൻചാർജ് സാഹിബിനോടും മുബല്ലിഗും ബെൽജിയം ജമാഅത്തിന്റെ ജനറൽ സെക്രട്ടറിയുമായ അസദ് മുജീബ് സാഹിബിനോടും പറഞ്ഞു: 'ഇന്ന് ചൂട് അധികമാണ്. ആഫ്രിക്ക ഓർമവന്നുപോയി. ഇന്ന് ആഫ്രിക്കയിലെ ചൂട് പുതുക്കുകയുണ്ടായി.' ബെൽജിയത്തിൽ ആ ദിവസം കഠിനമായ ചൂടായിരുന്നു.

ഹുദൂർ, ജനറൽ സെക്രട്ടറി അസദ് മുജീബ് സാഹിബിനോട് ചോദിച്ചു, എപ്പോഴാണ് പന്തലിട്ടത്? അതിനോടൊപ്പം ഹുദൂർ സെക്യൂരിറ്റിയെ സംബന്ധിച്ചും പറഞ്ഞു. സെക്യൂരിറ്റിയുടെ ഏർപ്പാടുകൾ എല്ലാ പ്രകാരത്തിലും ശക്തമായിരിക്കേണ്ടതാണ്.

അതിനുശേഷം ജർമനി അഹ്മദിയ്യാ ജമാഅത്ത് അമീർ അബ്ദുല്ലാഹ് വാഗസ് ഹൗസർ സാഹിബ്, ജർമനി ഇൻചാർജ് മുബല്ലിഗ് ഹൈദരലി സഫർ സാഹിബ്, ജനറൽ സെക്രട്ടറി ഇല്യാസ് അഹ്മദ് മജോക്കെ സാഹിബ്, നാഇബ് ജനറൽ സെക്രട്ടറി ജരിയുല്ലാഹ് സാഹിബ്, ജമാഅത്തിന്റെ മുബല്ലിഗ് ഡോക്ടർ അത്ഹർ സുബയ്ർ സാഹിബ്, അബ്ദുല്ലാഹ് സുപ്ര സാഹിബ് എന്നിവരും ഖുദ്ദാമുൽ അഹ്മദിയ്യാ സ്വദർ തന്റെ ഖുദ്ദാം സെക്യൂരിറ്റി ടീമിനോടൊപ്പവും ഹുദൂറിന് കൈകൊടുത്തു. ജർമനിയിൽ നിന്ന് ഈ സഹോദരങ്ങൾ ഹുദൂറിന് യാത്ര പറയുന്നതിനുവേണ്ടി യാത്രാസംഘത്തോടൊപ്പം വന്നതായിരുന്നു. ഇപ്രകാരം ബെൽജിയം മുബല്ലിഗ് മുഹമ്മദ് മസ്ഹർ സാഹിബ്, ഇർസലാൻ അഹ്മദ് സാഹിബ്, ഹസീബ് അഹ്മദ് സാഹിബ്, ഹാഫിസ് ഇഹ്സാൻ സെകന്ദർ സാഹിബ്, ബൽജിയം മുബല്ലിഗ് ഇൻചാർജ് സാഹിബും ഹസ്തദാനം ചെയ്തു.

ഇതിനുശേഷം 3:40ന് ഇവിടെനിന്ന് ഫ്രാൻസിന്റെ തുറമുഖമായ Calais ലേക്ക് യാത്രയായി. 5:30ന് ചാനൽ ടണലിലെത്തി. ജർമനിയിൽനിന്ന് കൂടെവന്ന സഹോദരങ്ങളും ഖുദ്ദാമിന്റെ സെക്യൂരിറ്റിടീമും ഹുദൂറിനെ ചാനൽ ടണൽവരെ വിടുന്നതിനും യാത്ര അയക്കുന്നതിനും യാത്രാ സംഘത്തോടൊപ്പം ഉണ്ടായിരുന്നു. ഇതുപോലെ തന്നെ ബെൽജിയമിൽ നിന്ന് ബെൽജിയം അമീർ സാഹിബും ബെൽജിയം ഇൻചാർജ് മുബല്ലിഗ് ഹാഫിസ് ഇഹ്സാൻ സെകന്ദർ സാഹിബും നായിബ് അമീർ അൻവർ ഹുസയ്ൻ സാഹിബും മുബല്ലിഗും ജനറൽ സെക്രട്ടറിയുമായ അസദ് മുജീബ് സാഹിബും നാഷണൽ സെക്രട്ടറി വസ്വായ അഫ്ളാൽ അഹ്മദ് സാഹിബും സ്വദർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ തൗസീഫ് അഹ്മദ് സാഹിബും ഹുദൂറിനെ ഇവിടെ നിന്ന് ലണ്ടനിലേക്ക് യാത്ര അയക്കുന്നതിന് യാത്രസംഘത്തോടൊപ്പം വന്നിരുന്നു.

പാസ്പോർട്ട് എമിഗ്രേഷനും മറ്റു നടപടികളുടെ ക്ലിയറൻസിനും ശേഷം 6:40ന് യാത്രസംഘത്തിലെ വാഹനങ്ങൾ ട്രെയിനിൽ ലോഡ് ചെയ്തു. ഈ ട്രെയിൻ 6:5ന് Calaisൽ നിന്ന് ബ്രിട്ടനിലെ കടൽതീര പ്രദേശമായ Doverലേക്ക് പുറപ്പെട്ടു. ഏകദേശം അര മണിക്കൂർ യാത്രക്ക് ശേഷം ട്രെയിൻ ചാനൽ ടണൽ ക്രോസ് ചെയ്ത് Doverനടുത്തുള്ള ബ്രിട്ടന്റെ മണ്ണിൽ പ്രവേശിച്ചു. പ്രത്യേകം നിശ്ചയിക്കപ്പെട്ടിരുന്ന സ്റ്റേഷനിൽനിന്ന് ഏകദേശം 10 മിനുട്ടിന് ശേഷം ഫ്രാൻസ് സമയമനുസരിച്ച് 7:30നും ബ്രിട്ടൺ സമയമനുസരിച്ച് 6:30നും യാത്രാസംഘത്തിലെ വാഹനങ്ങൾ ട്രെയിനിൽനിന്ന് പുറത്തുവന്നു. മോട്ടോർ വെയിലൂടെ യാത്ര തുടർന്നു. (ബ്രിട്ടന്റെ സമയം ഫ്രാൻസിലെ സമയത്തെ അപേക്ഷിച്ച് ഒരുമണിക്കൂർ പിന്നിലാണ്)

യു.കെ ജമാഅത്തിന്റെ നാഇബ് അമീർ മൻസ്വൂർ അഹ്മദ് ശാഹ് സാഹിബ്, യു.കെ മുബല്ലിഗ് ഇൻചാർജ് അതാഉൽ മുജീബ് റാശിദ് സാഹിബ്, യു.കെ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സ്വദർ സാഹിബ് സാദ മിർസാ വഖാസ് അഹ്മദ് സാഹിബ്, യു.കെ ജാമിഅ അഹ്മദിയ്യാ പ്രിൻസിപ്പാൾ മിർസാ നാസിർ ഇനാം സാഹിബ്, അഡിഷണൽ വക്കീലുൽമാൽ ലണ്ടൻ മുബാറക് അഹ്മദ് സഫ്ർ സാഹിബ്, ദഫ്തർ വക്കാലത്തെ തബ്ശീർ ലണ്ടൻ അഖ്ലാഖ് അഹ്മദ് അഞ്ജും സാഹിബ് എന്നിവരും അഫ്സർ ഹിഫാളത്തെ ഖാസ് മേജർ മഹ്മൂദ് അഹ്മദ് സാഹിബ് തന്റെ സെക്യൂരിറ്റി ടീമിനോടൊപ്പവും ഹുദൂറിനെ വരവേൽക്കാൻ സന്നിഹിതരായിരുന്നു.

### മസ്ജിദ് ഫള്ൽ ലണ്ടനിൽ ആഗമനം:

ഏകദേശം ഒന്നര മണിക്കൂർ യാത്രയ്ക്കുശേഷം വൈകുന്നേരം 8 മണിക്ക് മസ്ജിദ് ഫള്ൽ ലണ്ടനിലെത്തി. ഇവിടെ ജമാഅത്തിലെ പുരുഷന്മാരും സ്ത്രീകളുമടങ്ങുന്ന വലിയൊരു സംഘം തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ അഹ്ലൻ വ്വ സഹ്ലൻ വ്വ മർഹബ പറഞ്ഞ് വരവേൽക്കുന്നതിന് എത്തിയിരുന്നു. മസ്ജിദ് ഫള്ലിന്റെ മുൻവശത്തെ മുറ്റം മനോഹരമായ തോരണങ്ങൾ കൊണ്ട് അലങ്കരിച്ചിരുന്നു. ഹുദൂർ അയ്യദഹുല്ലാഹ് കൈകളുയർത്തി എല്ലാവർക്കും അസ്സലാമു അലയ്ക്കും പറഞ്ഞ്, തന്റെ താമസ സ്ഥലത്തേക്ക് പോയി.

ഹുദൂർ അയ്യദഹുല്ലായുടെ കൂടെ ഈ യാത്രയിൽ പോകാൻ ഭാഗ്യം സിദ്ധിച്ചവരുടെ പേരുകൾ റെക്കോർഡിനായി ഇവിടെ രേഖപ്പെടുത്തുകയാണ്. ഹദ്റത്ത് സയ്യിദ് അമത്തുസ്സുബൂഹ് സാഹിബ മദ്ദളില്ല ഹല്ലാഹ് (ഹുദൂറിന്റെ സഹധർമിണി)

മുനീർ അഹ്മദ് ജാവേദ് സാഹിബ് (പ്രൈവറ്റ് സെക്രട്ടറി), ആബിദ് വഹീദ് ഖാൻ സാഹിബ് (ഇൻചാർജ് പ്രസ് & മീഡിയ ഓഫീസ് ലണ്ടൻ), സയ്യിദ് മുഹമ്മദ് അഹ്മദ് നാസിർ സാഹിബ് (നാഇബ് അഫ്സർ ഹിഫാളത്തെ ഖാസ് ലണ്ടൻ), നാസിർ അഹ്മദ് സയ്യിദ് സാഹിബ് (ശുഅ്ബെ ഹിഫാളത്ത്), സഖാവത്ത് അലി ബാജ്വ സാഹിബ് (ശുഅ്ബ ഹിഫാളത്ത്), മുഹ്സിൻ അഅ്വാൻ സാഹിബ് (ശുഅ്ബയെ ഹിഫാളത്ത്), മഹ്മൂദ് അഹ്മദ് ഖാൻ സാഹിബ് (ശുഅ്ബയെ ഹിഫാളത്ത്), ഹമ്മാദ് മുബീൻ സാഹിബ് മുബല്ലിഗ് സിൽസില (ദഫ്തർ പ്രൈവറ്റ് സിക്രട്ടറി), വിനീതൻ അബ്ദുൽ മാജിദ് ത്വാഹിർ (അഡീഷണൽ വക്കീലുത്തബ്ശീർ).

ജാമിഅ അഹ്മദിയ്യാ കനഡയിലെ രണ്ട് വിദ്യാർഥികളായ അസീസം ഇർസലാൻ വഡായിച്ച് സാഹിബ്, അസീസം ഫർഖ് ത്വാഹിർ സാഹിബ്, ഈ

ദിനങ്ങളിൽ വഖ്ഫെ ആർസിയായി ഇവിടെ പ്രൈവറ്റ് സെക്രട്ടറിയുടെ ഓഫീസിൽ ജോലി ചെയ്തുവരുന്ന ജാമിഅ അഹ്മദിയ്യാ യു.കെയിലെ വിദ്യാർഥി അസീസം മശ്ഹൂദ് അഹ്മദ് ഖാൻ സാഹിബ് എന്നിവർക്കും യാത്രാസംഘത്തോടൊപ്പം പോകാൻ തൗഫീഖ് കിട്ടി.

ഇവർക്ക് പുറമെ നദീം അഹ്മദ് അമീനി സാഹിബ്, നാസിർ അഹ്മദ് അമീനി സാഹിബ്, ഡോക്ടർ ജദറാൻ സാഹിബ്, അബ്ദുർറഹ്മാൻ സാഹിബ് എന്നിവർക്ക് യാത്രാ സംഘത്തിന്റെ വാഹനങ്ങൾ ഡ്രൈവ് ചെയ്യാൻ സൗഭാഗ്യം കിട്ടി.

എം.ടി.എ ഇന്റർനാഷണൽ യു.കെയിലെ താഴെ പറയുന്ന അംഗങ്ങൾ ഈ പര്യടനത്തിലെ ഖുത്ബ ജുമുഅ, മസ്ജിദിന്റെ ഉദ്ഘാടനം, സംഘങ്ങളുമായുള്ള കൂടിക്കാഴ്ചകൾ, ഹുദൂറുമായുള്ള പത്രസമ്മേളനങ്ങൾ, മറ്റുള്ള പരിപാടികളുടെ റെകോഡിംഗും ജൽസാ പരിപാടികളും തൽസമയം സംപ്രേക്ഷണം ചെയ്യുന്നതിന് ഈ പര്യടനത്തിൽ ഭാഗഭാക്കായി. മുനീർ അഹ്മദ് ഔദ സാഹിബ്, സഫീറുദ്ദീൻ ഖമർ സാഹിബ്, അദ്നാൻ സാഹിദ് സാഹിബ്, സുലയ്മാൻ അബ്ബാസി സാഹിബ് എന്നിവർ നേതൃത്വം നല്കി.

എം.ടി.എ യുടെ ടീമിന് പുറമെ ഇൻചാർജ് ശുഅ്ബയെ മഖ്സൻ തസ്വാവീർ ഉമയ്ർ അലിം സാഹിബും ഇതിൽ പങ്കെടുക്കാൻ ഭാഗ്യം കരസ്ഥമാക്കി. ജർമനിയിൽ നിന്ന് ഡോക്ടർ അത്വഹ്ർ സുബയ്ർ സാഹിബ് ഈ യാത്രയിൽ ഡോക്ടർ എന്ന നിലയിൽ യാത്രാസംഘത്തോടൊപ്പം ഉണ്ടായിരുന്നു. ഈ സഹോദരങ്ങൾക്ക് പുറമെ ജർമനിയിൽ നിന്ന് അബ്ദുല്ലാഹ് സുപ്ര സാഹിബിനും ഈ യാത്രയിൽ യാത്രാസംഘത്തോടൊപ്പം പങ്കെടുക്കാൻ ഭാഗ്യം കിട്ടി. അല്ലാഹു ഇവരെ എല്ലാവരേയും അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

ഹുദൂർ അയ്യദഹുല്ലാഹ് 2 മണിക്കൂറിൽ കുറഞ്ഞ സമയമേ ബൽജിയമിൽ ചെലവഴിച്ചിരുന്നുള്ളൂ. ഈ ചുരുങ്ങിയ സമയവും ഇവിടെത്തെ ജമാഅത്തംഗങ്ങളിൽ പ്രത്യേകിച്ചും അറേബ്യൻകാരായ പുതുവിശ്വാസികളിൽ അഗാധമായ സ്വാധീനമാണുണ്ടാക്കിയത്. അവരുടെ ജീവിതത്തിൽ വ്യക്തമായൊരു ആത്മീയവിപ്ലവം ഉണ്ടായി. തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ കാണാനുള്ള അവരുടെ ശക്തമായ ദാഹം ശമിച്ചു. അവർക്കു നല്ലവണ്ണം വയറു നിറഞ്ഞു. അവർ അല്ലാഹുവിന്റെ കൃപാവരങ്ങൾക്കു അനന്തരാവകാശികളായി. അവരിൽ നിന്നുള്ള ചില പുതുവിശ്വാസികളുടെ പ്രതികരണങ്ങൾ താഴെ ചേർക്കുകയാണ്.

● മുഹമ്മദുൽ ഗസ്റവി സാഹിബ്. മൊറോക്കയുമായിട്ടാണ് അദ്ദേഹത്തിന്റെ ബന്ധം. തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് അദ്ദേഹം പറയുന്നു: 'ഹുദൂർ അൻവറിനെ കണ്ട് ധാരാളം ബർക്കത്തുകൾ വാരിക്കൂട്ടാൻ ഭാഗ്യം കിട്ടി. ഹുദൂറിന്റെ ഈ പര്യടനം ഞങ്ങളുടെ ആത്മീയതയിലും അഭിവൃദ്ധിക്കു നിമിത്തമായി. ഇവിടെ ബൽജിയമിൽ അറബികളായ ധാരാളം അഹ്മദികളുണ്ട്. പക്ഷേ, തങ്ങളുടെ ജോലിയുടെ നിർബന്ധിതാവസ്ഥ കാരണത്താൽ ഹുദൂറിനെ കാണാൻ അവർക്ക് അവസരം കിട്ടുന്നില്ല. എന്നാൽ, ഹുദൂറിന്റെ ഈ അനുഗൃഹീത പര്യടനം കാരണത്താൽ അറബികളായ എല്ലാ അഹ്മദികളും ജോലിസംബന്ധമായ നിർബന്ധിതാവസ്ഥയായിരുന്നിട്ടും ദൂരദൂരസ്ഥലത്തുനിന്നുവന്ന് ഒരു സ്ഥലത്തു സംഘടിച്ചു. ഹുദൂറിന്റെ ഈ അനുഗൃഹീത പര്യടനം ഞങ്ങൾക്ക് ആത്മീയ ഭക്ഷണത്തളികയിൽ നിന്ന് ഒട്ടും കുറവായിരുന്നില്ല.' അദ്ദേഹം പറഞ്ഞു: 'ഹൂദൂറിന്റെ ഇവിടെത്തെ ആഗമനം എത്രമാത്രം അനുഗൃഹീതമായിരുന്നുവെന്ന് എനിക്കു വിവരിക്കാൻ സാധിക്കുകയില്ല. ഞങ്ങൾ ദുആ ചെയ്യുന്നു: ഇപ്രകാരം ഹൂദൂർ അൻവറിന്റെ ചുവടുകൾ കൂടുതൽ കൂടുതൽ ബൽജിയമിൽ പതിഞ്ഞുകൊണ്ടിരിക്കാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ; അതിലൂടെ ഞങ്ങൾക്കും കൂടുതൽ കൂടുതൽ ബർക്കത്തുകൾ സ്വരുക്കൂട്ടാൻ അവസരം കിട്ടിക്കൊണ്ടിരിക്കുമാറാകട്ടെ.'

● ബശീർ ബിൻ ഖയ്ല സാഹിബ്. അൽജീരിയായുമായിട്ടാണ് ഇദ്ദേഹത്തിന്റെ ബന്ധം. ഇദ്ദേഹം തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടുപറഞ്ഞു: 'ഞാൻ ഈ വർഷം വലിയ ഭാഗ്യവാനായിരുന്നു. ഹുദൂർ അൻവറുമായി രണ്ടു പ്രാവശ്യം കൂടിക്കാഴ്ച നടത്താൻ ഭാഗ്യം കിട്ടി. ഒരിക്കൽ ജർമനി ജൽസയിൽ; രണ്ടാമത് ബൽജിയമിലെ ചുരുങ്ങിയ താമസത്തിന്നിടയിൽ. ഇവിടെ ഹുദൂർ അൻവറിനെ കാണാനും അവിടത്തെ നേതൃത്വത്തിൽ ളുഹ്റും അസ്വ്റും നമസ്കരിക്കാനും ഭാഗ്യം കിട്ടി. ഹുദൂർ അൻവറിന്റെ വരവുകൊണ്ട് സാഹോദര്യബന്ധത്തിന്റേയും സ്നേഹത്തിന്റേയും അന്തരീക്ഷമുണ്ടായി. വിവിധ തരത്തിലുള്ള ജനതകളിലെ ആളുകളുമായി കൂടിക്കാഴ്ച നടത്താനും അവസരം കിട്ടി. ഞങ്ങളും ബർക്കത്തുകൾ സ്വരുക്കൂട്ടുന്നതിനു ഹുദൂർ ഇപ്രകാരം ബൽജിയമിൽ വീണ്ടും വീണ്ടും വരുന്നതിന് അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

● ഒരു സ്ത്രീ ആയിശ മുസഫ്ഫർ സാഹിബ പറഞ്ഞു: 'ജർമനി ജൽസയിൽ പങ്കെടുക്കാൻ സാധിക്കാതിരുന്നതുകൊണ്ടും ഹുദൂർ അൻവറിനെ കാണാൻ കഴിയാതിരുന്നതുകൊണ്ടും ഞാൻ വളരെ പ്രയാസത്തിലായിരുന്നു. അപ്പോഴാണ് ഹുദൂർ ജർമനിയിൽ നിന്നു ലണ്ടനിലേക്കു പോകുന്ന വഴിയിൽ ബൽജിയമിൽ തങ്ങുമെന്നു അറിവായത്. അപ്പോൾ എന്റെ സന്തോഷത്തിനു അതിരുണ്ടായിരുന്നില്ല. അങ്ങനെ എനിക്ക് ഹുദൂർ അൻവറിനെ കാണാൻ അവസരം കിട്ടി. ഏറ്റവും വലിയ സന്തോഷം എന്തായിരുന്നുവെന്നാൽ പ്രിയപ്പെട്ട ഹുദൂർ താഴെ ലജ്ന ഹാളിൽ വന്നപ്പോൾ ഞാൻ ഹുദൂറിനെ കണ്ട് എന്റെ കണ്ണീർ തടഞ്ഞുനിറുത്താൻ എനിക്കു കഴിഞ്ഞില്ല എന്നതാണ്.'

● തൗഫീഖ് ജാമോയി സാഹിബിന്റെ ബന്ധം മൊറോക്കോയുമായിട്ടാണ്. അദ്ദേഹം പറഞ്ഞു: "ഹുദൂറിനെ കണ്ട് എനിക്കു വളരെ സന്തോഷമുണ്ടായി. ഞങ്ങൾക്ക് ഇത് വളരെ വലിയ സൗഭാഗ്യകരമായ കാര്യമായിരുന്നു. ഇപ്രകാരംതന്നെ ഹുദൂറിന്റെ നേതൃത്വത്തിൽ ളുഹ്റും അസ്വ്റും നമസ്കരിക്കാനും ഭാഗ്യം കിട്ടി.

● മറ്റൊരു സ്ത്രീ Ghuzlan Albans അഹശാ സാഹിബയാണ്. അവരുടെ ബന്ധം മൊറോക്കോയുമായിട്ടാണ്. ബൽജിയമിലാണ് താമസിക്കുന്നത്. അവർ തന്റെ വൃദ്ധയായ മാതാവിനെകുറിച്ച് പറഞ്ഞു: "എന്റെ ഉമ്മാ 2011ൽ ബയ്അത്തു ചെയ്തു. അതിനുശേഷം ഒരിക്കലും യു.കെ ജൽസയിൽ പങ്കെടുക്കാതിരുന്നിട്ടില്ല. പക്ഷേ, കഴിഞ്ഞ രണ്ടു വർഷമായി രോഗവും ക്ഷീണവുംകൊണ്ട് യു.കെയിലും ജർമനിയിലും ജൽസയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. ഹുദൂർ അൻവറിന്റെ നേതൃത്വത്തിൽ നമസ്കരിക്കാൻ കഴിയാത്തതിൽ മാതാവിന് വളരെ വിഷമമായിരുന്നു. എന്നാൽ, ഹുദൂർ അൻവറിന്റെ ഈ ബൽജിയമിലുണ്ടായ അനുഗൃഹീതപര്യടനം അവർക്ക് വളരെ വലിയ നിഅ്മത്തായിരുന്നു. അവർക്ക് അതു വളരെ സന്തോഷാവസരമായിരുന്നു. ഹുദൂർ അൻവർ മിഷൻ ഹൗസിൽ വരുന്നതിനുമുമ്പേ എന്റെ ഉമ്മയും മറ്റു സ്ത്രീകളോടൊപ്പം പൊരിഞ്ഞ വെയിലിലും കഠിനമായ ചൂടിലും തന്റെ പ്രിയപ്പെട്ട ഇമാമിനെ വരവേൽക്കാൻ കാത്തിരിക്കുകയായിരുന്നു. ഹുദൂറിന്റെ വാഹനം മിഷൻഹൗസിൽ പ്രവേശിക്കുകയും ഹുദൂർ വാഹനത്തിൽ നിന്നു പുറത്തിറങ്ങുകയും ചെയ്തപ്പോൾ എന്റെ ഉമ്മായ്ക്ക് കണ്ണീർ തടഞ്ഞുനിറുത്താൻ കഴിഞ്ഞില്ല. അതിനുശേഷം ഹുദൂറിന്റെ നേതൃത്വത്തിൽ ള്ഹ്റും അസ്വ്റും നമസ്കരിക്കാനുള്ള ഭാഗ്യവും കിട്ടി. എന്റെ മാതാവിന് ഏറെ സന്തോഷിക്കാനുള്ള മറ്റൊരു അവസരവും കിട്ടി. ഹുദൂർ പെട്ടെന്ന് താഴെ ലജ്ന ഹാളിലെത്തി. അപ്പോൾ വളരെ കുറച്ചു ലജ്ന ഒഴികെ മറ്റുള്ളവരെല്ലാം ഭക്ഷണം കഴിക്കുകയായിരുന്നു. അതുകൊണ്ട് എന്റെ മാതാവിനു ഹുദൂറിനെ അടുത്തുനിന്നുകാണാൻ ഭാഗ്യം ലഭിച്ചു. ഹുദൂർ അവിടെ ഉണ്ടായിരുന്ന ഒരു ലജ്നയോട് എന്റെ ഉമ്മയെക്കുറിച്ച് അന്വേഷിച്ചു. ഹുദൂറിനോടു പറഞ്ഞു: ഹുദൂർ ഇവർ എല്ലാ വർഷവും യു.കെ ജൽസയിൽ പങ്കെടുത്തിരുന്നു. ഹുദൂറുമായി കാണാനുള്ള അവസരവും പാഴാക്കാറുണ്ടായിരുന്നില്ല. പക്ഷേ, രണ്ടു വർഷമായി തീരെ സുഖമില്ല. അതുകൊണ്ട് ജൽസ തുടങ്ങിയ യോഗങ്ങളിൽ പങ്കെടുക്കാൻ കഴിയുന്നില്ല. ഇപ്പോൾ ഹുദൂറിനോടു ദുആയ്ക്ക് അപേക്ഷിക്കുകയാണ്. അപ്പോൾ ഹുദൂർ പറഞ്ഞു: 'എനിക്ക് അവരെ അറിയാം.' എന്റെ ഉമ്മയെ സംബന്ധിച്ചിടത്തോളം ആ നിമിഷം വലിയ അനുഗ്രത്തിന്റേയും സന്തോഷത്തിന്റേയും അവസരമായിരുന്നു. ഹുദൂറിന്റെ ഇവിടെത്തെ ചുരുങ്ങിയ താമസവും അവർക്ക് ഈ അടിസ്ഥാനത്തിൽ അനുഗൃഹീതമായിത്തീർന്നു. അവർക്ക് ഈ രീതിയിൽ ഹുദൂറിനെ കാണാനും ദുആയ്ക്ക് അപേക്ഷിക്കാനും അവസരം കിട്ടി."

● ജിബ്രീൽ തോറേ സാഹിബ്. ഇദ്ദേഹത്തിന്റെ ബന്ധം ഐവറികോസ്റ്റുമായിട്ടാണ്. പറയുന്നു: "ഹുദൂറിനെ ദർശിച്ചതിൽ ഞങ്ങൾക്കു വളരെ സന്തോഷമുണ്ടായി. ഹുദൂറിന്റെ നേതൃത്വത്തിൽ നമസ്കരിച്ചു. അതുമുഖേന ഞങ്ങളുടെ ഉള്ളിൽ ഒരു ആത്മീയമായ ആവേശമുണ്ടായി. അല്ലാഹുവിന്റെ കൃപയാൽ ഈ അവസരങ്ങളിൽനിന്നു നമ്മൾ കൂടുതൽ ഫലമെടുക്കേണ്ടതാണ്. ഹുദൂറിനെ കണ്ട് മനസിൽ ഒരു സംതൃപ്തിയുണ്ടായി. അതുകൊണ്ട് ഹുദൂറിന്റെ പിന്നിൽ നമസ്കരിക്കുന്നതും അങ്ങേയറ്റം ഫലപ്രദവും ആത്മീയതയെ ഉത്സാഹിപ്പിക്കാനുള്ള അവസരങ്ങളുമാണ്.

● മൂസാ ഹസൻ സാഹിബ്. അദ്ദേഹത്തിന്റെ ബന്ധം ഘാനയുമായിട്ടാണ്. അദ്ദേഹം പറയുന്നു: "അൽഹംദുലില്ലാഹ്! ഹുദൂറിന്റെ ആഗമനത്തിൽ ഞങ്ങൾക്കു വളരെ സന്തോഷമായി. ഞങ്ങൾ ഞങ്ങളുടെ എല്ലാ തൊഴിലുകളും മാറ്റിവച്ച് ഹുദൂറിനെ കാണുന്നതിനു ഇന്നു ഇവിടെ സംഘടിച്ചിരിക്കുകയാണ്. ഹുദൂറിന്റെ സാന്നിധ്യത്തിൽ നിന്ന്, നമ്മുടെ പ്രിയപ്പെട്ട ഖലീഫയിൽ നിന്ന് അഹ്മദികളായ ഞങ്ങൾ ബർക്കത്തുകൾ കരസ്ഥമാക്കിക്കൊണ്ടിരിക്കുന്നു. എന്റെ സന്തോഷം പ്രകടിപ്പിക്കാൻ എന്റെ കൈയിൽ വാക്കുകളില്ല."

● ഉഥ്മാൻ മാത്തീ സാഹിബ്. ഇദ്ദേഹത്തിന്റെ ബന്ധം നൈജറുമായിട്ടാണ്. അദ്ദേഹം പറയുന്നു: "ഞാൻ അല്ലാഹുവിനോടു വളരെ നന്ദിയുള്ളവനാണ്. ഹുദൂറിന്റെ ആഗമനം നമുക്കെല്ലാവർക്കും ഒരു വലിയ നിഅ്മത്താണ്. നമുക്ക് ഹുദൂറിന്റെ നേതൃത്വത്തിൽ ളുഹ്റും അസ്വ്റും നമസ്കരിക്കാൻ അവസരം കിട്ടി. നമ്മെ എപ്പോഴും നേരായ മാർഗത്തിലേക്കു നയിക്കാൻ അല്ലാഹുവിനോടു ദുആ ചെയ്തു കൊണ്ടിരിക്കേണ്ടതാണ്; നമ്മുടെ ഈമാനിനുള്ള ഒരു വലിയ സുപ്രധാന ദുആയാണിത്. നമസ്കാരം തന്നെയാണ് നമ്മുടെ എല്ലാം. അതു മുഖേന നമുക്ക് നമ്മുടെ സ്രഷ്ടാവിന്റെ അഭയത്തിൽ വരാൻ സാധിക്കുന്നതാണ്. അവന്റെ അനുഗ്രഹങ്ങളുടെ മഴ കരസ്ഥമാക്കാൻ സാധിക്കുന്നതാണ്. അല്ലാഹു നമുക്ക് അവന്റെ അനുഗ്രഹങ്ങൾ നല്കുമാറാകട്ടെ."

● മുബല്ലിഗ് ഇൻചാർജ് ബൽജിയം ഹാഫിള് ഇഹ്സാൻ സെക്കന്ദർ സാഹിബ് പറയുന്നു: "അല്ലാഹുവിന്റെ കൃപയാൽ പുതുവിശ്വാസികൾ ഇപ്പോൾ ജമാഅത്തിന്റെ പ്രവർത്തനനിരതമായ ഭാഗമായിത്തീർന്നിരിക്കുന്നു. ഹുദൂർ അൻവറിന്റെ പര്യടനത്തിന്റെ തയ്യാറെടുപ്പിന്നു അവർ തന്നെയാണ് അത്യുത്സാഹത്തോടെ വഖാറെ അമലിൽ പങ്കെടുത്തത്. ഹുദൂറിന്റെ യാത്രാസംഘത്തെ ഫ്രാൻസിലെ തുറമുഖമായ Calais കൊണ്ടുവിട്ടതിനുശേഷം ഏകദേശം എട്ടുമണിയോടെ മിഷൻഹൗസിലെത്തിയപ്പോൾ കണ്ടത്, ഖുദ്ദാം എല്ലാവരും വഖാറെ അമൽ ചെയ്തു കഴിഞ്ഞിരുന്നു. നാലു പുതു വിശ്വാസികൾ മിഷൻഹൗസിൽ ഞങ്ങളെ കാത്തിരിക്കുകയായിരുന്നു. അവർ പറഞ്ഞു:'നിങ്ങൾ തിരിച്ചു വരാനും ഹുദൂറിന്റെ തബർറുക്ക് നിങ്ങളിൽനിന്നു വാങ്ങാനുമാണ് ഞങ്ങൾ ഇവിടെത്തന്നെ ഇരുന്നത്.' ഹുദൂർ കുടിച്ച വെള്ളത്തിന്റെ ബോട്ടിലിലുണ്ടായിരുന്ന ബാക്കി വെള്ളം ഒരു പുതുവിശ്വാസി വാങ്ങുകയും താനിത് ബർക്കത്തിനുവേണ്ടി സൂക്ഷിച്ചുവെക്കുമെന്ന് പറയുകയും ചെയ്തു.

ഇപ്രകാരം ഹുദൂറിന്റെ അനുഗൃഹീതമായ ജർ മൻ പര്യടനം അല്ലാഹുവിന്റെ അതിമഹത്തായ അനുഗ്രഹങ്ങളോടുകൂടി വിജയകരമായി സമാപിച്ചു. അൽഹംദുലില്ലാഹി അലാ ദാലിക്ക്. (സമാപിച്ചു).

Humanity First

(പേജ് 1ൽനിന്ന്)

തീരുമാനം എടുക്കുന്നതിനുമുമ്പേ ഞാൻ അല്ലാഹുവിന്റെ മുമ്പിൽ കുനിഞ്ഞ് എന്റെ ദൗർബല്യങ്ങൾക്ക് ഇസ്തിഗ്ഫാർ ചെയ്തതിനുശേഷമേ ഞാൻ തീരുമാനമെടുക്കാറുള്ളു.'

യോഗത്തിലെ മൂന്നാമത്തെ പ്രസംഗം റബ്വയിലെ മൗലാനാ ഇസ്ഫന്ദ്യാർ മുനീബ് സാഹിബ് (ഇൻചാർജ് ശുഅ്ബയെ താരീഖെ അഹ്മദിയ്യത്ത്) ന്റേതായിരുന്നു. സീറത്ത് ഹദ്റത്ത് ഇമാം ഹുസയ്ൻ(റ), അഫ്ഗാനിസ്ഥാനിലെ ഹദ്റത്ത് മൗലവി അബ്ദുർറഹ്മാൻ സാഹിബ്(റ) എന്നതായിരുന്നു വിഷയം. അദ്ദേഹം അഹ്സാബ് അധ്യായത്തിലെ 24ാം വചനം പാരായണം ചെയ്തതിനുശേഷം പറഞ്ഞു: "കർബലയിലെ സയ്യിദുശ്ശുഹദാ, റസൂൽ(സ) തിരുമേനിയുടെ ദൗഹിത്രൻ, ഫാത്വിമ(റ)യുടെ കരളിന്റെ കഷണമായ ഹദ്റത്ത് ഇമാം ഹുസയ്ന്റെ ജനനത്തിനുമുമ്പേ റസൂൽ(സ)തിരുമേനിയുടെ പിതൃസഹോദരി ഹദ്റത്ത് ഉമ്മു ഫള്ൽ, നബി(സ) തിരുമേനിയുടെ പരിശുദ്ധ ശരീരത്തിന്റെ ഒരു ഭാഗം തന്റെ മടിയിൽ വന്ന് വീണതായി സ്വപ്നത്തിൽ കണ്ടു. നബി(സ) തിരുമേനി അതിന് വ്യാഖ്യാനം നൽകികൊണ്ട് പറഞ്ഞു: 'ഫാത്വിമയ്ക്ക് ആൺകുട്ടിയുണ്ടാകും, നിങ്ങളവനെ മടിയിലെടുക്കും.' അങ്ങനെ വ്യാഖ്യാനമനുസരിച്ച് നബിയുടെ പൂന്തോട്ടത്തിൽ ഹിജ്റ 4 ശഅ്ബാൻ 5ന് ഒരു പൂവ് വിരിഞ്ഞു. അതിന്റെ പരിമളം സത്യത്തിന്റേയും സത്യസാക്ഷ്യത്തിന്റേയും ധൈര്യത്തിന്റേയും ധീരതയുടേയും പ്രബലതയുടേയും സ്ഥൈര്യത്തിന്റേയും വിശ്വാസത്തിന്റേയും കർമത്തിന്റേയും ആത്മത്യാഗത്തിന്റേയും കൂറിന്റേയും താഴ്വരകളെ ലോകാവസാനം വരെ സുഗന്ധമയമായി വെക്കുന്നതാണ്.

സയ്യിദുന ഹദ്റത്ത് ഹുസയ്ൻ(റ) സുന്ദരനായിരുന്നു. ആകൃതിയിലും രൂപത്തിലും തന്റെ പിതാമഹനോട് ഏറെ സാദൃശ്യമുള്ള ആളായിരുന്നു. ഹദ്റത്ത് ഹുസയ്ൻ(റ) തന്റെ പൂർവികരായ മഹാത്മാക്കളിൽനിന്ന് മനോഹരമായ സ്വഭാവങ്ങളും ശ്രേഷ്ഠഗുണങ്ങളും നേടി. എല്ലാ ധീരതയും അനന്തരാവകാശത്തിൽ പ്രാപിച്ചു. അദ്ദേഹം ധീരരിൽ ധീരനായ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യുടെ ദൗഹിത്രനും ദുൽഫിഖാർ അലിയുൽ മുർത്തള(റ)യുടെ മകനുമായിരുന്നു. മൂന്നാം ഖിലാഫത്ത് കാലത്ത് മദീനത്തുന്നബിയുടെമേൽ രാജ്യദ്രോഹികൾ ആധിപത്യം സ്ഥാപിച്ചു. അപ്പോൾ ഈ ഹസനും ഹുസയ്നും(റ) മാത്രമായിരുന്നു ഹദ്റത്ത് ഉഥ്മാൻ ഗനി(റ)യുടെ സംരക്ഷണത്തിനായി ഖസ്വ്റെ ഖിലാഫത്തിന്റെ(ഖലീഫയുടെ ഓഫീസ് സംബന്ധമായ താമസസ്ഥലം)കവാടത്തിൽ നഗ്നമായ വാളുകളുമായി കാവൽ നിന്നത്.

ഹിജ്റ 51 ൽ ഹദ്റത്ത് അമീർ മുആവിയ തനിക്കുശേഷം രാജ്യഭരണത്തിന്റെ ചില വ്യവസ്ഥിതികൾക്കായി തന്റെ മകൻ യസീദിനെ 'വൊലി അഹ്ദ്' (അനന്തരാവകാശി) ആയി നിയമിച്ചു. ഭാവിയിലെ ഖിലാഫത്തിനും ഇമാറത്തിനും വേണ്ടി ഇപ്പോൾത്തന്നെ യസീദിന് ബയ്അത്ത് ചെയ്യുവാൻ ജനങ്ങളോട് പറഞ്ഞു. ഖലീഫമാരെ തിരഞ്ഞെടുക്കുന്ന രീതിക്ക് വിരുദ്ധമാണ് അതെന്ന് കണ്ട് ഹദ്റത്ത് ഹുസയ്ൻ(റ) ബയ്അത്ത് ചെയ്യാൻ കൂട്ടാക്കിയില്ല. യസീദിന് ബയ്അത്ത് ചെയ്യാൻ കൂട്ടാക്കാതിരുന്ന കൂഫക്കാർ ഈ വിവരമറിഞ്ഞപ്പോൾ ഇരുപതിനായിരത്തോളം കത്തുകൾ ഹദ്റത്ത് ഹുസയ്ൻ(റ)നെഴുതി. തങ്ങളുടെ നഗരത്തിൽ വരാനും, താങ്കളെ അനുസരിക്കാനും പിൻപറ്റാനും തങ്ങൾ തയ്യാറാണെന്നുമാണ് അവർ അതിലെഴുതിയിരുന്നത്. അങ്ങനെ മുസ്ലിം ബിൻ അഖീലിനെ ഹദ്റത്ത് ഹുസയ്ൻ(റ)കൂഫയിലേക്ക് അയച്ചു. ജനങ്ങൾ കൂട്ടം കൂട്ടമായി ബയ്അത്തിനും കൂടിക്കാഴ്ചയ്ക്കുംവേണ്ടി വന്നു തുടങ്ങിയെന്ന് ഹദ്റത്ത് ഹുസയ്ൻ(റ)ന് അഖീൽ എഴുതി. താങ്കൾ താമസിയാതെ വരണമെന്നും അറിയിച്ചു. അങ്ങനെ ഹിജ്റ 60 ദുൽഹജ്ജ് 8ന് ഹദ്റത്ത് ഹുസയ്ൻ(റ) കുടുംബത്തോടൊപ്പം മക്കയിൽ നിന്ന് കൂഫയിലേക്ക് പുറപ്പെട്ടു. ഈ എല്ലാ വിവരങ്ങളും യസീദിന് കിട്ടിയപ്പോൾ അയാൾക്കത് ഭീഷണിയായി. അധികാരം തന്റെ കൈയിൽനിന്ന് പൊയ്പോകുമെന്ന് അയാൾ കരുതി. അയാൾ ഉബയ്ദുല്ലാഹ് ബിൻ സിയാദിനെ കൂഫയുടെ ഭരണാധികാരിയായി നിശ്ചയിച്ചു. ഹദ്റത്ത് മുസ്ലിം ബിൻ അഖീലിനെ അദ്ദേഹത്തിന്റെ സഹായികളോടൊപ്പം ഉബയ്ദുല്ലാഹ് ബിൻ സിയാദ് വധിച്ചു കളഞ്ഞു.

ഥഅ്ലബിയ എന്ന സ്ഥലത്തുവച്ചാണ് ഈ ദാരുണമായ സംഭവത്തെ കുറിച്ച് ഹദ്റത്ത് ഹുസയ്ൻ(റ)ന്റെ യാത്രാ സംഘം അറിയുന്നത്. ദുഃഖാർത്തരായ ഈ യാത്രാസംഘം ദീഹശ്മ് എന്ന സ്ഥലത്തെത്തിയപ്പോൾ ഹുർബിൻയസീദിന്റെ സൈന്യം അവരെ വളഞ്ഞു. അവർ പറഞ്ഞു, 'നിങ്ങളെ അറസ്റ്റ് ചെയ്ത് ഇബ്നു സിയാദിന്റെ അടുക്കൽ എത്തിക്കാൻ ഞങ്ങൾക്ക് കൽപന കിട്ടിയിരിക്കുന്നു.' ഹദ്റത്ത് ഹുസയ്ൻ(റ) നിഷേധിച്ചിട്ടും ഹുർ ഉപരോധം തുടർന്നു. യാത്രാസംഘത്തെ ഹുർ കർബാലയുടെ മണ്ണിൽ തടയുകയും ചെയ്തു. ഇത് 61 ഹിജ്രി മുഹറം രണ്ടിനായിരുന്നു. മുഹർറം മൂന്നിന് അംറുബ്നു സഅ്ദ് 4000 പേരടങ്ങുന്ന സൈന്യവുമായി കർബലയിലെത്തി. അംറ് വന്നുടനെ ഇബ്നു സിയാദിനെഴുതി: "അല്ലാഹു യുദ്ധത്തിന്റെ തീരുമാനങ്ങളെ തണുപ്പിച്ചിരിക്കുന്നു.' പക്ഷേ, ഖേദകരമെന്ന് പറയട്ടെ, ഇബ്നു സിയാദ് ഏറ്റവുമാദ്യം ബയ്അത്ത് ചെയ്യാൻ അവരോടു ആവശ്യപ്പെട്ടു. കൂഫക്കാർക്ക് വെള്ളം നിഷേധിക്കാൻ മുഹർറം 7ന് സന്ദേശമയച്ചു. അങ്ങനെ ഫറാത്ത് നദിയിലെ വെള്ളം അവർക്ക് തടഞ്ഞു. എന്നാൽ, ഈ അക്രമവും ബലാൽക്കാരവുംകൊണ്ട് ഹദ്റത്ത് ഹുസയ്നെ കീഴടക്കാൻ കഴിഞ്ഞില്ല. ഖിലാഫത്തിനെ തിരഞ്ഞെടുക്കാനുള്ള അവകാശം രാജ്യവാസികൾക്കാണെന്നും ഒരു മകനും, പിതാവിന് അനന്തരാവകാശമായി ഇത് നൽകാനാവില്ലെന്നുമുള്ള മുൻനിലപാടിൽ ഹദ്റത്ത് ഹുസയ്ൻ(റ) ഉറച്ചുനിന്നു. മുഹർറം 10ന് യസീദിന്റെ പട്ടാളം 70 ൽ കുറച്ച് അധികം വരുന്ന നിരായുധരായ ആളുകളുമായി ഏറ്റുമുട്ടി. ഹുസയ്ന്റെ യാത്രാസംഘത്തിലെ കുതിരപ്പടയാളികൾ ധീരതയോടുകൂടി ധൈര്യം കാണിച്ചുകൊണ്ട് കർബാലയിലെ മണ്ണിനെ തങ്ങളുടെ രക്തംകൊണ്ട് വർണ്ണം ചാർത്തിക്കൊണ്ടിരുന്നു. ഹുസയ്ന്റെ സഹോദരനും സഹോദരപുത്രനും യുവാവായ കരളിന്റെ കഷണവും ഒന്നിനു പിറകെ ഒന്നായി ബലിദാനം ചെയ്തുകൊണ്ടുപോയി.

അസ്റിന്റെ സമയമായപ്പോൾ അക്രമികൾ നാലു ഭാഗത്തുനിന്നും വളഞ്ഞു. അവരിൽ ഒരാൾ ഹുസയ്ന്റെ നെറ്റിത്തടത്തിലേക്ക് അമ്പെയ്തു. ഹദ്റത്ത് ഹുസയ്ന്റെ മുഖത്ത് മുറിവേറ്റു. രണ്ടാമത്തെയാൾ വാളുകൊണ്ട് വെട്ടി. അങ്ങനെ കൈക്കും തോളിനും പരിക്കേറ്റു. പിന്നീട് തുടരെത്തുടരെ അക്രമമുണ്ടായി. അവിടന്ന് മുറിവുകൾകൊണ്ട് പൊറുതിമുട്ടി കർബല മൈതാനത്ത് വീണപ്പോൾ ദുഷ്ടനായ ഒരുത്തൻ മുന്നോട്ട് വന്ന് പരിശുദ്ധമായ ശരീരത്തിൽനിന്ന് തല വേർപ്പെടുത്തി.

ഈ ത്യാഗങ്ങളുടെ പരമ്പര അറേബ്യയിലെ മണലാരണ്യത്തിൽനിന്നും കർബലയിലെ മുള്ളുനിറഞ്ഞ വനത്തിൽനിന്നും കാലത്തിനും സ്ഥലത്തിനുമനുസരിച്ച് അവസാന കാലത്ത് വന്നവരിലൂടെ കാബൂളിന്റെ മണ്ണിൽ വന്നെത്തി. 1901 ജൂൺ 20ന് പരമകാരുണികനായ അല്ലാഹുവിന്റെ ദാസൻ അബ്ദുർറഹ്മാൻ കാബൂളി ദൈവവഴിയിൽ ജീവൻ നൽകി അവസാന വന്ന കൂട്ടരിൽ ഒന്നാമത്തെ ശഹീദ് എന്ന ബഹുമതി കരസ്ഥമാക്കി.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദത്തോടൊപ്പംതന്നെ ഖാദിയാൻ എന്ന പരിശുദ്ധ നാട്ടിൽ നിന്നുയർന്ന ശബ്ദം എല്ലായിടത്തും വ്യാപിച്ചുക്കൊണ്ടുവരികയായിരുന്നു. ആയിടയിൽ അഫ്ഗാനിസ്താനിലെ അങ്ങേയറ്റം സാത്വികനായ ഹദ്റത്ത് ശഹ്സാദ അബ്ദുല്ലത്തീഫ് സാഹിബിന്, ഹദ്റത്ത് അഹ്മദ്(അ)ന്റെ വാദത്തെ കുറിച്ചുള്ള വിവരം ലഭിച്ചു. ആ വിവരം ശഹ്സാദ സാഹിബ് തന്റെ ശിഷ്യന്മാരോട് പറഞ്ഞു. അവിടത്തെ ആത്മാർഥ ശിഷ്യനായ മൗലവി അബ്ദുർറഹ്മാൻ സാഹിബ് പറഞ്ഞു, 'ഞാൻ ഖാദിയാനിൽ പോയി പൂർണ്ണമായ വിവരം അന്വേഷിച്ച് വരാം.' ഹദ്റത്ത് അബ്ദുർറഹ്മാൻ സാഹിബ് സുന്ദരനും ഇടത്തരം പൊക്കമുള്ള ആളും മെല്ലിച്ച ശരീരപ്രകൃതിയുമുള്ള വ്യക്തിയും വിദ്യാസമ്പന്നനായ യുവാവുമായിരുന്നു. അദ്ദേഹം മംഗൾ ജനതയിലെ അഹ്മദ്സഇ ഗോത്രവുമായി ബന്ധപ്പെട്ടയാളുമായിരുന്നു. ഈ യുവാവ് 1895ലെ ആദ്യമാസങ്ങളിൽ ഖാദിയാനിലെത്തി. അതിനുശേഷം മാസങ്ങളോളം മൗലവി സാഹിബ് ഖാദിയാനിൽ താമസിച്ചു. തിരിച്ച് ഖോസ്തിലേക്ക് പോയി. ഹദ്റത്ത് അബ്ദുല്ലത്തീഫ് സാഹിബിനോട് വിവരങ്ങളെല്ലാം പറഞ്ഞു. അതിനുശേഷം ഖാദിയാനിൽ വന്നും പോയുമിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തിന്റെ നാമം 313 സ്വഹാബാക്കളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ആയിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു ലഘുകൃതി രചിച്ചു. അതിൽ വാളെടുത്തുള്ള ജിഹാദ് നിഷിദ്ധമാണെന്നെഴുതി. ഹദ്റത്ത് മൗലവി സാഹിബ് കാബൂളിലും ഖോസ്തിലും ഇസ്ലാമിക അധ്യാപനമനുസരിച്ച് ഇക്കാലത്ത് വാളെടുത്തുള്ള ജിഹാദ് ഹറാമാണെന്ന് പറയാൻ തുടങ്ങി. മെല്ലെ മെല്ലെ ഈ വാർത്ത അഫ്ഗാനിസ്താൻ അമീർ അബ്ദുർറഹ്മാനുമെത്തി. ചില ദ്രോഹികൾ അദ്ദേഹത്തോട് പറഞ്ഞു, 'ഇയാൾ മസീഹ് മൗഊദ് എന്ന് വാദിക്കുന്ന ഒരാളുടെ ശിഷ്യനാണ്. കൊല്ലും കൊലയും ജിഹാദല്ലെന്ന അധ്യാപനമാണ് അയാളുടേത്.' നിർഭാഗ്യനായ അമീർ ഈ അധ്യാപനം തന്റെ നിലവിലുള്ള വീക്ഷണത്തിന് എതിരാണെന്ന് കണ്ട് കോപാന്ധനായി. അയാളുടെ കൽപനയാൽ മൗലവി അബ്ദുർറഹ്മാൻ സാഹിബ് അറസ്റ്റു ചെയ്യപ്പെട്ടു. ഇരുമ്പഴിക്കുള്ളിലെ പീഢനങ്ങളൊന്നും ഇദ്ദേഹത്തിന്റെ ഉറച്ച വാദത്തെ ഇളക്കാൻ കഴിയുന്നില്ലെന്ന് കണ്ടപ്പോൾ 1901 ജൂൺ 20ന് കാബൂളിലെ ഇരുമ്പഴിക്കുള്ളിൽ അദ്ദേഹത്തെ കഴുത്ത് ഞെരിച്ച് ശഹീദാക്കി. ഇപ്രകാരം അഹ്മദിയ്യാ ജമാഅത്തിലെ ഒന്നാമത്തെ ശഹീദും, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇൽഹാം ശാത്താനി തുദ്ബഹാനി എന്നതിന്റെ ഒന്നാമത്തെ പ്രതീകവുമായി കാബൂളിലെ മണ്ണിൽ തന്റെ ചോരകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിന് നിറം പകർന്നു മൗലവി അബ്ദുർറഹ്മാൻ സാഹിബ്.

അദ്ദേഹത്തിന്റെ പ്രസംഗത്തിനുശേഷം പഞ്ചാബ് ക്യാബിനറ്റ് മിനിസ്റ്റർ ജനാബ് തൃപത്ത് രാജേന്ദ്രർ സിംഗ് ബാജ്വ ഹ്രസ്വ ഭാഷണം നടത്തി. അദ്ദേഹം പറഞ്ഞു: 'ഞാൻ ആദ്യം ജൽസയിൽ പങ്കെടുത്ത എല്ലാവർക്കും മംഗളാശംസകൾ നേരുകയാണ്. പഞ്ചാബ് സർക്കാർ എപ്പോഴും ജമാഅത്തിനെ സഹായിക്കുമെന്ന് ഉറപ്പ് തരുന്നു. ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബിന്റെ അനുയായി

## ഇർശാദെ നബ്വി(സ):-

"നീ അല്ലാഹുവിനെ മാത്രം ആരാധിക്കുക. അവനോടു മറ്റൊന്നിനേയും പങ്കുചേർക്കരുത്. നീ നമസ്കരിക്കുകയും സക്കാത്തു കൊടുക്കുകയും കുടുംബബന്ധം ചേർക്കുകയും ചെയ്യുക.'

(ബുഖാരി, മുസ്ലിം)

### ത്വാലിബെ ദുആ:

കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)

## ഇർശാദെ നബ്വി(സ):-

അല്ലാഹുവിനോടു പങ്കു ചേർക്കലും മാതാപിതാക്കളെ അനുസരിക്കാതിരിക്കലും കളവുപറയലും കള്ളസാക്ഷ്യം വഹിക്കലുമാണ് വൻപാപങ്ങൾ."

(ബുഖാരി, മുസ്ലിം)

### ത്വാലിബെ ദുആ:

അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)

കൾ വർധിക്കേണ്ടത് ലോകത്തിന്റെ ആവശ്യമാണ്. എങ്കിലേ ലോകത്ത് കൊല്ലും കൊലയും അവസാനിക്കുകയുള്ളൂ. ശാന്തിയോടും സമാധാനത്തോടും കൂടി ജനങ്ങൾക്ക് ജീവിക്കാൻ കഴിയുകയുള്ളൂ. എത്രയും പെട്ടെന്ന് ലോകത്ത് പ്രീതിയുടേയും സ്നേഹത്തിന്റേയും അന്തരീക്ഷം സ്ഥാപിതമാകാൻ ലോകം മുഴുവൻ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് വ്യാപിക്കുന്നതിന് അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. അവസാനം അദ്ദേഹം പറഞ്ഞു, 'ഞാൻ ആത്മാർഥതയോടെ ഹുദൂറിനെ ഖാദിയാനിലേക്ക് ക്ഷണിക്കുകയാണ്.'

ഇതിനു ശേഷം ക്രൊയേഷ്യയിൽ നിന്നുവന്ന ഒരു അഹ്മദി സിയാഗ് ബിയോവിച്ച് സാഹിബ് തന്റെ അഭിപ്രായം ഇങ്ങനെ പ്രകടിപ്പിച്ചു: ഇതിന്റെ ഉർദു തർജമ നാളിർ ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയ്യ വ അഫ്സർ ജൽസഗാഹ് മുസഫ്ഫർ അഹ്മദ് നാസിർ സാഹിബ് വായിച്ചുകേൾപ്പിച്ചു. അദ്ദേഹം പറഞ്ഞു, നമ്മുടെ ഈ ആദരണീയനായ അതിഥി ക്രൊയേഷ്യയിൽ നിന്ന് വന്നതാണ്. അഹ്മദി സിയാഗ് ബിയോവിച്ച് സാഹിബ് പറഞ്ഞു: 'ഞാനും എന്റെ ഭാര്യയുമുൾപ്പെടെ നാലുപേരടങ്ങുന്ന ക്രൊയേഷ്യൻ സംഘമാണ് ഖാദിയാൻ ജൽസ സാലാനയിൽ പങ്കെടുക്കാൻ വന്നിട്ടുള്ളത്. അന്വേഷണത്തിൽനിന്ന് മനസ്സിലാകുന്നത് ഖാദിയാൻ ജൽസ സാലാനയിൽ ബൽഖാൻ പ്രദേശത്ത് നിന്ന് വന്ന ആദ്യ അഹ്മദി ദമ്പതികളാണ് ഞങ്ങളെന്നാണ്. 2015-ലെ 'അഗ്റബ് ബുക്ഫയറി'ൽ നിന്നാണ് ഞങ്ങൾക്ക് അഹ്മദിയ്യാ ജമാഅത്തുമായി ബന്ധമുണ്ടാകുന്നത്. പിന്നീട് മിഷനുമായി ബന്ധപ്പെട്ടുക്കൊണ്ടിരുന്നു. ജമാഅത്തിനെ കുറിച്ചുള്ള സാഹിത്യങ്ങൾ വായിക്കാനും തുടങ്ങി. 2016-ൽ യു.കെ ജൽസയിലും പങ്കെടുത്തു. ഹുദൂറുമായി കൂടിക്കാഴ്ച നടത്താനുള്ള സൗഭാഗ്യവും കിട്ടി. ക്രൊയേഷ്യൻ അഹ്മദിയ്യാ മിഷനുമയി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരുന്നു. നമസ്കരിക്കാനും, ജുമുഅ നമസ്കരിക്കാനും, പെരുന്നാൾ നമസ്കരിക്കാനും ഞങ്ങൾ ക്രൊയേഷ്യൻ അഹ്മദിയ്യാ ജമാഅത്തിന്റെ മിഷനിൽ തന്നെയാണ് പോകാറുള്ളത്. 2017-ൽ യു.കെ ജൽസയിൽ വീണ്ടും പങ്കെടുത്തു. പക്ഷേ, ആ ജൽസയിൽ ഞങ്ങൾ അഹ്മദി എന്ന നിലയിലാണ് പങ്കെടുത്തത്. ജമാഅത്തിന്റെ സന്ദേശം പ്രചരിപ്പിക്കുന്നതിനോടൊപ്പം ക്രൊയേഷ്യൻ ഹ്യുമാനിറ്റി ഫസ്റ്റിന്റെ കീഴിൽ മാനവസേവനത്തിനുള്ള ഒരുപാട് പ്രൊജക്ടുകൾ ഈ വിനീതന്റെ മേൽനോട്ടത്തിലാക്കപ്പെട്ടു. അല്ലാഹുവിന്റെ കൃപയൊന്ന് കൊണ്ടുമാത്രം ക്രൊയേഷ്യയിൽ അഹ്മദിയ്യാ ജമാഅത്തിന് നല്ല പേരാണുള്ളത്. അഹ്മദിയായതിനുശേഷം എനിക്കും എന്റെ ഭാര്യക്കും ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പരിശുദ്ധമായ നാട് കാണണമെന്ന അതിയായ ആഗ്രഹമുണ്ടായി. ഈ വർഷം ഖാദിയാൻ ജൽസാ സാലാനയിൽ പങ്കെടുത്തതോടെ അല്ലാഹു ഞങ്ങളുടെ ഈ ആഗ്രഹവും പൂർത്തിയാക്കിത്തന്നു. അൽഹംദുലില്ലാഹ്. ദില്ലിയിലും ഖാദിയാനിലും താമസിക്കുന്നതിന്നിടയിൽ ഞങ്ങളോട് ഏത് രീതിയിലുള്ള ആത്മാർഥതയോടും സ്നേഹത്തോടും കൂടിയാണോ സഹോദരങ്ങൾ പെരുമാറിയത്, അതിന് ഞങ്ങൾ എല്ലാവരോടും നന്ദി പറയുകയാണ്. നിങ്ങൾ ഈ പരിശുദ്ധ നാട്ടിൽ താമസിക്കുന്നു. വളരെ ഭാഗ്യവാന്മാരാണ് നിങ്ങൾ. അല്ലാഹു നിങ്ങളെ എപ്പോഴും സന്തോഷഭരിതരായി വെക്കുമാറാകട്ടെ. ഖാദിയാനിന്റെ പേരും അതിന്റെ ആദരവും ലോകത്ത് ഉയർന്നുക്കൊണ്ടുപോകുമാറാകട്ടെ. ആമീൻ"

**രണ്ടാം ദിവസം; രണ്ടാമത്തെ യോഗം:**

രണ്ടാം ദിവസത്തെ രണ്ടാം സെഷന്റെ പരിപാടി മുഹമ്മദ് ശരീഫ് ഔദ സാഹിബ്, അമീർ അഹ്മദിയ്യാ ജമാഅത്ത് ഫലസ്തീന്റെ അധ്യക്ഷതയിൽ ആരംഭിച്ചു. ഈ യോഗം പാരമ്പര്യമനുസരിച്ച് സർവ്വമത സമ്മേളനം എന്ന പേരിലാണ് സംഘടിപ്പിക്കാറുള്ളത്. ഇതിൽ പ്രത്യേകമായും ഭാരതത്തിലെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ള രാഷ്ട്രീയ, സാമാജിക, മതനേതാക്കന്മാർ പങ്കെടുക്കുന്നു. അവർ തങ്ങളുടെ ചിന്താഗതികൾ പ്രകടിപ്പിക്കുന്നു. ഖുർആൻ പാരായണത്തോടെ പരിപാടികൾക്ക് തുടക്കം കുറിച്ചു. പാകിസ്താനിലെ റബ്‌വ ജാമിഅ അഹ്മദയ്യായിലെ വിദ്യാർഥി ഹാഫിള് അബ്ദുസ്സലാം സാഹിബ് സൂറാ ബഖറയിലെ 285 മുതൽ 287 വരെയുള്ള ആയത്തുകൾ പാരായണം ചെയ്തു. എഡിറ്റർ ബദർ വീക്ക്ലി ഹിന്ദി ശേഖ് മുജാഹിദ് അഹ്മദ് ശാസ്ത്രി സാഹിബ്, ഹിന്ദി ഭാഷയിൽ അതിന്റെ തർജമ കേൾപ്പിച്ചു. അതിന് ശേഷം ഖാദിയാനിലെ മുബല്ലിഗ് രിള്‌വാൻ അഹ്മദ് സഫ്ർ സാഹിബും സംഘവും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെ പദ്യം

*അപ്നെ ദേശ്മേം, അപ്നി ബസ്തി മേം*
*ഇക് അപ്ന ഭി തൊ ഘർ ഥാ*

സംഘഗാനത്തിന്റെ രൂപത്തിൽ അവതരിപ്പിച്ചു. യോഗാധ്യക്ഷൻ, സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്) 2017 ഡിസംബർ 24ന് ചെയ്ത ജുമുഅ ഖുത്ബയിൽ ചൊല്ലിയ, ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ അറബി ദുആ സദസ്സിനെ വായിച്ചു കേൾപ്പക്കുകയും സദസ്സ് അത് ഏറ്റുപറയുകയും ചെയ്തു.

ഈ സെഷനിൽ ഒരു പ്രസംഗമാണുണ്ടായിരുന്നത്. നായിബ് നാളിർ ദാഅ്‌വത്തെ ഇലല്ലാഹ് മർക്കസിയ്യ മൗലവി ഗ്യാനി തൻവീർ അഹ്മദ് ഖാദിം സാഹിബ് വാഗ്ദത്ത ലോകോദ്ധാരകൻ എന്ന ശീർഷകത്തിൽ പഞ്ചാബി ഭാഷയിൽ പ്രസംഗിച്ചു. അദ്ദേഹം തൗബ എന്ന അധ്യായത്തിലെ 33-ാമത്തെ വചനം പാരായണം ചെയ്തു. അതിന്റെ തർജമയും കേൾപ്പിച്ചു. തുടർന്ന് ഭഗവത്ഗീത അധ്യായം 4-ലെ 7,8 ശ്ലോകങ്ങൾ ചൊല്ലി. അദ്ദേഹം പറഞ്ഞു, ഈ കാലഘട്ടത്തിൽ എല്ലായിടത്തും നിർമതവാദവും നിരീശ്വരത്തവുമാണ്. ജനങ്ങൾ തിന്മകളിലും ദുഷ്കർമങ്ങളിലും അതിരു കടന്നു കഴിഞ്ഞിരിക്കുന്നു. പാപവും ലജ്ജാകരമായ പണികളും എല്ലായിടത്തും വ്യാപിച്ചിരിക്കുന്നു. മതപരമായ അധ്യാപനങ്ങൾക്ക് ഒരു വിലയും ഇല്ലാതായിരിക്കുന്നു. അദ്ദേഹം പറഞ്ഞു; സിക്കുകാരുടെ മതഗ്രന്ഥമായ ഗുരുഗ്രന്ഥ് സഹിബിലും ഈ തിന്മകളെ കുറിച്ച് പറഞ്ഞിട്ടുണ്ട്. ഇപ്രകാരം ഹിന്ദു മതത്തിലെ പുരാണങ്ങളിലും കലിയുഗത്തിന്റെ ഈ അടയാളങ്ങൾ വിവരിച്ചിരിക്കുന്നു. അവയുടെ സംക്ഷിപ്തം മഹാഭാരതത്തിലെഴുതിയിരിക്കുന്നു. യഹൂദ മതത്തിലും ക്രൈസ്തവമതത്തിലും ഈ അവസാന കാലത്തെ അവസ്ഥകൾ വിവരിച്ചിട്ടുണ്ട്. പറഞ്ഞു, എല്ലാ മതങ്ങളും ഈ കലിയുഗത്തിന്റെ അവസ്ഥകളെ കുറിച്ച് വിശദമായ നിലയിൽ തങ്ങളുടെ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. അവിടങ്ങളിലെല്ലാം ഈ പാപങ്ങളേയും കലഹങ്ങളേയും അകറ്റുന്നതിനായി ഒരു അവതാരമുണ്ടാകുമെന്നും പറഞ്ഞിട്ടുണ്ട്. അദ്ദേഹം വാഗ്ദത്ത പരിഷ്കർത്താവ് എന്ന നിലയിൽ അറിയപ്പെടുന്നതാണ്. ഇസ്‌ലാം മതത്തിലും ഈ അവസാനകാലത്ത് ഇമാം മഹ്ദിയും മസീഹും വരുമെന്നുള്ള സന്തോഷവാർത്ത അറിയിക്കപ്പെട്ടിരിക്കുന്നു.

ഞാൻ പറയാനാഗ്രഹിക്കുന്നത്, ബനീ ഇസ്രായേലിലെ പ്രവാചകന്മാരും, യേശു മിശിഹയും, ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)തിരുമേനിയും സുവാർത്ത അറിയിച്ച ആ അവസാനകാലത്തെ നബി വന്നു കഴിഞ്ഞിരിക്കുന്നു. അത് മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)യാണ്. 1835 ഫെബ്രവരി 13ന് അദ്ദേഹം ഖാദിയാനിൽ ജനിച്ചു.

അദ്ദേഹം രചിച്ച ഒരു പദ്യത്തിൽ പറയുന്നു:

*മെ വൊ പാനീ ഹൂം കെഃ ആയ*
*ആസ്മാൻ സെ വഖ്ത് പർ*
*മെ വൊ ഹൂം നൂറെ ഖുദാ*
*ജിസ് സെ ഹുവാ ദിൽ ആശിക്കാർ*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഞാൻ അവനിൽനിന്നുള്ള മസീഹ് മൗഊദും മഹദിയെ മഅ്ഹൂദും ആന്തരികവും ബാഹ്യവുമായ അഭിപ്രായ ഭിന്നതകൾക്ക് നീതിമാനായ വിധികർത്താവുമായി അയക്കപ്പെട്ടിരിക്കുന്നുവെന്ന് അല്ലാഹുവിന്റെ സംശുദ്ധവും പവിത്രവുമായ വെളിപാട് മുഖേന എനിക്ക് അറിവ് നൽകപ്പെട്ടിരിക്കുന്നു." അദ്ദേഹത്തിന്നെതിരിൽ വലിയ വലിയ ഉലമാക്കൾ എഴുന്നേറ്റു നിന്നു. എല്ലാവരും പരാജയപ്പെട്ടു. ഗ്യാനി സാഹിബ് പറഞ്ഞു, അദ്ദേഹം 1889ൽ ലുധിയാനയിൽ ജമാഅത്തിന് അടിസ്ഥാനശില പാകി. ആ നേരത്ത് ആത്മാർഥരായ 40 ആളുകൾ അദ്ദേഹത്തിന്റെ കൈയിൽ ബയ്അത്ത് ചെയ്തു. ഇന്ന് ജമാഅത്ത് അംഗങ്ങളുടെ സംഖ്യ കോടികളിലെത്തിയിരിക്കുന്നു. ജമാഅത്തിന്റെ ചെടി 210 രാഷ്ട്രങ്ങളിൽ വളർന്നുകഴിഞ്ഞിരിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ഇപ്പോഴത്തെ ഇമാം ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് മുഴുലോകത്തും സമാധാനത്തിന്റേയും സാഹോദര്യത്തിന്റേയും ശാന്തിയുടേയും സന്ദേശം പ്രചരിപ്പിച്ചുക്കൊണ്ടിരിക്കുകയാണ്. അദ്ദേഹം തന്റെ പ്രസംഗത്തിന്റെ അവസാനം ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഗാംഭീര്യം നിറഞ്ഞ ചില ഉദ്ധരണികൾ വായിച്ചുകേൾപ്പിച്ചു.

ഈ പ്രസംഗത്തിനുശേഷം താഴെ പറയുന്ന രാഷ്ട്രീയ മത നേതാക്കന്മാർ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു.

1. ജനാബ് ഫത്ഹ് ജംഗ് സിംഗ് ബാജ്‌വ (എം എൽ എ ഖാദിയാൻ): യോഗാധ്യക്ഷനും ശ്രോതാക്കൾക്കും 'സലാം' മിന്റെ ഉപഹാരം സമർപിച്ചുകൊണ്ട് പറഞ്ഞു: 'ഞങ്ങളുടെ കുടുംബത്തിന് കഴിഞ്ഞ 70 വർഷമായി അഹ്മദിയ്യാ ജമാഅത്തുമായി വലിയ സ്നേഹനിർഭരമായ ബന്ധമാണുള്ളത്. ജമാഅത്തംഗങ്ങളുമായും സ്നേഹനിർഭരമായ ബന്ധമുണ്ട്. അഹ്മദിയ്യത്തിന് അടിത്തറ വീണ ഈ ഖാദിയാൻ നഗരത്തിൽ വസിക്കുന്നതിൽ ഞാൻ അഭിമാനം കൊള്ളുന്നു. ഇത് പരിശുദ്ധ സ്ഥലമാണ്.' അദ്ദേഹം അവസാനം എല്ലാ അതിഥികൾക്കും മംഗളം നേർന്നു, അവർക്ക് നന്ദിയും പറഞ്ഞു.

2. സുനീൽ ജാഘഡ് സാഹിബ് (പഞ്ചാബ് കോൺഗ്രസ് പാർട്ടി പ്രസിഡന്റും ഗുരുദാസ്പുർ എം.പിയും): അദ്ദേഹം യോഗാധ്യക്ഷനും ശ്രോതാക്കൾക്കും സലാം പറയുകയും 123-ാമത് ജൽസാ സാലാനയ്ക്ക് മംഗളം നേരുകയും ചെയ്തു. പറയുന്നു: 'ഞാൻ ഇവിടെ ആദ്യമായാണ് വരുന്നത്. ഇത് എന്റെ ഭാഗ്യമാണ്. ഇവിടെ ഇൻസാനിയ്യത്ത് സിന്ദാബാദ് (മാനവികത നീണാൾ വാഴട്ടെ) എന്ന മുദ്രാവാക്യം വിളിച്ചതുകേട്ടു. അത് അതിന്റേതായ നിലയിൽ ഒരു ഉദാഹരണമാണ്. ഞാനെന്റെ ജീവിതത്തിൽ ഒരിക്കലും ഇൻസാനിയ്യത്ത് സിന്ദാബാദ് എന്ന മുദ്രാവാക്യം വിളിക്കുന്നത് ആരിൽ നിന്നും കേട്ടിട്ടില്ല. യഥാർഥത്തിൽ ഇക്കാര്യം അതുല്യമാണ്. ഈ സമാധാനത്തിന്റെ ജമാഅത്തിനുമേൽ ഒരിക്കലും സൂര്യൻ അസ്തമിക്കുകയില്ല. അഹ്മദിയ്യാ ജമാഅത്ത് ചെയ്യുന്ന അത്യധ്വാനപരമായ പ്രവർത്തനം പ്രശംസനീയമാണ്. വിദ്വേഷത്തിന്റെ ആഞ്ഞുവീശുന്ന പൊടിക്കാറ്റിനെ തടയാൻ മഹത്തായ പ്രവർത്തനമാണ് ജമാഅത്ത് കാഴ്ച

**ഇർശാദെ നബ്‌വി(സ):-**

**"കുടുംബബന്ധം വിച്ഛേദിക്കുന്നവൻ**
**സ്വർഗത്തിൽ പ്രവേശിക്കുകയില്ല."**
**(ബുഖാരി, മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

**ഇർശാദെ നബ്‌വി(സ):-**

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും**
**ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക."**
**(സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**
**അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

EDITOR
H.Shamsuddin
Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ · The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-3 Thursday 15 February 2018 Issue-7

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

**ANNUAL SUBSCRIPTION** : Rs. 300/- (Per Issue : Rs. 6/-) (**WEIGHT** - 20-50 gms/issue)

വെക്കുന്നത്. അതു സ്തുത്യർഹമാണ്.' ആദരണീയരായ അതിഥികൾക്ക് അവസാനം അദ്ദേഹം നന്ദി പറഞ്ഞു.

3. ജനാബ് സേവാസിംഗ് സേഘ്‌വാൻ സാഹിബ് (മുൻ എം.എൽ.എ ഖാദിയാൻ): അദ്ദേഹം യോഗാധ്യക്ഷനും ശ്രോതാക്കൾക്കും അസ്സലാമു അലൈക്കും പറഞ്ഞു. പറയുന്നു: 'ജമാഅത്ത് ഇസ്ലാമിന്റെ സമാധാനപരമായ അധ്യാപനം പ്രചരിപ്പിക്കുന്നു. സിക്കുമതത്തിനും ഇസ്‌ലാമുമായി അഗാധബന്ധമുണ്ട്. സിക്കുമതത്തിനുമേൽ ബുദ്ധിമുട്ടുകളുണ്ടായപ്പോഴെല്ലാം മുസ്‌ലിംകൾ സിക്കുഗുരുവര്യന്മാരുടെ കൂടെ നിന്നു. സിക്കുമതത്തിൽ അതിനു നിരവധി ഉദാഹരണങ്ങളുണ്ട്. ഗുരുഗോബിന്ദ് സിംഗ് ജീയെ പല പ്രാവശ്യം മുസ്‌ലിംകൾ സഹായിച്ചിട്ടുണ്ട്. ഈ രണ്ടു മതങ്ങളും തമ്മിൽ പരസ്പരം വളരെയധികം സ്നേഹത്തിലാണ്. സിക്കുകാരുടെ പരിശുദ്ധമായ സ്ഥലമാണ് ഹർമന്ദർ സാഹിബ്. പരസ്പരമുള്ള സാഹോദര്യത്തിനും മനുഷ്യത്വത്തിനും വർധന ലഭിക്കുന്നതിനു വേണ്ടി അതിന്റെ അടിത്തറ ഇട്ടത് ഒരു മുസൽമാനായിരുന്നു. ജമാഅത്ത് ലോകം മുഴുവൻ നല്കികൊണ്ടിരിക്കുന്ന സമാധാനത്തിന്റേയും ശാന്തിയുടേയും പ്രീതിയുടേയും സന്ദേശം പ്രശംസാർഹമാണ്. ഈ ജൽസയെ എത്ര പുകഴ്ത്തിയാലും അതു കുറവായിരിക്കും. ജമാഅത്ത് ഇന്ന് എല്ലാ മതങ്ങളേയും ഒരു ഫ്ളാറ്റ് ഫോമിൽ കൊണ്ടുനിറുത്തിയിരിക്കുന്നു. അവസാനം ആദരണീയരായ അതിഥികൾക്കെല്ലാം നന്ദി പറഞ്ഞുകൊള്ളുന്നു."

4. ജനാബ് തേക്ഷൻ സോദ് സാഹിബ്(സീനിയർ ലീഡർ ബി.ജെ.പി): ആദരണീയ അതിഥികൾക്കും ശ്രോതാക്കൾക്കും അസ്സലാമു അലൈക്കും. പറഞ്ഞു: "ഞാൻ മുമ്പേയും ജൽസയിൽ പങ്കെടുത്തിട്ടുണ്ട്. ഖാദിയാൻ ഒരു പരിശുദ്ധസ്ഥലമാണ്. ഇവിടെ എല്ലാവരും പ്രീതിയേയും സ്നേഹത്തേയും സാഹോദര്യത്തേയും കുറിച്ചാണ് സംസാരിക്കുന്നത്. ഇന്നത്തെ കാലഘട്ടത്തിൽ എല്ലാ മതങ്ങളും ഒരു കൂട്ടർ മറ്റുകൂട്ടരെ കവച്ചുവെക്കാനാണ് ആഗ്രഹിക്കുന്നത്. പക്ഷേ, മനുഷ്യത്വത്തെ മുന്നോട്ടുകൊണ്ടുവരാൻ ആരും ആഗ്രഹിക്കുന്നില്ല. മനുഷ്യത്വം എന്ന മതം സ്നേഹിക്കാൻ കല്പിക്കുന്നു. എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് എന്നത് മനുഷ്യത്വത്തിന്റെ മുദ്രാവാക്യമാണ്. അഹ്മദിയ്യാ ജമാഅത്തിലെ ആളുകൾ വിവിധ രാജ്യങ്ങളിൽ ഞാനുമായി കാണാറുണ്ട്. എല്ലായിടത്തും പ്രീതിയുടേയും സ്നേഹത്തിന്റേയും സന്ദേശം നല്കുന്നു. ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിനുവേണ്ടി അഹ്മദിയ്യാ ജമാഅത്ത് വലിയ പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ എല്ലാ ആളുകളും സംഘടിച്ചിരിക്കുന്നു. ഇതിനു മറ്റൊരു ഉദാഹരണമില്ല. ഇന്നത്തെ ഈ ദിവസം വളരെ പ്രധാനപ്പെട്ടതാണ്. ഈ സന്തോഷാവസരത്തിൽ നിങ്ങൾക്കെല്ലാവർക്കും മംഗളാശംസകൾ നേരുകയാണ്. ജമാഅത്ത് അതിന്റെ സമാധാനത്തിന്റെ പദ്ധതികളിൽ വിജയം വരിക്കുമാറാകട്ടെ. എന്റെ ദുആ ഇതാണ്!

5. ജനാബ് രാജ്കുമാർ വീർക്കാ സാഹിബ് ( മുൻ എം.എൽ.എ അമൃതസർ): "യോഗാധ്യക്ഷനേയും ജൽസയിൽ പങ്കെടുക്കുന്ന എല്ലാവരേയും സ്വാഗതം ചെയ്യുന്നു. അസ്സലാമു അലൈക്കും. ഈ ജൽസയിൽ വിവരിക്കപ്പെടുന്ന മനുഷ്യത്വത്തെ കുറിച്ചുള്ള അധ്യാപനം വലിയ ഉദാഹരണമാണ്. ഈ ശാന്തിനിർഭരമായ അന്തരീക്ഷത്തിൽ പരിശുദ്ധസ്ഥലത്ത് സംഘടിച്ചിരിക്കുന്ന നിങ്ങളെല്ലാവരും വളരെ ഭാഗ്യവാന്മാരാണ്. നിങ്ങൾ നല്കികൊണ്ടിരിക്കുന്ന മനുഷ്യത്വത്തിന്റെ സന്ദേശവും വളരെ വലുതാണ്. മുഴുവൻ ലോകത്തിലേയും ജനങ്ങൾ വന്നുകൊണ്ടിരിക്കുന്ന പഞ്ചാബിലെ മണ്ണ് സ്നേഹത്തിന്റേയും ശാന്തിയുടേയും മണ്ണാണ്. പരസ്പരമുള്ള സാഹോദര്യത്തിന്റെ മണ്ണാണ്, പവിത്രമായ മണ്ണാണ്. ഈ സ്നേഹനിർഭരമായ അന്തരീക്ഷത്തിലേക്ക് എന്നെ ക്ഷണിച്ചതിനു ഞാൻ എല്ലാവർക്കും നന്ദി പറയുന്നു. ഇന്ന് നാലു ഭാഗത്തും മതങ്ങളുടെ കച്ചവടം നടക്കുകയാണ്. എന്നാൽ, യഥാർഥത്തിൽ മനുഷ്യത്വത്തിന്റെ മതമാണ് ആവശ്യമായിട്ടുള്ളത്. മതങ്ങളുടെ എല്ലാ നദികളും പരസ്പരം കൂടിച്ചേർന്നെങ്കിലെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളൂ. ഖാദിയാനിലെ പരിശുദ്ധമണ്ണിൽ മാത്രമേ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളൂ. ഖാദിയാനിലെ പരിശുദ്ധമണ്ണിൽ എല്ലാ മതങ്ങളും ആദരിക്കപ്പെടുന്നു. മനുഷ്യകുലത്തിന്റെ സേവനത്തിനു ഞാൻ നിങ്ങൾക്കെല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു."

6. ജനാബ് സ്വാമി സോഷ്യൽ സാഹിബ് (കൺവീനർ ഇന്റർനാഷണൽ ധർമ് ദില്ലി): "ജൽസയിൽ പങ്കെടുക്കുന്ന എല്ലാവർക്കും ആശംസകൾ നേരുന്നു. എല്ലാവർക്കും സ്നേഹനിർഭരമായ സലാം. നിങ്ങൾ വിളിക്കുന്ന മുദ്രാവാക്യങ്ങൾ ഞങ്ങളെല്ലാവരുടേയും മനസ്സുകളെ സ്പർശിക്കുന്നു. ഈ മാനവികതയുടെ സമ്മേളനം എല്ലാ മതങ്ങളുടേയും ഒന്നിച്ചുള്ള സമ്മേളനമാണ്. എല്ലാവരേയും ഒന്നിച്ചുചേർത്തുകൊണ്ടു നടക്കുന്ന ഒരേയൊരു ജമാഅത്ത് അഹ്മദിയ്യാ ജമാഅത്താണ്. മാനവികതയുടെ യഥാർഥ ചിത്രം മുഴുവൻ ഭാരതത്തിലും അഹ്മദിയ്യാ ജമാഅത്തു മാത്രമാണ് മുന്നിൽ കൊണ്ടുവരുന്നത്. മറ്റുമതങ്ങളുടെ പ്രവാചകന്മാരെകുറിച്ച് അവരെ ആദരിക്കണമെന്ന് പറയുന്ന സന്ദേശം, ഇന്ന് ഏറ്റവും ആവശ്യമുള്ളതാണ്. നിങ്ങളുടെ ജമാഅത്ത് സമാധാനത്തിന്റെ തുറന്ന പുസ്തകമാണ്. നിങ്ങൾ ചെയ്യുന്ന സൽക്കർമങ്ങൾക്ക് ഞാൻ നന്ദി പറയുന്നു. ഈ ജോലി വളരെ പ്രയാസമുള്ളതാണ്. മറ്റുള്ള ആർക്കും ചെയ്യാൻ സാധിക്കുകയില്ല. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ ഈ ചെറിയ പ്രദേശത്ത് ജനിച്ചു. അദ്ദേഹം പ്രീതിയുടേയും സ്നേഹത്തിന്റേയും സന്ദേശം ലോകത്ത് പ്രചരിപ്പിച്ചു. യഥാർഥത്തിൽ ഇസ്‌ലാമിനെ വിശ്വസിക്കുന്ന ആരെങ്കിലുമുണ്ടെങ്കിൽ അതു നിങ്ങൾ മാത്രമാണ്. നിരവധി അനഹ്മദികൾ അഹ്മദിയ്യാ കക്ഷിയുമായി ഇടപഴകുന്നതിൽ നിന്നു എന്നെ തടയാറുണ്ട്. എന്നാൽ, അവരുമായി ഇടപഴകുന്നതിൽ നിന്ന് അഹ്മദികൾ എന്നെ തടയുന്നില്ല. അതുകൊണ്ട് അഹ്മദികളുമായി ഇടപഴകുന്നതിൽനിന്ന് അവർ എന്നെ തടയുന്നത് തെറ്റാണ്. അധർമം വ്യാപിക്കുമ്പോൾ ഏതെങ്കിലും ഒരു അവതാരമുണ്ടാകുന്നു. ഞാൻ നിങ്ങൾക്കെല്ലാവർക്കും നന്ദി പറയുന്നു. നിങ്ങൾക്കെല്ലാവർക്കും മംഗളം നേരുന്നു."

7. ജനാബ് രമേശ് കുമാർ സാഹിബ് (ഹെഡ് ദുർഗ്യാന മന്ദിർ അമൃതസർ): യോഗാധ്യക്ഷനും ജൽസയിൽ സന്നിഹിതരായിട്ടുള്ളവർക്കും സ്നേഹനിർഭരമായ സലാം. ഞങ്ങൾ സനാതനധർമത്തെ വിശ്വസിക്കുന്നവരാണ്. അത് ഓരോ വ്യക്തിക്കും ശാന്തിയുടേയും സാഹോദര്യത്തിന്റേയും പാഠം നല്കുന്നു. ഞങ്ങളുടെ മതത്തിൽ വിദ്വേഷത്തിന് ഒരു ഇടവുമില്ല. ഞാൻ ജൽസയിൽ പങ്കെടുക്കുന്ന എല്ലാവരേയും ഞങ്ങളുടെ ദുർഗ്യാനമന്ദിറിൽ വരാൻ ക്ഷണിക്കുകയാണ്. നിങ്ങളെല്ലാവരും അവിടെ വരികയും ഞങ്ങൾ എങ്ങനെയാണ് മാനവികതയുടെ ക്ഷേമത്തിനും അവരുടെ സേവനത്തിനും പ്രവൃത്തിക്കുന്നതെന്ന് നേരിട്ട് കാണുകയും ചെയ്യുക. ജമാഅത്ത് വേൾഡ്തലത്തിൽ മാനവികതയ്ക്കുവേണ്ടി പ്രവർത്തിക്കുന്നു. ഞങ്ങളിപ്പോൾ ആ തലത്തിലെത്തിയിട്ടില്ല. അല്ലാഹു സൃഷ്ടികളെയെല്ലാം ഒരുപോലെ സൃഷ്ടിച്ചിട്ടുള്ള സ്ഥിതിക്ക് ഭിന്നിപ്പ് ഉണ്ടാക്കാൻ നമ്മൾ ആരാണ്! സ്വന്തം മതാധ്യാപനങ്ങളനുസരിച്ച് തീർച്ചയായും പ്രവൃത്തിക്കേണ്ടതാണ്. മറ്റു മതങ്ങളെ ആദരിക്കുകയും ചെയ്യേണ്ടതാണ്. മാനവികത ഇന്ന് ലോകത്തുനിന്നു അവസാനിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ നിങ്ങൾക്കെല്ലാവർക്കും മംഗളം നേരുന്നു. മതത്തിന്റെ ഉത്തരവാദപ്പെട്ട ആളുകൾ പ്രീതിയുടേയും സ്നേഹത്തിന്റേയും സന്ദേശം നല്കുകയാണെങ്കിൽ ഇൻശാ അല്ലാഹ് മാനവികത വിജയം വരിക്കുന്നതായിരിക്കും. ഞങ്ങൾ ഒരോ ചുവടിലും അഹ്മദിയ്യാ ജമാഅത്തിന്റെ കൂടെയുണ്ട്. നിങ്ങൾക്കെല്ലാവർക്കും നന്ദി."

8. ജനാബ് സുന്നത്ത് ബാബാ ഭായി ജസ്പാൽ സിംഗ് സാഹിബ് : യോഗാധ്യക്ഷനും ജൽസായിൽ പങ്കെടുക്കുന്ന എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു. നിങ്ങളെല്ലാവരെയും ഇവിടെ ഒരുമിച്ചുകണ്ട് വളരെ സന്തോഷം തോന്നി. അല്ലാഹു ഒരു നബിയെ ഈ പഞ്ചാബിന്റെ മണ്ണിൽ സൃഷ്ടിച്ചുവെന്നത് ഞങ്ങൾക്കു അഭിമാനാർഹമായ കാര്യമാണ്. അദ്ദേഹം മുഴുലോകത്തിനും മാനവികതയുടെ സന്ദേശം നല്കി. അദ്ദേഹം എല്ലാ മതങ്ങളേയും ആദരിക്കേണ്ടത് പഠിപ്പിച്ചു. ജമാഅത്ത് സമാധാനസന്ദേശം ലോകത്തു പ്രചരിപ്പിക്കുന്നു. എനിക്കു ഈ ജൽസയിൽ പങ്കെടുക്കാൻ ക്ഷണം കിട്ടിയ ദിവസം മുതൽ അക്ഷമയോടെ ഈ ദിവസം കാത്തിരിക്കുകയായിരുന്നു. ഞാൻ നിങ്ങൾക്കെല്ലാവർക്കും നന്ദി പറയുകയാണ്. സ്വാഗതം ചെയ്യുകയാണ്. ഈ പരിശുദ്ധമണ്ണിൽ നിന്ന് പോകുന്ന സ്നേഹത്തിന്റെ സന്ദേശം വളരെ വലിയ കാര്യമാണ്. ഈ ജമാഅത്തിന്റെ ഭാഗമായ നിങ്ങളെല്ലാവരും ഭാഗ്യവാന്മാരാണ്."

9. ജനാബ് സൻത് ബാബാ സൻതൂഘ് സിംഗ് സാഹിബ് (ഹെഡ് കർസേവാ പഞ്ചാബ്): നിങ്ങളുടെ ജമാഅത്ത് എനിക്കു ഏറെ സ്നേഹം നൽകുന്നു. എന്നെ വളരെ ആദരിക്കുന്നു. നിങ്ങൾക്കെല്ലാവർക്കും സലാമും ഈ ജൽസയ്ക്ക് മംഗളവും നേരുന്നു. വിഭജനത്തിനുമുമ്പേ ഈ പഞ്ചാബ് സംസ്ഥാനത്ത് എല്ലാവരും വളരെ സന്തോഷത്തോടും സ്നേഹത്തോടും കൂടി പരസ്പരം കൂടിക്കലർന്നു താമസിച്ചിരുന്നു. പക്ഷേ, ആ ഉണ്ടായ ദാരുണസംഭവം കാരണത്താൽ നിരപരാധികളായ ധാരാളമാളുകൾക്ക് ജീവൻ ബലിയർപ്പിക്കേണ്ടി വന്നു. നമ്മളെല്ലാവരും മുമ്പേയെന്ന പോലെ ഒറ്റക്കെട്ടായിരിക്കണമെന്നാണ് എന്റെ ഹൃദയങ്ഗമമായ ആഗ്രഹം (തുടരും)




**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin